www.malankaralibrary.com

# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 18 | No. 12
DECEMBER 2021



## തിരുപ്പിറവിയുടെ ഭാവുകങ്ങൾ

www.malankaralibrary.com

JEEVALAYA

25 YEARS ANNIVERSARY

# JEEVALAYA

## INSTITUTE OF PHILOSOPHY & SEMINARY

(Gottigere, Bengaluru – 560083)

## CELEBRATING 25 YEARS OF ITS GLORIOUS EXISTENCE 1996-2021

### OUR FEATURES

- Managed by the Missionary Congregation of the Blessed Sacrament (MCBS), Jeevalaya (Abode of Life) lays emphasis on the interdependence of philosophy and life.
- Jeevalaya Institute of Philosophy (JIP) is affiliated to the Pontifical Urbaniana University, Rome.
- JIP admits students from the Syro Malabar, the Syro Malankara and the Latin rites.
- Jeevalaya Seminary provides congenial atmosphere for religious and priestly formation.
- Hostel facility is provided for religious sisters studying at JIP.
- Jeevalaya is a campus free of the hustle and bustle of the city.

### COURSES OFFERED

**BACHELOR OF PHILOSOPHY (3 YEARS)**
**DIPLOMA IN PHILOSOPHY (2 YEARS)**
**CERTIFICATE IN PHILOSOPHY (1 YEAR)**

***JeevaDarshana***

*is a biannual journal of philosophy and religion, published by Jeevalaya Institute of Philosophy.*

*For Enquiries:*
Director, Jeevalaya

Call: 9141362126, 080 -26636290 Email: mail@jeevalaya.in

www.malankaralibrary.com





## SPECIALITY

*EMERGENCY MEDICINE*
*GENERAL MEDICINE*
*GENERAL SURGERY*
*ORTHOPAEDICS*
*MAXILLOFACIAL SURGERY*
*GYNAECOLOGY & OBSTETRICS*
*PAEDIATRICS*
*PSYCHIATRY*
*OPHTHALMOLOGY*
*DERMATOLOGY*
*ENT*

*DENTISTRY*
*ORTHODONTICS*
*PROSTHODONTICS*
*AYURVEDA*
*ANAESTHESIOLOGY*
*CLINICAL PSYCHOLOGY*
*BRAIN AID*
*DIETETICS*
*MICROBIOLOGY*
*PATHOLOGY*

## SUPER SPECIALITY

*CARDIOLOGY*
*GASTROENTEROLOGY*
*HAND & RECONSTRUCTIVE MICRO SURGERY*
*NEURO MEDICINE*
*NEURO SURGERY*
*NEONATOLOGY*
*UROLOGY*
*NEPHROLOGY*
*PAEDIATRIC ORTHOPAEDICS*
*PULMONOLOGY*
*MEDICAL ONCOLOGY*

WE FOSTER HEALTH

# St. James' Hospital
## Chalakudy

*Serving since 1989*

St.James' Hospital, Old Highway,
Chalakudy, Thrissur, Kerala - 680307

www.stjameshospital.co.in

office@stjameshospital.co.in

+91 - 480 2710 271 , +91- 480 2710 571

stjameshospitalchalakudy

www.malankaralibrary.com

മാനവരക്ഷകന് ജന്മം നല്കിയ മറിയത്തെ
ആഴത്തിലറിയാൻ, ഉൾക്കൊള്ളാൻ
കാരുണികൻ എമ്മാവൂസ് പബ്ലിക്കേഷൻസിന്റെ

# ക്രിസ്മസ് ഉപഹാരം !

# അമല മനോഹരി

## മരിയൻ പ്രബോധനങ്ങളും പ്രഭാഷണങ്ങളും

- പ്രശസ്ത വചനപ്രഘോഷകരും മരിയഭക്തരുമായ വൈദിക-സന്ന്യസ്തർ തയ്യാറാക്കിയിരിക്കുന്ന ദൈവവചനാധിഷ്ഠിതമായ മരിയൻ പ്രഭാഷണങ്ങൾ.
- പരിശുദ്ധ അമ്മയെക്കുറിച്ച് ദൈവശാസ്ത്ര- മരിയൻ വിദഗ്ധരുടെ ഈടുറ്റ ലേഖനങ്ങൾ.
- മരിയമഞ്ജരി (കവിത)




നവവൈദികർക്കും
സമർപ്പിതർക്കും
മതാധ്യാപകർക്കും
നൽകാവുന്ന അമൂല്യ
ക്രിസ്മസ് സമ്മാനം.

**₹ 150/-**

## ഇപ്പോൾ വിപണിയിൽ

കേരളത്തിലെ പ്രമുഖ ബുക്സ്റ്റാളുകളിൽ ലഭ്യമാണ്.

25 കോപ്പികളിൽ കൂടുതൽ ആവശ്യമുള്ളവർക്ക് *100 രൂപ നിരക്കിൽ കാരുണികനിൽ നിന്നും ലഭിക്കുന്നതാണ്.

***For further Details :***

**EMMAUS PUBLICATIONS**
Karunikan MCBS House
Perumanoor P.O, Thevara, Kochi - 682015
Ph: 8281773551, 0484-2663933

www.malankaralibrary.com

# എഡിറ്റോറിയൽ

'പൊള്ളയായ വാഗ്ദാനങ്ങൾ നല്കുകയും അത് പാലിക്കാതിരിക്കുകയും ചെയ്യുന്ന ലോകനേതാക്കളോടു ഞങ്ങൾക്ക് പിണക്കമാണ്.' സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ നടന്ന കാലാവസ്ഥാ ഉച്ചകോടിയിൽ, *എർത് ഷോട്ട്* പുരസ്കാരപട്ടികയിൽ ഇടം പിടിച്ച തമിഴ്നാട്ടുകാരി വിനീഷ ഉമാശങ്കർ എന്ന പതിനാലുകാരിയുടെതായിരുന്നു ഈ പരിഭവം. മനുഷ്യരാശിക്ക് ഇതുവരെ കണ്ടെത്താനാകാത്ത മഹത്തായ നൂതന മാർഗങ്ങളും കണ്ടുപിടുത്തങ്ങളും നടത്താൻ കാര്യശേഷിയുള്ള ഒരു യുവതലമുറയുടെ കർമശേഷിയിൽ വിശ്വാസവും പ്രതീക്ഷയും അർപ്പിക്കാൻ ലോകനേതാക്കളോടു ആഹ്വാനംചെയ്ത യുവസ്വരം ഭാരതത്തിനു മാത്രമല്ല ലോകത്തിനുമുഴുവൻ പ്രതീക്ഷ നല്കുന്നുണ്ട്.

അതിതീവ്ര കാലാവസ്ഥാവ്യതിയാനവും പ്രകൃതി ദുരന്തങ്ങളും അടിക്കടി വർധിച്ചുകൊണ്ടിരിക്കുകയാണ്. ലോകം മുഴുവൻ നേരിടുന്ന ഈ പ്രതിസന്ധിക്കുമുമ്പിൽ പകച്ചുനില്ക്കുകയാണ് മനുഷ്യൻ. പ്രളയവും സുനാമിയും ചക്രവാതച്ചുഴികളും വർധിച്ച ബാഷ്പീകരണവും ന്യൂനമർദങ്ങളും മഞ്ഞുരുക്കങ്ങളും ഉഷ്ണതരംഗങ്ങളും ഇന്ന് സാധാരണങ്ങളായിക്കഴിഞ്ഞു. കൊറോണയെന്ന മഹാമാരിക്ക് പുറമെയാണ് ഇതെന്നതാണ് ആശ്ചര്യകരം.

പുകയിലും മലിനീകരണത്തിലും കെട്ടിപ്പൊക്കുന്ന ഒരു വികസന പദ്ധതിയൊ സമ്പദ്വ്യവസ്ഥയൊ അല്ല നമുക്കിന്ന് ആവശ്യം. കാലാവസ്ഥാവ്യതിയാനത്തെയും ആഗോളതാപനത്തെയും കരുതലും കർമശേഷികൊണ്ടും അതിജീവിക്കാനുള്ള ശാസ്ത്രീയവും സംഘടിതവുമായ ഊർജിതശ്രമങ്ങളാണ് വേണ്ടത്. 'രാഷ്ട്രീയമേഖലയിൽ നടമാടുന്ന അഴിമതികൾ യഥാർത്ഥമായ പാരിസ്ഥിതിക ചുറ്റുപാടുകളെ തകർക്കുകയും ഫലവത്തായ സംവാദം ഇല്ലാതാക്കുകയും പരസ്പരധാരണ നഷ്ടമാക്കുകയും ചെയ്യുന്നുണ്ട്' *(Laudato Si -182)* എന്നതും യാഥാർത്ഥ്യമാണ്. ആവാസവ്യവസ്ഥക്ക് അടിയന്തര പരിഹാരവും പരിചരണവും കാണാതെ മനുഷ്യജീവിതം സാധ്യമല്ലാത്ത ഒരു സ്ഥിതിവിശേഷത്തിൽ നമ്മൾ എത്തിച്ചേർന്നിരിക്കുകയാണ്.

പ്രകൃതിയെ എങ്ങനെ സംരക്ഷിക്കാം? പുനഃസ്ഥാപിക്കാം? എന്നത് ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും പ്രായോഗികമായി ഒന്നും തന്നെ പ്രവൃത്തിപഥത്തിലില്ല എന്നതാണ് വാസ്തവം. ഇവിടെയാണ്

www.malankaralibrary.com

വളർന്നുവരുന്ന കർമോജ്വലരായ യുവതയുമായിചേർന്ന് ഒരു നൂതന സംസ്കാരം രൂപപ്പെടുത്തേണ്ടതിന്റെ പ്രസക്തി. വായു ശുദ്ധീകരിക്കുക; നമ്മുടെ ജലസ്രോതസുകളെയും സമുദ്രങ്ങളെയും പുനരുജ്ജീവിപ്പിക്കുക; മാലിന്യമുക്തലോകം കെട്ടിപ്പടുക്കുക എന്നിങ്ങനെയുള്ള ഉത്തരവാദിത്വങ്ങളിൽ നമുക്ക് എന്തു ചെയ്യാനാകും എന്നതാണ് പ്രധാനം.

ശാസ്ത്രീയമായൊരു പരിസ്ഥിതി നൽകുക എന്നതാണ് സുപ്രധാനം. 'വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളും ഈ നിയോഗത്തിനായി ഉണർന്നുപരിശ്രമിക്കണം. ആദ്യമായി വിദ്യാലയം, പിന്നെ കുടുംബങ്ങൾ, മാധ്യമങ്ങൾ, മതബോധനം. അങ്ങനെ എല്ലാവരും പരിസ്ഥിതിയുടെ സംരക്ഷണത്തിനായി ഉണർന്നുപ്രവർത്തിക്കണം' (ഫ്രാൻസിസ് പാപ്പ). പ്രകൃതിസൗഹൃദ ഊർജോല്പാദനശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുകയും നടപ്പിലാക്കുകയും വേണം. പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്ന പതിവ് നമുക്ക് ഉപേക്ഷിക്കാം. നമ്മൾതന്നെ സൃഷ്ടിച്ച പ്രകൃതി-കാലാവസ്ഥ ആഘാതങ്ങൾക്കു നമുക്കുതന്നെ പരിഹാരം ചെയ്തു മുന്നേറാം. 'ആഗോളതാപനത്തിനു മരമാണ് മറുപടി' എങ്കിൽ ഒരു മരം നടാനുള്ള സാമൂഹികാവബോധം നമ്മിൽ വളരട്ടെ.

മലകൾ ഇടിച്ചും പാടങ്ങൾ നികത്തിയും വനം നശിപ്പിച്ചും നാം നിർമിക്കുന്ന യന്ത്രവത്കൃതവികസനത്തിൽ മനുഷ്യൻ ഒരു കടങ്കഥയാകുമെന്നത് വിസ്മരിക്കരുത്.

'വലിയൊരീ ലോകം നന്നാകാൻ ചെറിയൊരു സൂത്രം' അതു മറ്റൊന്നുമല്ല. പ്രകൃതി സൗഹൃദപരമായി ജീവിക്കാൻ നമ്മെത്തന്നെ ഒരുക്കുക എന്നതാണ്. വ്യക്തികളിലുണ്ടാകുന്ന മാറ്റം പരിസ്ഥിതിയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുമെന്നത് തീർച്ചയാണ്. പ്രകൃതിയോടിണങ്ങി നമുക്കു യാത്ര തുടരാം.

തിരുപ്പിറവിയുടെ ശാന്തിയും സമാധാനവും സ്നേഹപൂർവം ആശംസിക്കുന്നു.

ചീഫ് എഡിറ്റർ

# ഉള്ളടക്കം




പുസ്തകം 18 ലക്കം 12 2021 ഡിസംബർ

രക്ഷാധികാരി
ഫാ. ഡൊമിനിക് മുണ്ടാട്ട് MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

സഹരക്ഷാധികാരി
ഡോ. ജി. കടൂപ്പാറയിൽ MCBS

പത്രാധിപർ
ഫാ. ജോയി ചെഞ്ചേരിൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്യാസി

സർക്കുലേഷൻ മാനേജർ
ഫാ. ചാക്കോ വടക്കേത്തലക്കൽ MCBS

മാർക്കറ്റിംഗ് മാനേജർ
ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS

മുഖചിത്രം
വർഗീസ് ജോർജ്

അക്ഷരവിന്യാസം
നിഷ ബിനു

രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
എമ്മാവൂസ് പ്രസിദ്ധീകരണം

BANK DETAILS

| | | |
|---|---|---|
| A/c Name | : | Director Karunikan |
| A/c No. | : | 17530100030870 |
| IFSC Code | : | FDRL0001753 |
| Bank | : | Federal Bank, Thevara |

## അഭിമുഖം

10 ലക്ഷണങ്ങളെയല്ല; കാരണങ്ങളെ ചികിത്സിക്കണം

## സംവാദം



17 ദൈവത്തിന്റെ പ്രേമാതിരേകം
22 പ്രണയിക്കുന്നതു തെറ്റോ?
25 പേരന്റിംഗിലെ സ്നേഹവും സ്നേഹരാഹിത്യവും
28 ലൗ–നാർക്കോട്ടിക് ജിഹാദുകൾ: കേരള കത്തോലിക്കരുടെ ഭയവും ജാഗ്രതയും
33 സ്നേഹമില്ലാത്ത സെക്സ്
36 വിർച്ച്വൽ സ്നേഹം: വെറുപ്പിന്റെ യാഥാർത്ഥ്യം
43 സ്നേഹം! അറിയേണ്ടതും പറയേണ്ടതും

## ക്രൈസ്തവം

53 | തടവറ പ്രേഷിതത്വത്തിന് മരതകശോഭ
55 | ജീവന്റെ കാവൽ ശാസ്ത്രജ്ഞൻ
57 | ദൈവദാസി കൊളേത്താമ്മ നിസ്സാര കാര്യങ്ങളുടെ മധ്യസ്ഥ

www.karunikan.com



## സാമൂഹികം

61 | കോവിഡ്കാല നവവർഷ ചിന്തകൾ
65 | എന്റെ പ്രിയപ്പെട്ട കുട്ടിക്ക്
67 | അയഞ്ഞകാലത്തിലെ വാക്കുകളുടെ ചുഴലിക്കാറ്റ്
70 | ജയ് ഭീം
72 | അനാമികയുടെ ഹൃദയരാഗം

05 എഡിറ്റോറിയൽ 08 പ്രതികരണങ്ങൾ

www.malankaralibrary.com



# പ്രതികരണങ്ങൾ

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് പ്രതികരണ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയ പ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. പൂർണമായ പ്രതിപക്ഷ ബഹുമാനത്തോടുകൂടി സഭ്യമായരീതിയിൽ അവയെ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

*– പത്രാധിപർ*

## കാലത്തിന്റെ ആവശ്യം

കാരുണികൻ നവംബർ ലക്കത്തിലെ സാമൂഹികം പംക്തിയിലെ പി.എൻ വേണുഗോപാലിന്റെ 'ലഹരി വാഴുന്ന കേരളം' എന്ന ലേഖനം ശ്രദ്ധേയവും ഈടുറ്റതുമായിരുന്നു. ലഹരിക്കടിമപ്പെട്ട് മയങ്ങുകയും ലഹരിമരുന്നുകളുടെ വാഹകരായി ജീവിതം പുകച്ചുകളയുകയും ചെയ്യുന്ന ഇന്നത്തെ പുതിയ തലമുറ പ്രതീക്ഷകളുടെ പുതുപൂക്കളെയാണ് വാടികൊഴിക്കുന്നതെന്നതിൽ സംശയമില്ല. പല മാതാപിതാക്കളുടെയും സ്വപ്നങ്ങൾ വാടിക്കരിയുന്ന കാഴ്ചയാണ് നമ്മുടെ ചുറ്റുപാടും നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇതുപോലെതന്നെ ആധുനികകാലത്തെ കുടുംബസംഗമങ്ങളും ആശയവിനിമയങ്ങളും സൗഹൃദങ്ങളും സ്നേഹവും വീഡിയോ കോളിൽ ഒതുങ്ങുന്നത് കൗതുകത്തേക്കാളുപരി വേദനാജനകവുമായ ഒരു വസ്തുതയാണ്. ഇന്നത്തെ കുട്ടികൾ ചെറുപ്പത്തിൽതന്നെ ഇന്റർനെറ്റ് ലോകത്തേക്ക് കാന്തികമായി ആകർഷിക്കപ്പെടുന്നു. ഇത്തരമൊരു മനസ്സുമാറ്റത്തിലേക്ക് നയിക്കപ്പെടുന്ന നമ്മുടെ കുട്ടികൾ സ്വന്തം കൃത്യനിർവഹണത്തിൽ എത്രകണ്ട് ബദ്ധശ്രദ്ധരാണെന്നതും ചോദ്യചിഹ്നമായി മുന്നിൽ നിൽക്കുന്നു. മിക്കവാറും കുട്ടികൾ ഇന്ന് മൊബൈൽ ഫോണിൽ സമയം ചെലവഴിക്കാനാണ് ഏറെ ഇഷ്ടപ്പെടുന്നത്. നെറ്റിൽ കുരിങ്ങിക്കിടക്കുന്ന ജീവിതംപോലെ മറ്റൊന്നിനും അവർക്ക് സമയമില്ല. മനസ്സിനുണ്ടാകുന്ന പിരിമുറുക്കത്തിനും ഉറക്കമില്ലായ്മയ്ക്കും പ്രധാനകാരണം പുതിയ യുഗത്തിന്റെ ഈ ദൃശ്യചതുരങ്ങൾതന്നെയാണെന്നുള്ളതിൽ സംശയമില്ല. അവ അവരുടെ ആരോഗ്യത്തെയും സ്വഭാവരൂപീകരണത്തെയും പ്രതികൂലമായി ബാധിക്കുന്നുമുണ്ട്. കാലത്തിനനുസൃതമായി മാറാനോ മുന്നേറാനോ കഴിയാതെ തീർത്തും പഴഞ്ചനായി ജീവിക്കണം എന്നല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

പലതരം നേത്രരോഗങ്ങൾക്കും ഇവർ പാത്രീഭൂതരായിത്തീരുന്നു. അതിന് പ്രധാനകാരണം വർധിച്ചുവരുന്ന ചെറിയ ദൃശ്യങ്ങളിലെ സമയപരിധിയില്ലാത്ത സൂക്ഷ്മനോട്ടങ്ങളാണ്. കുട്ടികളെ ഇതിലേക്ക് എത്തിക്കുന്നതിൽ അറിയാതെ തന്നെ മാതാപിതാക്കളും ഒരു ഘടകമാകുന്നുണ്ടെന്ന് പറയാതെവയ്യ. ജോലിത്തിരക്കുകൾക്കിടയിൽ കുട്ടികളെ സമാശ്വസിപ്പിക്കാനുള്ള എളുപ്പമാർഗങ്ങളാണ് ഇന്ന് മൊബൈലുകളും ടാബുകളും. അവരോടൊപ്പം സമയം ചെലവഴിക്കാനും എന്നെന്നും മനസ്സിൽ തങ്ങിനിൽക്കുന്ന മനോഹരമുഹൂർത്തങ്ങൾ സൃഷ്ടിക്കാനും മാതാപിതാക്കളും കുട്ടികളും ഒരേപോലെ ശ്രമിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. സത്യത്തിൽ കുട്ടികളെ ദൃശ്യസംസ്കാര ശൃംഖലകളിൽനിന്നും മോചിപ്പിച്ചും ദൃശ്യസ്വാതന്ത്ര്യത്തിന്റെ പ്രകൃതിവഴിയിലേക്കും സ്നേഹത്തിലേക്കും നന്മയിലേക്കും നയിക്കാൻ കഴിയുന്നിടത്താണ് ഭാരതസംസ്കാരത്തിന്റെ പുനർജനനം. പഠിക്കേണ്ട സമയത്ത് അവർ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കട്ടെ. എല്ലാറ്റിനും അതിന്റേതായ സമയമുണ്ടെന്ന് മഹാത്മാഗാന്ധി പറഞ്ഞതിന്റെ പൊരുളും ഇതുതന്നെയാണ്. അതുകൊണ്ട് പുത്തൻസാങ്കേതികതയുടെ യഥാർത്ഥ മൂല്യങ്ങൾ ഉൾക്കൊണ്ട് ആയതിനെ ദുരുപയോഗത്തിലൂടെ വിഷമാക്കി മാറ്റാൻ ശ്രമിക്കാതിരിക്കുകയല്ലേ ബുദ്ധി? അല്ലെങ്കിൽ ആ വിഷം സ്വസ്ഥത നശിപ്പിക്കും; ഒപ്പം ആരോഗ്യവും.

**മാക്സിമിൻ നെട്ടൂർ**
*സോയാ നിവാസ്, പനങ്ങാട്*

www.malankaralibrary.com

## കയ്പേറിയ മധുരം

ജീവിതം മാധുര്യമുള്ളതാക്കാൻവേണ്ടി ആധുനിക മനുഷ്യൻ നെട്ടോട്ടം പായുമ്പോൾ ആരോഗ്യം കയ്പിക്കുന്ന മധുരമായിപ്പോകുന്ന അനുഭവമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരു ജങ്ക്ഫുഡ്-ഫാസ്റ്റ് ഫുഡ് സംസ്ക്കാരം വളർന്നുവരുന്ന ഘട്ടത്തിൽ കഴിഞ്ഞലക്കം കാരുണികൻ ആരോഗ്യബോധവല്ക്കരണത്തിന്റെ ഒരുണർത്തുപാട്ടായി. നിയന്ത്രണമില്ലാത്ത ആഹാരരീതികളും വ്യായാമമില്ലാത്ത ജീവിതവും രോഗാതുരമായ ഒരു സമൂഹത്തിന് രൂപം നല്കിക്കൊണ്ടിരിക്കുമ്പോൾ ക്രമീകൃതമായ ഒരു ജീവിതം നയിച്ച് ആരോഗ്യപൂർണമായ ഒരു സമൂഹം കെട്ടിപ്പടുക്കേണ്ടതിനെക്കുറിച്ചുള്ള അവബോധം നല്കുന്നതായിരുന്നു 'പ്രമേഹം' കേന്ദ്രീകൃതമാക്കി പ്രസിദ്ധീകരിച്ച ലക്കം. 'ഷുഗർ' എന്ന ഓമനപ്പേരിട്ടു നാം വിളിക്കുന്ന പ്രമേഹം കേൾവിയിൽ അത്ര മാരകമല്ലെന്നുതോന്നുമെങ്കിലും ജീവൻ കവർന്നെടുക്കാൻവരെ ഈ മധുരത്തിന് വലിയ പങ്കുണ്ടെന്ന യാഥാർത്ഥ്യം കാര്യകാരണസഹിതം വെളിപ്പെടുത്തിയിരിക്കുന്ന നവംബർപതിപ്പ് തീർത്തും ഒരാരോഗ്യ പാക്കേജ്തന്നെയായിരുന്നു. ഒരു ദൈവശാസ്ത്രമാസിക ആരോഗ്യമാസികയുടെ കെട്ടും മട്ടും വരുത്തിയപ്പോൾ ജീവന്റെ മഹത്ത്വം ഉദ്ഘോഷിക്കുകയും മനുഷ്യന്റെ ആരോഗ്യത്തെക്കുറിച്ച് കൂടുതൽ ശ്രദ്ധയും കരുതലും പതിപ്പിക്കുന്നുവെന്ന തിരിച്ചറിവ് പ്രദാനം ചെയ്തിരിക്കുകയും ചെയ്യുന്നു.



ധനാഢ്യരുടെ മഹിമയുള്ള രോഗമാണ് ഷുഗർ എന്നു മൊഴിഞ്ഞിരുന്ന ഒരു കാലഘട്ടത്തിൽനിന്നും കുബേര-കുചേല, പാമര-പണ്ഡിത വ്യത്യാസമില്ലാതെ ഷുഗർരോഗികൾ വർധിക്കുമ്പോൾ നാം തിരിച്ചറിയാതെപോകുന്നത് നമ്മുടെ ഭക്ഷണക്രമവും ജീവിതരീതികളും ചിട്ടതെറ്റിയെന്ന യാഥാർത്ഥ്യത്തെയാണ്.

സ്വന്തം മണ്ണിൽ അധ്വാനിച്ച് വിളയിച്ച കായ്ഫലങ്ങളും കിഴങ്ങു-പയറു വർഗങ്ങളുമൊക്കെ കഴിച്ചിരുന്ന ഒരു കാലഘട്ടത്തിൽനിന്നും കയ് മെയ് അനങ്ങാതെ, വ്യായാമമില്ലാതെ 'പുറംതീറ്റ'യുടെ വക്താക്കളായി മാറിയപ്പോൾ തരാതിരിവുകളില്ലാതെ ഷുഗർ എല്ലാവരുടെയും ജീവിതഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. തിരക്കേറിയ ജീവിതത്തിൽ സ്വന്തം അടുക്കളകൾ പൂട്ടപ്പെട്ടപ്പോൾ ഫാസ്റ്റ്ഫുഡ് പ്രാണേതാക്കളായി നാം മാറിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് നവസമൂഹം തിരിച്ചറിയാതെപോകുന്ന ഈ സത്യത്തെ ഇഴകീറി അവതരിപ്പിച്ചിരിക്കുകയാണ് കാരുണികൻ. മധുരം ജീവിതത്തെ ഇത്രയ്ക്കേറെ കയ്പേറുന്നതാക്കിമാറ്റുമെന്ന വസ്തുതയെ ഞെട്ടലോടെയാണെങ്കിലും ഉൾക്കൊള്ളാനായതിൽ കാരുണികന്റെ ഈ സംരംഭത്തെ അഭിനന്ദിക്കുകയാണ്.

കൊറോണ മഹാമാരി വിതയ്ക്കുന്ന ദുരന്തത്തിനിടയിൽ ഇത്തരം അറിവുകൾ കോവിഡ്മഹാമാരിക്കുംമേലെ ഭീകരമായ ഒരവസ്ഥയിലൂടെയാണ് നാം കടന്നുപോകുന്നതെന്ന തിരിച്ചറിവുനൽകാൻ പ്രേരകമാക്കിയിരിക്കുന്നു ഈ ലക്കം കാരുണികൻ. വിദഗ്ധരായ ഡോക്ടർമാരുടെ പഠനനിരീക്ഷണങ്ങളിലൂടെയുള്ള വിവരണങ്ങളും വെളിപ്പെടുത്തലുകളും ആരോഗ്യത്തെ മെച്ചപ്പെടുത്തുന്നതിലും ഒരു ക്രമീകൃതഭക്ഷണരീതിയും അനുദിന വ്യായാമമുറകളുടെ പ്രസക്തിയേയും കുറിച്ച് അപഗ്രന്ഥനം നല്കിയിരിക്കുന്നത് ശ്രദ്ധേയമായിരിക്കുന്നു. രോഗാതുരമായ ഒരു സമൂഹമായി മയങ്ങിക്കിടക്കാതെ ഉണർവോടെ ചിന്തിക്കാനും അരോഗദൃഢഗാത്രരായി മുന്നേറാനും ഇത് പ്രേരണ നല്കുന്നുണ്ട്.

**സാബു ആയത്തുപറമ്പിൽ**

*ചളിക്കവട്ടം*

www.malankaralibrary.com

# ലക്ഷണങ്ങളെയല്ല; കാരണങ്ങളെ ചികിത്സിക്കണം

■ **ആധുനിക ജീവിതസംസ്കാരത്തിൽ സ്നേഹം, പ്രണയം എന്നിവയ്ക്ക് സാരമായ മാറ്റം വന്നിട്ടുണ്ട്. എന്താണിതിന്റെ കാരണം? എങ്ങനെ നവീകരണം നടത്താം?**

സ്നേഹം, പ്രണയം എന്നിവയ്ക്ക് ആധുനിക ജീവിതസംസ്കാരത്തിൽ കാര്യമായ മാറ്റം സംഭവിച്ചിരിക്കുന്നു എന്നാണ് പ്രണയാഭ്യർത്ഥന നിരസിക്കുന്ന പെൺകുട്ടികളെ ക്രൂരമായി കൊന്നുകളയുന്ന വാർത്തകൾ ഓർമിപ്പിക്കുന്നത്. കാമുകനെതിരെ ക്വട്ടേഷൻ സംഘത്തെ നിയോഗിക്കുന്ന ചില സംഭവങ്ങളും കേൾക്കുന്നു. പ്രണയവും അനുബന്ധ ക്രൂരസംഭവങ്ങളും പ്രതിധ്വനിപ്പിക്കുന്ന പ്രശ്നങ്ങൾ വിവിധങ്ങളും സങ്കീർണങ്ങളുമാണ്. ഒറ്റവാക്കിൽ ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് പരാജയമായിരിക്കും. സ്നേഹബന്ധത്തിൽ സ്വാർത്ഥം നിറയുമ്പോഴും സ്നേഹം നിരസിക്കുമ്പോഴുമാണ് കടുത്ത നിരാശയും നിഷ്ഠൂര പ്രവൃത്തികളും ഉണ്ടാകുന്നത്. പ്രണയബന്ധങ്ങളിലും കുടുംബജീവിതത്തിലും അമിതമായ കൈവശാവകാശബോധം (over pos-



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കാ **ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**യുമായി കാരുണികൻ നടത്തിയ അഭിമുഖം

www.malankaralibrary.com

sessiveness) വലിയ ദുരന്തത്തിന് കാരണമാകുന്നു. വ്യക്തി സ്വാതന്ത്ര്യം, സ്നേഹബന്ധത്തിലെ ദൈവിക പദ്ധതി മുതലായ വിഷയങ്ങളെക്കുറിച്ച് യുവതലമുറയെയും കുടുംബജീവിതം നയിക്കുന്നവരെയും തുടർച്ചയായി പ്രബോധിപ്പിക്കുകയാണ് പ്രധാന പരിഹാരമാർഗം. അതോടൊപ്പം കുടുംബജീവിതത്തിന്റെ നല്ല മാതൃകകൾ പഠനവിധേയമാക്കുകയും വേണം.

### ■ മാതാപിതാക്കളുടെ സ്നേഹരാഹിത്യം മാതൃകാകുടുംബജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് മക്കളുടെ സ്വഭാവരൂപീകരണത്തിലും പ്രതിസന്ധികൾ ഉണ്ടാക്കുന്നില്ലേ? എന്താണിതിന് പരിഹാരം?

യഥാർത്ഥത്തിൽ കുട്ടികളുടെ സ്വഭാവരൂപീകരണം നിർവഹിക്കപ്പെടുന്ന നഴ്സറിയാണ് കുടുംബം. മാതാപിതാക്കളുടെ സ്വഭാവം, മാതാപിതാക്കൾ തമ്മിലുള്ള ബന്ധം, അവരുടെ ആത്മീയതയോടും സഭയോടുമുള്ള ബന്ധം, പ്രായമായവരോടും അഗതികളോടും സമൂഹത്തിലെ അശരണരായവരോടുമുള്ള സമീപനം, രാഷ്ട്രീയ-സാമൂഹിക കാഴ്ചപ്പാടുകൾ മുതലായവ കുട്ടികളുടെ സ്വഭാവരൂപീകരണത്തിലെ ശക്തമായ സ്വാധീനഘടകങ്ങളാണ്. പ്രസ്തുത വിഷയത്തിലെ പ്രധാന പരിഹാരം മാതാപിതാക്കൾക്ക് നിരന്തരമായ പ്രബോധനവും പരിശീലനവും നല്കുക എന്നതാണ്.

### ■ കേരളത്തിലെ വിവിധസഭകളുടെ സൗഹൃദത്തെയും ഒരുമയെയും പിതാവ് എങ്ങനെ കാണുന്നു? ഒരിടയനും ഒരാലയും എന്ന സങ്കല്പത്തിന് വ്യതിയാനങ്ങൾ സംഭവിക്കുന്നില്ലേ?

അക്രമവും കീഴടക്കലുമായിരുന്നു പുരാതന കാലഘട്ടത്തിൽ സാമൂഹികവും ഭരണപരവുമായ കാഴ്ചപ്പാട്. സഭകളുടെ ചരിത്രത്തിലും സമൂഹത്തിലെ ഇപ്രകാരമുള്ള കാഴ്ചപ്പാടിന്റെ സ്വാധീനം വളരെയധികം ഉണ്ടായിട്ടുണ്ട്. ഇത് തിരുത്തപ്പെടണം എന്നതാണ് എന്റെ എളിയ കാഴ്ചപ്പാട്. കേരളത്തിലെ വിവിധ സഭകളുടെ സൗഹൃദത്തിന്റെയും ഒരുമയുടെയും അടിസ്ഥാനം പരസ്പരം അംഗീകരണവും ഒരുമിച്ചുള്ള നിലനില്പിനുവേണ്ടിയുള്ള പരസ്പര സഹായവും ആയിരിക്കണം. ഒന്ന് മറ്റൊന്നിൽ ലയിക്കുന്നതോ, ലയിപ്പിക്കുന്നതോ അല്ല ഒരുമ; മറിച്ച്, രണ്ടാംവത്തിക്കാൻ സുന്നഹദോസിന്റെ പ്രഖ്യാപനത്തിന് അനുസൃതമായി, വൈരുദ്ധ്യങ്ങളെ മനസ്സിലാക്കുന്നതും നിലനില്പിന് സഹായിക്കുന്നതുമായ സമീപനമാണ് എന്റെ സങ്കല്പവും പ്രതീക്ഷയും.

### ■ കാതോലിക്കോസ് എന്ന ഗ്രീക്കുപദത്തിനർത്ഥം സമഗ്രം അഥവാ പൊതുവായതെന്നാണല്ലോ. മലങ്കര ഓർത്തഡോക്സ് മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാസ്ഥാനവും അങ്ങിൽ ഒരുമിച്ച് നിക്ഷിപ്തമാകുമ്പോൾ സമഗ്രവും പൊതുവുമായ എന്തൊക്കെ അജണ്ടകളാണ് അങ്ങ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

കാതോലിക്കാ സ്ഥാനം, ആരാധനാപരവും കൗദാശികവുമായ സഭയുടെ ഒരുമയ്ക്കും അച്ചടക്കത്തിനുംവേണ്ടി സഭയിൽ പരിണമിച്ചതും ക്രമീകരിക്കപ്പെട്ടതുമായ സ്ഥാനമാണ്. എ. ഡി. 231-ൽ പൗരസ്ത്യ സുറിയാനി (പേർഷ്യൻ സുറിയാനി) സഭയിൽ മാർ ശഹലൂപ്പയെ (Shahaluppa) യാണ് പ്രഥമ കാതോലിക്കയായി വാഴിക്കുന്നത്. പിൻഗാമിയെ തിരഞ്ഞെടുക്കാനും വാഴിക്കാനും ആരാധനാപരവും കൗദാശികപരവുമായ സകല നിർവഹണങ്ങൾക്കും സ്വതന്ത്രമായ അവകാശവും അധികാരവും കാതോലിക്കായിൽ നിക്ഷിപ്തമാകുന്നു. 1912 -ൽത്തന്നെ ഈ പരിണാമം മലങ്കരസഭയിലും വ്യവസ്ഥാപിതമായി. 1912 -നുമുമ്പ് ഭരണപരവും അതോടൊപ്പം കൗദാശികവും ആരാധനാപരവുമായ ക്രമീകരണങ്ങൾ നിർവഹിച്ചത് മലങ്കര മെത്രാപ്പോലീത്താ സ്ഥാനിയായിരുന്നു. പോർച്ചുഗീസുകാരുടെ വരവിന് മുമ്പ് പ്രസ്തുത സ്ഥാനം അർക്കദിയാക്കോന്മാരും പോർച്ചുഗീസുകാരുടെ വരവിനുശേഷം മാർത്തോമ്മാ മെത്രാന്മാരും ഈ ചുമതല നിർവഹിച്ചിരുന്നു. 1934-നു ശേഷം കാതോലിക്കാസ്ഥാനവും മലങ്കര മെത്രാപ്പോലീത്താസ്ഥാനവും സംയോജിതമായി ഒരാളിൽതന്നെ നിക്ഷിപ്തമായിരിക്കുന്ന പതിവ് തുടരുന്നു. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയ്ക്ക് പുരാതനവും അപ്പോസ്തോലികവുമായ മലങ്കരസഭയുടെ പാരമ്പര്യവും ആരാധനയും നിലനിർത്തുകയും പരിരക്ഷിക്കുകയും ചെയ്യുകയെന്നതാണ് പ്രധാന ഉത്തരവാദിത്വമായി ഞാൻ മനസ്സിലാക്കുന്നത്. എന്റെ പരിമിതമായ വേദശാസ്ത്ര പഠനത്തിലൂടെ

www.malankaralibrary.com

യും ആരാധനാവിജ്ഞാനീയത്തിലൂടെയും ഞാൻ മനസ്സിലാക്കുന്നത്, കൽക്കദോന്യ സുന്നഹദോസിന് (A.D.451) മുമ്പുള്ള അവിഭക്ത സഭയുടെ (undivided church) തനിമയാർന്ന ഒരു ശേഷിപ്പ് (Remanence) അപ്പോസ്തോലിക പാരമ്പര്യത്തിലും ആരാധനയിലും മലങ്കരസഭയ്ക്കുണ്ട്. ഈ തനിമ (uniqueness) പരിരക്ഷിക്കപ്പെടേണ്ടത് മലങ്കര സഭയുടെ മാത്രമല്ല, ആഗോള ക്രൈസ്തവസഭകളുടെയും ഉത്തരവാദിത്വമാണ്. പഴമയുടെ വിശിഷ്ടമായ മാതൃകകൾ നിധികളായി പരിരക്ഷിക്കപ്പെടണം. മാർത്തോമ്മാശ്ലീഹായുടെ അപ്പസ്തോലിക പാരമ്പര്യം, അപ്പോസ്തോലിക ദൗത്യത്തെക്കുറിച്ച് നിരന്തരം തമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷീകരണം പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. ത്വരഗതിയിൽ വളരുന്ന ഭൗതികവാദം (secularism) മതജീവിതത്തിന്റെ കടുത്ത ഭീഷണിയാണ്. അതുകൊണ്ട്, വളർന്നുവരുന്ന തലമുറയ്ക്ക് ശരിയായ മാതൃക നൽകുക, ആധ്യാത്മിക ജീവിതത്തിൽ വ്യക്തമായ പരിശീലനം നൽകുക, വിശ്വാസസത്യങ്ങൾ സംയുക്തമായി വ്യാഖ്യാനിച്ച് പഠിപ്പിക്കുക തുടങ്ങിയവ പ്രധാന ഉത്തരവാദിത്വങ്ങളാണ്. വിവിധ ക്രൈസ്തവ സഭകളുടെ പൊതുവായ സാക്ഷ്യത്തിൽ ചേർന്ന് സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനും സാധ്യമാകുന്ന നേതൃത്വം നൽകാനും പരിശ്രമിക്കും.

## ■ സേവനം ശുശ്രൂഷയാക്കിക്കൊണ്ടുള്ള ഇടയഭരണത്തിന്റെ മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുന്ന അങ്ങ് സമൂഹത്തിലെ പാർശ്വവത്കൃതരോടും പതിതരോടും നിസ്സഹായരോടും പ്രദർശിപ്പിക്കുന്ന മനോഭാവം എന്താണ്?

കാരുണ്യ പ്രവർത്തനങ്ങൾ ഔദാര്യമല്ല വേദനിക്കുന്നവരുടെയും പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെയും അവകാശമാണ്. കരുണ കാണിക്കേണ്ടത് ദാനമായി സേവനം നിർവഹിക്കുന്നു എന്ന അർഥത്തിൽ അല്ല; മറിച്ച് ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വവും ജീവിത ദർശനവുമാണ്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാര ശുശ്രൂഷയുടെ കേന്ദ്രം, മനസ്സലിവും മനുഷ്യവർഗത്തോടുള്ള സ്നേഹവുമായിരുന്നു. പ്രസ്തുത ശുശ്രൂഷയുടെ തുടർച്ചയാണ് ക്രിസ്തുഗാത്രമാകുന്ന സഭയെ കർത്താവ് ഭരമേൽപിച്ചിരുന്നത്. ഇടയ ശുശ്രൂഷയിൽ വിവിധ സംരംഭങ്ങളിലൂടെ ഞാനും സഹോദരമെത്രാപ്പോലീത്താമാരും

> **കാരുണ്യ പ്രവർത്തനങ്ങൾ ഔദാര്യമല്ല വേദനിക്കുന്നവരുടെയും പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെയും അവകാശമാണ്. കരുണ കാണിക്കേണ്ടത് ദാനമായി സേവനം നിർവഹിക്കുന്നു എന്ന അർഥത്തിൽ അല്ല; മറിച്ച് ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വവും ജീവിത ദർശനവുമാണ്.**

യേശുക്രിസ്തുവിൽ സമാരംഭിച്ച മനുഷ്യസ്നേഹത്തിന്റെ ശുശ്രൂഷ തുടരുന്നു. ഫലവത്താകാൻ നിങ്ങളേവരുടെയും പ്രാർഥനയും സഹകരണവും അത്യന്താപേക്ഷിതമാണ്.

## ■ പാശ്ചാത്യ സംസ്കാരത്തിലെ ഒത്തുവാസം (Living together) മുതൽ പല ആചാരങ്ങളും കേരളത്തിലെ യുവജനങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. നമ്മുടെ സ്നേഹസംസ്കാരത്തിന്റെ നിലനില്പിനെ ബാധിക്കുന്നതല്ലേ ഇതെല്ലാം?

വളർന്നുവരുന്ന മതരഹിത മനോഭാവം, ഭൗതികവാദം, നിയന്ത്രണമില്ലാത്ത ആസ്വാദനത്വര മുതലായവ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നു. സ്ത്രീപുരുഷ ബന്ധത്തെയും കുടുംബ ജീവിതത്തെയും ഇത് വല്ലാതെ ബാധിച്ചിരിക്കുന്നു. അതുകൊണ്ടാണ് വിവാഹം ഒരു ബന്ധനമായും കുടുംബം പാരതന്ത്ര്യമായും കുഞ്ഞുങ്ങൾ ശല്യങ്ങളായും ആധുനിക സമൂഹത്തിൽ ചിലർക്കെങ്കിലും തോന്നുന്നത്. ലിവിംഗ്ടുഗെദർ, വിവാഹമോചനം മുതലായ വിഷയങ്ങൾ പ്രസ്തുത ശൈലിയുടെ വിവിധ മുഖങ്ങളാണ്. പ്രഥമമായി എനിക്ക് പ്രതികരിക്കാനുള്ളത്;

www.malankaralibrary.com

പ്രസ്തുത വിഷയങ്ങളെ പർവതീകരിക്കരുത്. മാനവ ചരിത്രത്തിൽ എല്ലാ കാലഘട്ടങ്ങളിലും അസന്മാർഗികത ഉണ്ടായിട്ടുണ്ട്. പക്ഷെ അവ നിലനിന്നിട്ടില്ല. നിലനിന്നത് നന്മയും സന്മാർഗികതയുമാണ്. ഇപ്പോൾ വ്യവഹരിക്കുന്ന മതരഹിതസമൂഹവും, വിവാഹരഹിത ബന്ധങ്ങളും ഒത്തുവാസവും ഗൗരവമായി പരിഗണിക്കണം, പക്ഷേ പർവതീകരിക്കരുത്. പരസ്യപ്പെടുത്തേണ്ടതും, പ്രചരിപ്പിക്കേണ്ടതും കുടുംബജീവിതത്തിലെ നല്ല മാതൃകകളെക്കുറിച്ചായിരിക്കണം. സന്മാർഗ ജീവിതത്തെക്കുറിച്ചുള്ള പഠനങ്ങൾ, മാതൃകാജീവിതങ്ങളുടെ വിവരണം, പ്രചരണം മുതലായവയിലൂടെ പ്രസ്തുത വിഷയങ്ങളെ അതിജീവിക്കണം. മനസ്സിൽ തോന്നുന്നത് എന്തും ചെയ്യുന്നതാണ് സ്വാതന്ത്ര്യം എന്ന ധാരണ ആധുനിക ലോകത്തിൽ പ്രകടമാണ്. യഥാർഥത്തിൽ വിനോദകച്ചവടത്തിലെ (Entertainment Business) ഒരു പരസ്യതന്ത്രമാണിത്. നിയന്ത്രണവും ശിക്ഷണവും സ്വഭാവരൂപീകരണത്തിലെ അനിവാര്യ ഘടകങ്ങളാണ്. യഥാർഥത്തിൽ നല്ല കുടുംബാന്തരീക്ഷവും പ്രാർഥനാ ജീവിതശൈലിയുമുള്ള കുഞ്ഞുങ്ങൾക്ക് ഇപ്രകാരം ഒരു വഴിമാറലിന് അടിമപ്പെടാൻ സാധ്യത തുലോം കുറവാണ്.

### ■ വികല സ്നേഹബന്ധങ്ങൾക്ക് നവമാധ്യമങ്ങൾ ഇന്ന് വളരെ സ്വാധീനം ചെലുത്തുന്നുണ്ട്. സംശയങ്ങളും അവിശ്വസ്തതയും സ്ത്രീ–പുരുഷ ബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തുന്നുമുണ്ട്. പിതാവ് ഇതിനെ എങ്ങനെ വീക്ഷിക്കുന്നു?

നവമാധ്യമങ്ങളും അവയിൽ പ്രസിദ്ധീകരിക്കപ്പെടുന്ന സീരിയലുകളും മറ്റുപരിപാടികളും പ്രധാനമായും ലക്ഷ്യമിടുന്നത് സാമ്പത്തിക വളർച്ചയാണ്; സന്മാർഗിക വളർച്ചയല്ല. Entertainment കേന്ദ്രീകരിച്ചിരിക്കുന്നത് Profit -ൽ ആണല്ലോ? അവിടെ സ്ത്രീ പുരുഷ ബന്ധങ്ങളും കുടുംബവുമൊക്കെ കച്ചവടച്ചരക്കുകളായി അധഃപതിക്കുന്നു. ഇവ സൃഷ്ടിക്കുന്ന സ്വാധീനങ്ങളും കാഴ്ചപ്പാടുകളും ഗൗരവമായി പരിഗണിക്കേണ്ടതാണ്. വിനോദപരിപാടികൾ കച്ചവടവല്ക്കരിക്കപ്പെടുമ്പോൾ ഫലം സന്മാർഗിക അധഃപതനമാകുമെന്ന് നാലാം നൂറ്റാണ്ടിൽ (AD 347 - 407) ജീവിച്ചിരുന്ന ജോൺ ക്രിസോസ്റ്റം ആദിയായ പിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. മദ്യവും മയക്കുമരുന്ന് പാർട്ടികളുമെല്ലാം ഇന്ന് വിനോദപരിപാടികളുടെ ഭാഗമായിത്തീർന്നിരിക്കുന്നു എന്നത് ഖേദകരമാണ്. നന്മയുടെ പ്രചരണം ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ കാര്യക്ഷമമായി നിർവഹിക്കുകയാണ് ഇപ്രകാരമുള്ള ദുഃസ്വാധീനങ്ങളെ പ്രതിരോധിക്കാനുള്ള മാർഗം. സഭയുടെ സാമ്പത്തിക പരിമിതികൾ ഇവിടെ പ്രസക്തമാണ്. സംയുക്ത സംരംഭങ്ങളും എക്യുമെനിക്കൽ കൂട്ടായ്മകളും ഈ മേഖലയിൽ ശക്തിപ്പെടണം.

### ■ പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളും മഹാമാരിയും കേരളത്തെ പിടിച്ചുലച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ ആത്മീയതലത്തിലും അപവാദങ്ങളുടെയും ദുഷ്പ്രചരണങ്ങളുടെയും വേലിയേറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. എങ്ങനെ ഇതിനെ പരിഹരിക്കാനാവും?

പരിസ്ഥിതിയുടെ ചൂഷണം പാപമാണ്. പ്രകൃതി സംരക്ഷണം പ്രേഷിത പ്രവർത്തനമാണ്. മനുഷ്യന്റെ സ്വാർഥതയാണ് തലമുറകളെ മറന്ന് പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണത്തിന് പ്രേരിപ്പിക്കുന്നത്. യഹോവയുടെ തേജസ് കാണാൻ ആഗ്രഹിച്ച മോശയ്ക്ക് യഹോവ തന്റെ 'പിൻഭാഗം' കാണിക്കുന്നു. (പുറ 33:18–23). പിതാക്കന്മാരുടെ വ്യാഖ്യാനത്തിൽ ഈ 'പിൻഭാഗം' ദൈവമഹത്വം പ്രതിഫലിപ്പിക്കുന്ന ദൈവസൃഷ്ടിയാണ്. 19–ാം സങ്കീർത്തനം സൃഷ്ടി പ്രതിഫലിപ്പിക്കുന്ന ദൈവമഹത്ത്വത്തെയാണ് വർണിക്കുന്നത്. 'ആകാശം ദൈവത്തിന്റെ മഹത്ത്വത്തെ വർണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു' ദൈവസൃഷ്ടിയായ പ്രപഞ്ചത്തോടും പ്രത്യേകിച്ച് മനുഷ്യന്റെ അധിവാസ സ്ഥലമായ ഭൂമിയോടും പ്രകൃതിയോടുമുള്ള സംരക്ഷണ സമീപനം ദൈവവിശ്വാസത്തിന്റെയും ഭക്തി ജീവിതത്തിന്റെയും ഒഴിച്ചുകൂടാൻ സാധിക്കാത്ത ഭാഗമാണ്. സൃഷ്ടിയുടെ മേൽ ദൈവം മനുഷ്യന് നൽകിയ അധികാരം (ഉത്പ 1:27–28) ചൂഷണത്തിന്റേതല്ല; മറിച്ച് പരിരക്ഷണത്തിന്റേതാണ്. ആധ്യാത്മിക മേഖലയിലെ ധർമച്യുതികളും മൂല്യതകർച്ചയും നവമാധ്യമങ്ങൾക്ക് അനുവാചകരെ വർധിപ്പിക്കുന്ന ഘടകമായി മാറിയിരിക്കുന്നു. ആധുനികലോകത്തിൽ നമുക്ക് ചുറ്റും അനേകം കണ്ണുകളുണ്ട് എന്ന അവബോധത്തിൽ ആത്മീയ നേതൃത്വം ജീവിക്കണം. അച്ചടക്കവും ശിക്ഷണവും

www.malankaralibrary.com



അനിവാര്യമാണ്. എന്നാൽ ദുഷ്പ്രചരണങ്ങളിൽ പതറേണ്ട ആവശ്യം ഇല്ല. സത്യത്തെക്കുറിച്ച് ബോധ്യവും സ്വന്ത ജീവിതവിശുദ്ധിയെക്കുറിച്ച് അവബോധവുമുണ്ടെങ്കിൽ ദുഷ്പ്രചരണങ്ങൾ സഭാ ജീവിതത്തെ ബാധിക്കുകയില്ല. വിശുദ്ധരായി ജീവിക്കുക, പ്രവർത്തനങ്ങൾ സുതാര്യമായിരിക്കുക, നന്മയുടെ മാതൃകകൾ പ്രചരിപ്പിക്കുക എന്നിവയാണ് ആത്മീയതലങ്ങളിലെ അപവാദങ്ങൾക്കും ദുഷ്പ്രചരണങ്ങൾക്കുമുള്ള പരിഹാരമാർഗങ്ങൾ.

**■ കാലാനുസൃതമായി സഭയ്ക്കുള്ളിൽ ഉണ്ടാകേണ്ട, കുടുംബ-വൈദിക-സന്ന്യസ്ത ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പങ്കുവയ്ക്കാമോ?**

സഭയിൽ കുടുംബജീവിതത്തിന് കൗദാശികമായി ഉന്നതമായ സ്ഥാനം നൽകുന്നു. സ്രഷ്ടാവായ ദൈവത്തിന്റെ സൃഷ്ടികർമത്തിലുള്ള പങ്കാളിത്തമാണ് വിവാഹകൂദാശയിലൂടെ ക്രിസ്തീയ കുടുംബജീവിതത്തിൽ സംജാതമാകുന്നത്. മക്കൾ, യഹോവ നൽകുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും ആകുന്നു (സങ്കീ 127:3-4). പ്രസ്തുത കാഴ്ചപ്പാടിൽ സമ്പുഷ്ടമായ കുടുംബജീവിതമാണ് സഭ പഠിപ്പിക്കുന്നത്. ഭവനത്തിലെ സഭ (Home Church) സഭയുടെ ആധ്യാത്മിക ജീവിതത്തിന്റെ ഈറ്റില്ലമാണ്. വൈദിക-സന്ന്യസ്ത ജീവിതത്തിന്റെയും പ്രഭവസ്ഥാനം പ്രധാനമായും ക്രിസ്തീയ കുടുംബംതന്നെയാണ്. കുടുംബജീവിതത്തെയും-വൈദിക-സന്ന്യസ്ത ജീവിതത്തെയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായി തുല്യ പ്രാധാന്യത്തിൽ സഭ വീക്ഷിക്കുന്നു. രണ്ടും പരസ്പരപൂരകങ്ങളും ദൈവരാജ്യമഹത്ത്വത്തിനുവേണ്ടിയുള്ള താലന്തുകളുമാണ്.

**■ മദ്യ-ലഹരി ഉല്പന്നങ്ങളുടെ വർധിച്ച ഉപഭോഗശൃംഖലയിൽ ഇന്ന് നമ്മുടെ കുട്ടികളും യുവജനങ്ങളുമാണ് ധാരാളമായി ഉൾപ്പെടുന്നത്. അതേസമയം ലഹരിക്കെതിരെ ഏറ്റവും കൂടുതൽ ബോധവല്ക്കരണം നടത്തുന്നത് സഭയാണ്. എന്നിട്ടും എന്തുകൊണ്ട് ഇത്തരം മാർഗഭ്രംശം സംഭവിക്കുന്നു?**

മദ്യ-ലഹരി ഉപയോഗത്തിൽ ക്രിസ്ത്യാനികളായ കുട്ടികളും യുവജനങ്ങളും വർധിച്ചുവരുന്നുണ്ട് എന്ന പ്രസ്താവന ശാസ്ത്രീയമായി വിശകലനം ചെയ്യ

www.malankaralibrary.com

പ്പെടണം. എങ്കിലും ലഹരി ഉപയോഗവും അതിന്റെ പ്രത്യാഘാതങ്ങളും ഒരു ദുരന്തംതന്നെയാണ്. സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്നതാണ് അതിന്റെ പ്രധാന കാരണം. ആത്മീയ ജീവിതം ഒരു ലഹരിയാകുമ്പോൾ, അനാരോഗ്യപരമായ ലഹരികളിൽ നിന്ന് മനുഷ്യർ പിന്മാറും. ആത്മീയപ്രസ്ഥാനങ്ങൾ, പ്രത്യേകിച്ച് സൺഡേസ്കൂൾ എന്നിവയിൽ ആത്മീയ ജീവിതത്തിന്റെ ആനന്ദം ജീവിതത്തിൽ അനുഭവിച്ച് അറിയത്തക്കവിധം പ്രായോഗിക പരിജ്ഞാനവും പരിശീലനവും നൽകണം. സഭാജീവിതം പ്രസ്ഥാനവല്ക്കരിക്കപ്പെടുകയും ആത്മീയജീവിത ദർശനം വിവര സംവേദന ചട്ടക്കൂടായി മാറുകയും ചെയ്യുമ്പോഴാണ് വിശ്വാസിസമൂഹത്തിൽ അസന്മാർഗികത വർധിക്കുന്നത്. ആത്മീയ ജീവിതം കേവലം ഒരു കരിക്കുലത്തിന്റെ ഭാഗമായി പഠനവിധേയമാക്കുകയല്ല വേണ്ടത്; മറിച്ച് ജീവിതത്തിൽ അനുഭവവേദ്യമാകണം.

### ■ കേരളസഭയ്ക്ക് ഇന്ന് വെല്ലുവിളികൾ ഏറെ നേരിടേണ്ടിവരുന്നത് സഭയ്ക്കുള്ളിൽ നിന്നുതന്നെയാണ്. എന്താണ് കാരണം? പരിഹാരമാർഗങ്ങൾ എന്തൊക്കെ?

കേരളസഭയ്ക്കു മാത്രമല്ല, ക്രൈസ്തവസഭകളുടെ പൊതുപ്രശ്നമാണ് സഭയ്ക്കുള്ളിലെ ശിഥിലീകരണ പ്രവണതകളും എതിർപ്പുകളും. വെല്ലുവിളികളുടെ കാരണങ്ങൾ അവധാനപൂർവം അന്വേഷിച്ച് മനസ്സിലാക്കുകയാണ് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രഥമ മാർഗം. പ്രശ്നങ്ങളുടെ കാരണം സഭയ്ക്കുള്ളിൽ നിലനിൽക്കുന്ന ക്രിസ്തീയ സാക്ഷ്യത്തിനെതിരായ പ്രശ്നങ്ങളാണെങ്കിൽ അത് നിശ്ചയമായും തിരുത്തണം. ലക്ഷണങ്ങളെ (Symptoms) ചികിത്സിക്കാതെ രോഗം മനസ്സിലാക്കി, കാരണത്തെ (Cause) ചികിത്സിക്കണം. ബോധപൂർവമായ ബാഹ്യ ഇടപെടലുകളാണ് പ്രശ്നകാരണമെങ്കിൽ ഗൗരവപൂർവം അപ്രകാരമുള്ളതിനെ പ്രതിരോധിക്കണം. അതോടൊപ്പം ക്രിസ്തീയ സാക്ഷ്യം നഷ്ടപ്പെടുത്താതെ, വർത്തമാനകാലഘട്ടത്തിലെ സ്വാതന്ത്ര്യബോധം, സ്വത്വബോധം, പാരമ്പര്യം എന്നിവ മാനിക്കാൻ സഭാനേതൃത്വവും തയ്യാറാകണം.

### ■ വിശ്വാസസംരക്ഷകനായിരുന്ന മാബൂഗിലെ മാർ പീലക്സീനോസിന്റെ ക്രിസ്തുശാസ്ത്ര ദർശനങ്ങളിൽ ഗവേഷണം പൂർത്തിയാക്കിയിട്ടുള്ള പിതാവ് റോമൻ കത്തോലിക്കാസഭയെയും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുമായുള്ള ഐക്യത്തെയും വിശ്വാസകൂട്ടായ്മയെയും എങ്ങനെ വിലയിരുത്തുന്നു?

രണ്ടാം വത്തിക്കാൻ കൗൺസിലിലെ വ്യതിരിക്തതകളെ മാനിച്ചുകൊണ്ട് ക്രിസ്തീയ സാക്ഷ്യത്തിലുള്ള ഐക്യം ഓർത്തഡോക്സ് സഭ ഗൗരവമായി പരിഗണിക്കുന്നു. മാബൂഗിലെ പീലക്സീനോസിന്റെ ക്രിസ്തുശാസ്ത്രവീക്ഷണം പ്രധാനമായും കൽക്കദോന്യ സുന്നഹദോസിന്റെ യേശുക്രിസ്തുവിന്റെ പ്രകൃതത്തെക്കുറിച്ചുള്ള വീക്ഷണത്തിനെതിരായിരുന്നു. യേശുക്രിസ്തു പൂർണമനുഷ്യനും പൂർണ ദൈവവും ആകുന്നു എന്നും എന്നാൽ, ക്രിസ്തുവിന്റെ പ്രകൃതം അവിഭക്തമാണെന്നു-(Miaphysite)മുള്ള ഊന്നലാണ് മാബൂഗിലെ മാർ പീലക്സീനോസിന്റെ ദർശനത്തിന്റെ കേന്ദ്രം. യേശുക്രിസ്തു കർത്താവും രക്ഷകനും ദൈവവുമാണ്. യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നത് വിശുദ്ധ കൂദാശകളുടെ സംബന്ധത്തിലൂടെയും തിരുവചന ധ്യാനത്തിലൂടെയും വിശുദ്ധ ജീവിതത്തിലൂടെയുമാണെന്ന് സെനുനിലെ സന്ന്യാസിമാർക്കുള്ള ലേഖനത്തിൽ (Letter to the Monks of Senun) പ്രതിപാദിക്കുന്നു. വിശുദ്ധ ജീവിതത്തിലൂടെയും കൗദാശികവും ആരാധനാപരവുമായ ജീവിതനിഷ്ഠയിലൂടെയും മാത്രമേ പൂർണദൈവവും പൂർണമനുഷ്യനുമായ യേശുക്രിസ്തുവിന്റെ അവിഭക്ത സ്വഭാവം അനുഭവിച്ചറിയാൻ സാധിക്കുകയുള്ളൂ എന്ന പീലക്സീനോസിന്റെ ദർശനമാണ് അദ്ദേഹത്തിന്റെ പ്രബോധനങ്ങളുടെ ശക്തിയും സൗന്ദര്യവും (The law of what is prayed is the law of what is believed- lex orandi lex credendi). വിശ്വസിക്കുന്നതിന്റെ പ്രമാണം, എന്താണ് പ്രാർഥിക്കുന്നത് എന്നതിനെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു എന്ന കാഴ്ചപ്പാട് മാബൂഗിലെ പീലക്സീനോസിന്റെ ദർശനത്തിന് യോജ്യമാണ്. ക്രിസ്തീയ സാക്ഷ്യജീവിതത്തിൽ സംയുക്തമായ പ്രവർത്തനങ്ങൾ കത്തോലിക്കാസഭയും മലങ്കര ഓർത്തഡോക്സ് സഭയുമായി നിർവഹിക്കാൻ സാധിക്കും. കത്തോലിക്കാസഭയും ഓർത്തഡോക്സ്സഭയും തമ്മിലുള്ള ഡയലോഗുകളും സംയുക്ത വേദശാസ്ത്രപഠനങ്ങളും പ്രത്യേകിച്ച് ഫ്രാൻസിസ് പാപ്പായുടെ സ്നേഹപൂർവമായ സമീപനങ്ങളും ഇരുസഭകളും തമ്മിലുള്ള ബന്ധത്തെ ഊഷ്മളമാക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ■

www.malankaralibrary.com

# സംവാദം



മനുഷ്യജീവിതത്തിന്റെ പൂമൊട്ടാണ് സ്നേഹം. ആ സ്നേഹം  വിരിയുന്ന ജീവിതപുഷ്പങ്ങൾ സുന്ദരങ്ങളും പരിമളവാഹികളുമായിരിക്കണം. മൊട്ടിൽ പുഴുക്കുത്തേറ്റാൽ വിരിയുന്ന പുഷ്പം അപൂർണവും അഭംഗിയുള്ളതുമായിരിക്കും. സ്നേഹബന്ധങ്ങൾക്കുണ്ടാകുന്ന പുഴുക്കുത്തലുകൾ പലവിധമാണ്. അത് ജീവിതമാകുന്ന പുഷ്പത്തിന്റെ വർണഭംഗിയും സുഗന്ധവും നഷ്ടപ്പെടുത്തുന്ന രീതിയിലാകുമ്പോൾ ആധ്യാത്മിക-കുടുംബ-സമർപ്പിത ജീവിതങ്ങളിലൊക്കെ മൂല്യച്യുതിയും അപഭ്രംശവും ഉണ്ടാകും. സ്നേഹം ശരീരിയായി ലോകത്തിനു നക്ഷത്രപ്രഭ ചൊരിഞ്ഞ ഡിസംബറിൽ കാരുണികൻ ചർച്ച ചെയ്യുന്നത് വികലമാക്കപ്പെടുന്ന സ്നേഹത്തെയും സ്നേഹബന്ധങ്ങളെയും കുറിച്ചാണ്.

# ബന്ധങ്ങൾ ബന്ധനങ്ങൾ

- ദൈവത്തിന്റെ പ്രേമാതിരേകം
- പ്രണയിക്കുന്നതു തെറ്റോ?
- പേരന്റിംഗിലെ സ്നേഹവും സ്നേഹരാഹിത്യവും
- ലൗ-നാർക്കോട്ടിക് ജിഹാദുകൾ: കേരള കത്തോലിക്കരുടെ ഭയവും ജാഗ്രതയും
- സ്നേഹമില്ലാത്ത സെക്സ്
- വിർച്വൽ സ്നേഹം: വെറുപ്പിന്റെ യാഥാർഥ്യം
- സ്നേഹം! അറിയേണ്ടതും പറയേണ്ടതും

റവ. ഡോ. ജോഷി മയ്യാറ്റിൽ
ഡോ. സെബിൻ എസ്. കൊട്ടാരം
റവ. ഡോ. ജേക്കബ് മുളവരിക്കൽ SVD
റവ. ഡോ. നിതിൻ ജോസഫ് ഇലഞ്ഞിമറ്റം
ഡോ. ഐസക് പോൾ
പ്രൊഫ. റോസമ്മ ഫിലിപ്പ്
ശ്രീല അനിൽ
ജെയിൻ ആൻസിൽ ഫ്രാൻസിസ്
സി. ജനാർദനൻ പണിക്കത്ത്
ലീലാമ്മ ജോൺസൺ
ബ്ലസി ബിനു ആറ്റുകടവിൽ
ഫാ. സോജി ചക്കാലക്കൽ MCBS
ഷീന അജി കോണിൽ
പീറ്റർ കുരിശിങ്കൽ

www.malankaralibrary.com



# ദൈവത്തിന്റെ പ്രേമാതിരേകം

**സ്നേഹവചനം ശരീരിയായി ഭൂമിയിൽ അവതരിച്ച തിരുപ്പിറവിയുടെ പ്രകാശോത്സവം ലോകം ആഘോഷിക്കുമ്പോൾ ദൈവസ്നേഹത്തിന്റെ വചനാധിഷ്ഠിത വിചിന്തനങ്ങൾ പങ്കുവയ്ക്കുകയാണ് ബൈബിൾ പണ്ഡിതനായ ലേഖകൻ.**



റവ. ഡോ. ജോഷി മയ്യാറ്റിൽ
*ബൈബിൾ റിവിഷൻ കമ്മിറ്റിയംഗം, പി.ഒ.സി*

'ജയ് സ്നേഹം, ജയ് ദൈവം!' എന്ന മുദ്രാവാക്യവുമായാണ് 90 വയസ്സുകാരൻ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ 2006 ഏപ്രിൽ എട്ടിന് പി.ഒ.സി.യിൽ നടത്തിയ ഒരു പഠനശിബിരത്തിന്റെ ഉദ്ഘാടനപ്രസംഗം സമാപിപ്പിച്ചത്. 'ദൈവം സ്നേഹമാകുന്നു' (1യോഹ 4:8,16) എന്ന തിരുവചനം അടിസ്ഥാനപ്പെടുത്തിയാണ് അദ്ദേഹം അതു പറഞ്ഞതെന്നു വ്യക്തം. ബൈബിളിന്റെ മർമം അറിഞ്ഞിരുന്ന, സുപ്രീം കോടതി ജസ്റ്റിസും മന്ത്രിയും സാംസ്കാരിക നായകനുമൊക്കെയായിരുന്ന അദ്ദേഹം കേരളസഭയുടെ ആസ്ഥാനത്ത് ആ മുദ്രാവാക്യം മുഴക്കിയത് ബനഡിക്ട് പതിനാറാമൻ പാപ്പയുടെ *'ദേവൂസ് കാരിത്താസ് എസ്ത്'* എന്ന ചാക്രികലേഖനത്തെ അധികരിച്ചു നടന്ന പഠനശിബിരത്തിലായിരുന്നു എന്നത് ഒരു സുഭഗസ്മരണയാണ്.

## ബൈബിളിന്റെ മർമം

എഴുപത്തിമൂന്നു ഗ്രന്ഥങ്ങൾ അടങ്ങിയ വിശുദ്ധഗ്രന്ഥത്തിലെ വെളിപാടുകൾക്ക് ക്രമാനുഗതത്വം ഉണ്ടെന്നത് ബൈബിൾവ്യാഖ്യാനത്തെക്കുറിച്ചുള്ള സഭയുടെ അടിസ്ഥാനപരമായ ബോധ്യമാണ് (ദൈവാവിഷ്കരണം, 15). മനുഷ്യകുലത്തിന്റെ ബാലാവസ്ഥയിൽ ഗോത്രീയമായ ബാല്യത്തിന്റെ ഭാഷയിലാണ് ബൈബിൾ സ്നേഹസന്ദേശം പകർന്നുനല്കിയത്. ദൈവത്തെ സ്നേഹിക്കാനും (നിയ 6:5) മനുഷ്യരെ സ്നേഹിക്കാനും (ലേവ്യ 19:18) പഴയനിയമം പഠിപ്പിച്ചു. തന്നോടു സഹോദരങ്ങൾ ചെയ്ത കൊടുംക്രൂരതകളെല്ലാം ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായിരുന്നെന്ന് വിശ്വസിച്ച് അവരോടു പൂർണമായും ക്ഷമിച്ച് രമ്യതപ്പെടുന്ന പൂർവപിതാവായ ജോസഫിനെ നാം കാണുന്നത് പഴയ നിയമത്തിലാണല്ലോ (ഉത്പ 45:8). ശത്രുവിന്റെ കാളയോ കഴുതയോ വഴിതെറ്റിപ്പോകുന്നതു കണ്ടാൽ അതിനെ അവന്റെ അടുക്കൽ തിരിച്ചെത്തിക്കണമെന്നും വെറുക്കുന്നവന്റെ കഴുത, ചുമടിനു കീഴെ വീണുകിടക്കുന്നതു കണ്ടാൽ, നിസ്സംഗനായി കടന്നുപോകരുതെന്നും അതിനെ എഴുന്നേല്പിക്കാൻ അവനെ സഹായിക്കണമെന്നുമുള്ള നിയമങ്ങളും (പുറ 23:4-5) അവിടെത്തന്നെയാണുള്ളത്. 'കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല്' (പുറ 21:24; ലേവ്യ 24:21; നിയ 19:21) എന്ന മൊഴിപോലും ഒരു കണ്ണിനു പകരം സർവരുടെയും കണ്ണു പറിക്കുന്ന ഒരു ഗോത്രബാല്യത്തിന് സുവിശേഷമായിരുന്നു എന്നോർക്കണം. എന്നാൽ, മനുഷ്യകുലത്തിനു പ്രായപൂർത്തിയായപ്പോൾ സ്നേഹത്തിന്റെ സമ്പൂർണസംവേദനം സാധ്യമായി. "തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ 3:16) അതിന്റെ ബാക്കിപത്രമാണ് ഇടുങ്ങിയ ഗോത്രബോധത്തിൽനിന്ന് വിശാലമായ വിശ്വസാഹോദര്യബോധത്തിലേക്ക് മനുഷ്യർക്കുണ്ടായ അഭൂതപൂർവമായ വളർച്ച. അതെ, യേശുക്രിസ്തുവിലാണ് മനുഷ്യകുലത്തിനു പ്രായപൂർത്തിയായത്. സ്നേഹത്തിന്റെ ആൾരൂപമായ ക്രിസ്തുവിൽ ലോകം

www.malankaralibrary.com



കണ്ടതും കേട്ടതും അനുഭവിച്ചതും സ്നേഹത്തിന്റെ അതിവിശാലചക്രവാളമാണ്. ലാമെക്കിന്റെ 'ഏഴെഴുപതു' (സപ്തതി ഗ്രീക്കിൽ, *ഹെബ്ദൊമെകൊന്താക്കിസ് ഹെപ്ത*, ഉത്പ 4:24) പ്രതികാര വാഞ്ഛയിൽനിന്ന് 'ഏഴെഴുപതു' (*ഹെബ്ദൊമെകൊന്താക്കിസ് ഹെപ്ത*, മത്താ 18:22) ക്ഷമയിലേക്ക് മനുഷ്യനു വളരാൻ കഴിയും എന്ന് മനുഷ്യകുലത്തെ ബോധ്യപ്പെടുത്തിയവനാണ് യേശുക്രിസ്തു. സ്നേഹത്തിൽ കരുത്തുറ്റവന് എപ്പോഴും ഒരു ഇടതുകരണവും മേലങ്കിയും രണ്ടാം മൈലും ഉണ്ടെന്ന പാഠം (മത്താ 5:39-41) രണ്ടായിരം വർഷങ്ങൾക്കിപ്പുറവും വിസ്മയത്തോടുകൂടിയേ ലോകത്തിനു ശ്രവിക്കാനാകൂ.

കുരിശിലെ യേശുവിന്റെ ആത്മദാനമാണല്ലോ സ്നേഹത്തിന്റെ ഏറ്റവും മൗലികമായ രൂപം. പ്രായോഗികസ്നേഹത്തിന്റെ തെളിഞ്ഞ വ്യാഖ്യാനവുമായിരുന്നു അത്: "ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽനിന്നു സ്നേഹം എന്തെന്നു നാമറിയുന്നു" (1 യോഹ 3:16). ധനവാന്റെയും ലാസറിന്റെയും നല്ല സമരിയാക്കാരന്റെയും അന്ത്യവിധിയുടെയും ഉപമകൾ കൈയിൽ അഴുക്കുപറ്റുന്ന പ്രായോഗികസ്നേഹത്തിന്റെ ശാശ്വതപ്രസക്തിയുള്ള പ്രബോധനങ്ങളാണ്.

സ്നേഹത്തിന്റെ പ്രായോഗികതയോടൊപ്പം വിശാലതയും ക്രിസ്തുവിന് സുപ്രധാനമാണ്. 'നീയും പോയി അതുപോലെ ചെയ്യുക'(ലൂക്കാ 10:37) എന്ന് ഈശോ നിയമജ്ഞനോടു പറഞ്ഞത് ആരാണ് അയല്ക്കാരൻ എന്ന അവന്റെ ചോദ്യം അവഗണിച്ചുകൊണ്ടും അയല്ക്കാരനെ തേടികണ്ടുപിടിക്കാതെ ഏവർക്കും അയല്ക്കാരനായി വർത്തിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടുമാണ്. അയല്ക്കാരനെ തേടുന്നവൻ സ്നേഹത്തിന്റെ ഇട്ടാവട്ടമാണ് ആഗ്രഹിക്കുന്നത്. അതിലൂടെ അവന് അനേകരെ ഒഴിവാക്കാനാകും! മറിച്ച്, അയല്ക്കാരനായാൽ ഒരുവൻ ഏവർക്കും സംലഭ്യനാകും. ഒരാൾപോലും പുറത്താകില്ല. അതാണ് ക്രിസ്തു മുന്നോട്ടുവയ്ക്കുന്ന സ്നേഹം. അവിടുന്ന് കുരിശിൽ ജീവൻ വെടിഞ്ഞത് സകലമനുഷ്യർക്കും വേണ്ടിയായിരുന്നു. ഒന്നൊഴിയാതെ ഏവരും യേശുക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു.

സ്നേഹത്തിന്റെ അത്താഴവേളയിൽ മേലങ്കി മാറ്റി തൂവാലയെടുത്ത് അരയിൽ ചുറ്റി ഒരു താലത്തിൽ വെള്ളമെടുത്ത് കുനിഞ്ഞ് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിത്തുടച്ച് അവിടന്ന് പറഞ്ഞു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13:35). സ്നേഹത്തിന്റെ കൂരമ്പാണികൾ കൈകളിലും കാലുകളിലും തുളഞ്ഞു കയറിയപ്പോൾ യേശു പറഞ്ഞു: "പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34).

പില്ക്കാലത്ത്, ക്രിസ്തുസ്നേഹത്തിന്റെ പ്രായോഗികതയ്ക്ക് ഒരു അനുദിനപാഠമെന്നോണം ഒരു അധ്യായംതന്നെ (1കോറി 13) സമർപ്പിക്കാൻ വിശുദ്ധ പൗലോസ് പ്രേരിതനായി. 'സ്നേഹം സർവോത്കൃഷ്ടം'

www.malankaralibrary.com

എന്ന തിരിച്ചറിവിൽ അദ്ദേഹം എത്തിച്ചേർന്നത് തന്റെ പരിമിതമായ ക്രിസ്ത്വാനുഭവത്തിൽ നിന്നായിരുന്നു എന്നോർക്കണം. ഉത്ഥിതന്റെ നെഞ്ചിൽ ചാരിയവനും അങ്ങനെ സ്നേഹത്തിന്റെ ഗായകനായി!

## പിതാവിന്റെ നെഞ്ചിലേക്കുള്ള പുത്രൻ

യേശുക്രിസ്തുവിലൂടെ ലോകത്തിനു ലഭിച്ച അതുല്യമായ സ്നേഹപാഠത്തിന്റെ പ്രഭവസ്ഥാന മേത് എന്ന ചോദ്യം പൊതുവേ ഉയർന്നുകേൾക്കാറില്ല. ദൈവം സ്നേഹമായതുകൊണ്ട്, മനുഷ്യനായി അവതരിച്ച ദൈവപുത്രൻ സ്നേഹത്തിന്റെ നിദർശന മാകാതെ തരമില്ലല്ലോ എന്ന ഒഴുക്കൻ ചിന്തയാണ് പലർക്കുമുള്ളത്. യോഹ 1:18-ൽ നാം വായിക്കുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ആത്മബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടത്തെ വെളിപ്പെടുത്തിയത്. " ഇവിടെ 'പിതാവുമായി ആത്മബന്ധം പുലർത്തുന്ന' എന്നതിന്റെ ഗ്രീക്കുപ്രയോഗം സവിശേഷശ്രദ്ധ അർഹിക്കുന്നതാണ്. *എയിസ്തോൺ കോൾപോൺ തൂ പാത്രോസ്* എന്നതിന്റെ അക്ഷരാർത്ഥം, 'പിതാവിന്റെ വക്ഷസ്സിലേക്ക് ആയിരിക്കുന്ന' എന്നാണ്. പിതാവുമായി പുത്രനുള്ള ചലനാത്മകവും സജീവവുമായ ബന്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ത്രിയേകദൈവത്തിൽ പിതാവുമായി പുത്രനുള്ള സജീവവും ചലനാത്മകവുമായ ആത്മബന്ധമാണ് മനുഷ്യനായി അവതരിച്ച ദൈവവചനത്തിൽ നാം കണ്ട സ്നേഹമാതൃകയുടെയും കേട്ട സ്നേഹപ്രബോധനങ്ങളുടെയും ഭൂമിക.

## പുത്രന്റെ നെഞ്ചിന്റെ സ്നേഹപാഠം

'ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു' എന്ന മുഖവുരയോടെ ആരംഭിച്ച ലേഖനത്തിലാണ് 'ദൈവം സ്നേഹമാകുന്നു' എന്ന അമൂല്യവചനം കാണുന്നത്. ഈശോയുടെ ഹൃദയത്തിന്റെ സ്നേഹത്താളം ആ തിരുമാറിൽ ചാരി അനുഭവിച്ചറിഞ്ഞ യോഹന്നാനോ അദ്ദേഹത്തിന്റെ ശിഷ്യഗണമോ ആണ് അതു കുറിച്ചത്. പുതിയനിയമത്തിൽ ഏതാണ്ട് പത്തിലൊന്നു ഭാഗം വരുന്ന യോഹന്നാൻസാഹിത്യത്തിലാണ് സ്നേഹപരാമർശങ്ങളുടെ മൂന്നിലൊന്നു ഭാഗവും ഉള്ളത് എന്ന വസ്തുത ഹർഷഹേതുവാണ്. യേശുവിന്റെ വക്ഷസ്സിലേക്കുള്ള യോഹന്നാന്റെ ചാരിക്കിടപ്പ് വളരെ നിർണായകമായിത്തീർന്നു എന്നു വേണം സങ്കല്പിക്കാൻ. ആ രംഗം ചിത്രീകരിക്കുന്ന ഗ്രീക്കുപ്രയോഗവും ശ്രദ്ധേയമാണ്: *എൻ തോ കോൾപോ തൂ യേസൂ*. 'മാറിൽ' എന്നർത്ഥമുള്ള *എൻതോ കോൾപോ* പ്രയോഗവും (യോഹ 13,23) 'മാറിലേക്ക്' എന്നർത്ഥമുള്ള *എയിസ്തോൺ കോൾപോൺ* പ്രയോഗവും (യോഹ 1:18) തമ്മിലുള്ള ധ്വനിവ്യത്യാസം ത്രിത്വസ്നേഹത്തിന്റെ അതുല്യതയിലേക്കാണ് വിരൽചൂണ്ടുന്നത്.

പുത്രന്റെ നെഞ്ചിൽ സ്നേഹത്തിന്റെ ആത്മാവാണുള്ളത്. അതിനാലാണ് 'ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും' (യോഹ 7:37,38) എന്ന് പുത്രൻ പ്രസ്താവിച്ചത്. ആത്മാവിന്റെ സ്നേഹാരുവികൾ വിശ്വാസിയുടെ ഹൃദയത്തിൽനിന്ന് ഒഴുകുമത്രേ! യേശുവിന്റെ കുരിശിലെ മഹത്ത്വീകരണനിമിഷത്തിൽ അത് അക്ഷരാർഥത്തിൽ സംഭവിച്ചതായാണ് സുവിശേഷത്തിൽ കാണാൻ കഴിയുന്നതും: 'അവൻ തല ചായ്ച്ച് ആത്മാവിനെ കൈമാറി' (യോഹ 19:30). ആത്മാവിന്റെ ഫലമായ (ഗലാ 5:22) സ്നേഹദാനത്തിനായി തുറവുണ്ടാകുക എന്നതാണ് പ്രധാനം: 'നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു' (റോമാ 5:5). ദൈവംതന്നെയാണ് സ്നേഹവും സ്നേഹദായകനും സ്നേഹപരിപോഷകനും ആത്യന്തികമായി സ്നേഹവിഷയവും!

'ദൈവം സ്നേഹമാകുന്നു' എന്നത് ദൈവത്തെക്കുറിച്ച് ലോകത്തു നിലനില്ക്കുന്ന സങ്കല്പങ്ങളിൽവച്ച് പാരിമാണികമായി ഏറ്റവും ഹ്രസ്വവും താത്വികമായി ഏറ്റവും ഉന്നതവും പ്രായോഗികമായി ഏറ്റവും ഭാവാത്മകവുമായ ഒരു സൂക്തമാണ്. പക്ഷേ, ഈ വചനം ഇല്ലായ്മയിൽ നിന്ന് ഉണ്ടായതല്ല. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ ക്രമാനുഗതമായ വളർച്ചയുടെ പരമകാഷ്ഠയാണ് നാം അതിൽ കാണുന്നത്. പഴയനിയമത്തിന്റെ പിന്നണിയൊരുക്കം കൂടാതെ പുതിയനിയമത്തിൽ ഇത്തരമൊരു സുവർണ വെളിപ്പെടുത്തൽ സാധ്യമാകുമായിരുന്നില്ല.

www.malankaralibrary.com

## സ്നേഹത്തിന്റെ 'മോശയും പ്രവാചകന്മാരും'

ധനവാന്റെയും ലാസറിന്റെയും ഉപമയിൽ (ലൂക്കാ 16:19-31) അധികം ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു വാക്യമുണ്ട്. അബ്രാഹം പറഞ്ഞു: "അവർക്കു മോശയും പ്രവാചകന്മാരും ഉണ്ടല്ലോ. അവരുടെ വാക്കു കേൾക്കട്ടെ" (വാക്യം 29). മനുഷ്യസ്നേഹത്തിന്റെ പ്രബോധനമാണ് മോശയും പ്രവാചകന്മാരും നടത്തുന്നത് എന്നാണല്ലോ ഇതിന്റെ ധ്വനി. പഴയനിയമത്തെ സൂചിപ്പിക്കുന്ന പ്രയോഗമാണ് മോശയും പ്രവാചകന്മാരും (ലൂക്കാ 16, 31; അപ്പ 26, 23) അഥവാ, നിയമവും പ്രവാചകന്മാരും (മത്താ 5:17; 7:12; 11:13; 22:40; ലൂക്കാ 16:16; 24:44; യോഹ 1:45; അപ്പ 13:15; 28:23; റോമാ 3:21) എന്നത്. പ്രായോഗികസ്നേഹത്തിന്റെ പ്രബോധനമാണ് പഴയനിയമം എന്ന് എത്ര വ്യക്തതയോടെയാണ് ഈ പുതിയനിയമഭാഗം സ്ഥാപിക്കുന്നത്! പഴയനിയമത്തിന്റെ സ്നേഹസന്ദേശം അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽനിന്ന് ഒരുവൻ ഉയിർത്താലും അവർക്കു ബോധ്യമാവുകയില്ല (ലൂക്കാ 16:31) എന്നുകൂടി പറഞ്ഞുകൊണ്ടാണ് ആ ഉപമ അവസാനിക്കുന്നത്!

പഴയനിയമത്തിന്റെ കാമ്പും കഴമ്പും സ്നേഹപ്രബോധനമാണെന്ന് ഈശോ അസന്നിഗ്ധമായി വ്യക്തമാക്കുന്ന മറ്റൊരു ഭാഗമാണ് മത്തായി 22:36-40. നിയമത്തിലെ അതിപ്രധാനമായ കല്പന ഏതെന്ന ഫരിസേയ ചോദ്യത്തിന് യേശു മറുപടി പറഞ്ഞത് "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കുക" (നിയ 6:5) എന്നും 'നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക' (ലേവ്യ 19:18) എന്നുമാണ്. 'ഈ രണ്ടു കല്പനകളിൽ സമസ്ത നിയമവും പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു' എന്ന നാല്പതാം വാക്യം ധനവാന്റെയും ലാസറിന്റെയും ഉപമയിൽ യേശു പറഞ്ഞതുമായി നന്നായി ചേർന്നുപോകുന്നുണ്ടല്ലോ.

പത്തുകല്പനകളുടെ ഉള്ളടക്കത്തിലും രൂപഘടനയിലും ദൈവസ്നേഹപരവും മനുഷ്യസ്നേഹപരവുമായ രണ്ടു ഭാഗങ്ങൾ കണ്ടെത്തുക പ്രയാസമുള്ള കാര്യമല്ല. ഒന്നുമുതൽ മൂന്നുവരെയുള്ള കല്പനകൾ ദൈവസ്നേഹസംബന്ധിയും നാലുമുതൽ പത്തുവരെയുള്ള കല്പനകൾ മനുഷ്യസ്നേഹസംബന്ധിയും ആണെന്നു തിരിച്ചറിയാൻ ഏറെ ആയാസപ്പെടേണ്ടതില്ലല്ലോ. രണ്ടു കല്പലകകളിലായിരുന്നു കർത്താവ് സ്വന്തം വിരലുകൾകൊണ്ട് മോശയ്ക്ക് അവ എഴുതി നല്കിയത് എന്നു പുറ 31:18-ലും പുറ 34:1-ലും വ്യക്തമാക്കുമ്പോൾ ആ കല്പലക ദ്വയത്തിന്റെ രൂപകാർഥപ്രസക്തി അവഗണിക്കാവുന്നതുമല്ല.

സ്വന്തം കൈവിരൽകൊണ്ടുള്ള യേശുവിന്റെ നിലത്തെഴുത്തും "നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ" (യോഹ 8:1-11) എന്ന പ്രഖ്യാപനവുമെല്ലാം വിരൽചൂണ്ടുന്നത് പത്തുകല്പനകൾ സ്വന്തം വിരലുകൾകൊണ്ട് എഴുതിത്തന്ന ദൈവം അവയിലൂടെ വിഭാവനചെയ്യുന്ന ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ആചരണസമഗ്രതയിലേക്കാണ്. ചുരുക്കിപ്പറഞ്ഞാൽ, ആറാം പ്രമാണ ലംഘനംപോലെതന്നെ ഗുരുതരമാണ് മറ്റു സ്നേഹലംഘനങ്ങളെല്ലാം എന്നു സൂചിപ്പിക്കുന്നതാണ് മലയിലെ കല്ലെഴുത്തിനെ ധ്വനിപ്പിക്കുന്ന യേശുവിന്റെ നിലത്തെഴുത്ത്.

## സ്നേഹത്തിന്റെ ബൈബിൾപദങ്ങൾ

സ്നേഹത്തിന് പല ഹീബ്രുപദങ്ങൾ പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഒന്നാമത്തേത്, *അഹാബ്* എന്ന ധാതുവിന്റെ നാമ-ക്രിയാപദങ്ങളാണ് (നിയ 6:5 ; 2 സാമു 13:15; ഏശ 63:9; ജറെ 2:2; 31:3; ഉത്ത 2:4, 5; 5:8; 8:6,7). മാനുഷികവും ദൈവികവുമായ സ്നേഹത്തെ ഇതു സൂചിപ്പിക്കുന്നു. ഗ്രീക്കു തർജമയിൽ *അഗാപ്പെ* എന്ന പദംകൊണ്ടാണ് അതു പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഈ പദപ്രയോഗത്തിൽ സ്വാർഥത്തിനപ്പുറം അപരനെ കണ്ടെത്തുന്ന സ്നേഹമുണ്ട്. സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ നന്മ അന്വേഷിക്കുകയും ത്യാഗത്തിനു തയ്യാറാവുകയും ചെയ്യുന്ന ഒന്നാണത്. 'സ്നേഹം മരണത്തെപ്പോലെ ശക്തമാണ്' (8:6) എന്ന ഉത്തമഗീതത്തിലെ പ്രശസ്തവചനം ഉപയോഗിച്ചിരിക്കുന്നത് ഈ പദമാണ്. *ഹെസെദ്* എന്നതാണ് ദൈവത്തിന്റെ ഉടമ്പടിസ്നേഹത്തിന് പഴയനിയമത്തിൽ സമൃദ്ധമായി ഉപയോഗിക്കപ്പെട്ടിട്ടുള്ള നാമപദം. 248 പ്രാവശ്യം ബൈബിളിൽ ഇതു കാണാം (നിയ 7:12; 2 സാമു 20:8). അതിൽ 127 പ്രാവശ്യവും സങ്കീർത്തന ഗ്രന്ഥത്തിലാണ് ഈ പദമുള്ളത്. *ഹ്ഷാഖ്* എന്ന ക്രിയാപദം മനുഷ്യന്റെ സ്നേഹത്തിനായും (ഉത്പ 34:8; നിയ 21:11) ദൈവത്തിന്റെ സ്നേഹത്തിനായും (നിയ 7:7; ഏശ 38:17) മനുഷ്യന് ദൈവത്തോടുള്ള സ്നേഹത്തിനായും (സങ്കീ 91:14)

www.malankaralibrary.com

ഉപയോഗിച്ചിരിക്കുന്നു. സുഹൃത്ത്, കാമുകൻ, അയല് ക്കാരൻ എന്നീ അർഥങ്ങളിൽ ഹീബ്രുബൈബിളിൽ കാണുന്ന വാക്കാണ് *റേഅ* (ഉത്പ 11:7; 38:12; ജറെ 3:1; ഉത്ത 5:16). *റേഅ* എന്നതിനു സമാന്തരമായി *ദോദ്* എന്ന നാമപദം ഉപയോഗിച്ചിരിക്കുന്നത് ഉത്തമഗീതം 5:16-ൽ കാണാൻ കഴിയും. അതിന്റെ ബഹുവചനരൂപമായ *ദോദീം* ഉത്തമഗീതത്തിൽ സമൃദ്ധമായി ഉപയോഗിച്ചിട്ടുണ്ട് (1:24; 4:10; 5:1). അരക്ഷിതവും സുനിശ്ചിതമല്ലാത്തതും അന്വേഷ ണാത്മകവുമായ സ്നേഹത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്.

ഗ്രീക്ക് ഭാഷാപ്രയോഗത്തിൽ വല്ലപ്പോഴും മാത്രം പ്രത്യക്ഷപ്പെടുന്ന *അഗാപ്പേ* എന്ന വാക്കാണ് പുതിയ നിയമത്തിൽ സ്നേഹത്തിനായി മുഖ്യമായും ഉപ യോഗിച്ചുകാണുന്നത്. *അഗാപ്പേ* എന്ന നാമരൂപം 116 പ്രാവശ്യവും അതിന്റെ ക്രിയാരൂപം (*അഗപ്പാൻ*) 141 പ്രാവശ്യവും ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ഇതിൽ യോഹന്നാന്റെ സാഹിത്യം എന്നറിയപ്പെടുന്ന ഭാഗത്ത് 30 പ്രാവശ്യം നാമരൂപവും 71 പ്രാവശ്യം ക്രിയാരൂപവും ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. *ഫീലിയ* എന്ന നാമരൂപം പുതിയനിയമത്തിൽ ഒരിടത്തുമാത്ര മേ ഉപയോഗിച്ചിട്ടുള്ളൂ (യാക്കോ 4:4). അതിന്റെ ക്രിയാരൂപമായ *ഫിലെയിൻ* 25 ഇടങ്ങളിൽ കാ ണാം. അതിൽ 15 പ്രയോഗങ്ങൾ യോഹന്നാന്റെ സാഹിത്യത്തിലാണുള്ളത്. സൗഹൃദസ്നേഹം എന്ന സാധാരണ അർഥത്തിലുള്ള ഈ പദം കൂടുതൽ അഗാധമായ അർഥം നൽകി 13 പ്രാവശ്യം നാലാം സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. നാലാം സുവി ശേഷത്തിൽ *അഗാപ്പെ*യും *ഫീലിയാ*യും പരസ്പ രം വച്ചുമാറാവുന്ന രീതിയിൽ ഒരേ അർഥത്തിൽ ഉപയോഗിച്ചിരിക്കുന്നതു കാണാം (ഉദാ. *അഗപ്പാൻ*, 3:35; 13:23; 14:23; *ഫിലെയിൻ*, 5:20; 16:27; 20:2). എങ്കിലും *അഗാപ്പെ* എന്ന പദത്തിന് കൂടുതൽ മുൻ തൂക്കം നല്കി ഉപയോഗിച്ചിരിക്കുന്നതിനാൽ സ്നേ ഹത്തെക്കുറിച്ചുള്ള ക്രൈസ്തവധാരണ നവീനവും വ്യത്യസ്തവുമാണ് എന്നു വ്യക്തമാണ്.

## സ്നേഹം ചുരുക്കത്തിൽ

1.ബൈബിളിന്റെ സ്നേഹദർശനം ദൈവ ദർശനത്തിൽനിന്നാണ് ഉറവെടുക്കുന്നത്. ത്രിയേ കദൈവത്തിന്റെ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട താണ് അത്. ദൈവം ത്രിത്വമാണ് എന്നതിനെ ദൈവം കൂട്ടായ്മയാണ് എന്നോ ദൈവം സ്നേഹമാണ് എന്നോ വ്യാഖ്യാനിക്കാവുന്നതാണ്.

2. യേശുക്രിസ്തുവിലാണ് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തെക്കുറിച്ചുള്ള സമ്പൂർണമായ വെളിപ്പെടുത്തൽ ഉണ്ടായതെങ്കിലും പഴയനിയമത്തിൽ അതിന്റെ നിഴലുകൾ സമൃദ്ധമായി കണ്ടെത്താനാകും. അതിനാൽത്തന്നെ പഴയനിയമ ത്തിൽ സ്നേഹത്തിന്റെ നേർക്കാഴ്ചകളുണ്ട്. എന്നാൽ, അതിൽ സ്നേഹത്തിന്റെ സമ്പൂർണ വെളി പ്പെടുത്തൽ ഇല്ല. മാത്രമല്ല, അതിലെ ഗോത്രീയത യുടെ പരിമിതികളാൽ സമ്പൂർണസ്നേഹത്തിനു നിരക്കാത്ത നിയമങ്ങളും സംഭവങ്ങളും പലതും കാണാം.

3. ദൈവമാണ് സ്നേഹം എന്നതിനാലും പരി ശുദ്ധാത്മാവിന്റെ ഫലമാണ് സ്നേഹം എന്നതിനാ ലും സ്നേഹത്തിന്റെ കുത്തകാവകാശം മനുഷ്യ നിൽ ഇല്ല എന്ന അസാധാരണമായ പാഠവും ബൈ ബിളിലുണ്ട്. സ്നേഹം ദൈവത്തിൽനിന്ന് ദാനമായി സ്വീകരിക്കപ്പെടേണ്ടതാണ്. അത് ഒരു ദൈവികപു ണ്യമാണ്.

4. ബൈബിളിലെ സ്നേഹം പ്ലാറ്റോണികം അല്ല. ആശയത്തിന്റെയോ ആദർശത്തിന്റെയോ വികാരത്തിന്റെയോ വിഹായസ്സിൽ സ്വച്ഛമായി വി ഹരിക്കുന്നതല്ല അത്. മറിച്ച്, അത് പ്രായോഗികമാണ്; എണ്ണയും വീഞ്ഞും കഴുതപ്പുറവും രണ്ടു ദനാറയും വിലപ്പെട്ട സമയവും ഊർജവും നഷ്ടപ്പെടുത്തുന്നതാ ണത്. അത് അപരോന്മുഖമാണ്. അതിൽ മാതൃഭാവ വും പിതൃഭാവവും ഭർതൃഭാവവും അന്തർലീനമാണ്.

5. വേലികെട്ടിത്തിരിച്ചുള്ള ഏർപ്പാടിന്റെ പേരല്ല സ്നേഹം. കുടുംബാംഗങ്ങളോടോ സ്വന്തക്കാ രോടോ അഭ്യുദയകാംക്ഷികളോടോ സ്വന്തം വിശ്വാ സീഗണത്തിലുള്ളവരോടോ മാത്രമുള്ളതല്ല ബൈ ബിളിലെ സ്നേഹം. ഏവരെയും സഹോദരരായി കരുതാൻമാത്രം വിശാലതയുള്ളതാണത്. ആരാണ് എന്റെ അയല്ക്കാരൻ എന്നു തേടുന്നതല്ല, ഏവർക്കും സ്വയം അയല്ക്കാരനാകുന്നതാണ് സ്നേഹം. അങ്ങനെയുള്ളവരാണ് *'ഫ്രത്തെല്ലി തൂത്തി'*യുടെ സാക്ഷികളും വക്താക്കളും ആകുന്നത്.

6. ദൈവസ്നേഹത്തിന്റെ തെളിഞ്ഞ പ്രതിഫലനം കാണുന്നത് വെറും മാനവികതയിലല്ല; മറിച്ച്, ദരിദ്ര രോടുള്ള സവിശേഷമായ സ്നേഹത്തിലാണ്. 'ഭൂ മിയിൽ ദരിദ്രർ എന്നും ഉണ്ടായിരിക്കും' എന്ന പ്ര സ്താവനയെത്തുടർന്ന് നാം കേൾക്കുന്നത്, 'ആക യാൽ, നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്ര നുമായ നിന്റെ സഹോദരനുവേണ്ടി കൈയയച്ചു കൊടുക്കുക' എന്ന കല്പനയാണ് (നിയ 15:11). ■

www.malankaralibrary.com

# പ്രണയിക്കുന്നതു തെറ്റോ?

**പ്രണയകൊലപാതകങ്ങളും ആത്മഹത്യകളും നാൾക്കുനാൾ വർധിച്ചിട്ടും അവയൊക്കെ പൊതുസമൂഹത്തിൽ ചർച്ചയായിട്ടും നമ്മുടെ യുവതീയുവാക്കൾക്കിടയിൽ അന്ധമായ പ്രണയബന്ധങ്ങൾക്ക് കുറവുണ്ടാകുന്നില്ല. ആധുനിക സംസ്കാരത്തിന്റെ മൂല്യച്യുതിക്ക് കാരണമായ ഒട്ടേറെ ഘടകങ്ങൾ ഈ പ്രണയക്കുരുക്കുകൾക്ക് പിന്നിലുണ്ട്. മുഖംമൂടി ധരിച്ച ഇത്തരം പ്രണയക്കുരുക്കുകളുടെ കാര്യകാരണങ്ങളിലേക്കൊരു എത്തിനോട്ടം.**



**ഡോ. സെബിൻ എസ്. കൊട്ടാരം**
*കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്,*
*ഇന്റർനാഷണൽ ലൈഫ് കോച്ച്*

രണ്ടു പതിറ്റാണ്ടുകൾക്കുമുൻപാണ് കൗമാരപ്രായത്തിലെത്തിയ പെൺകുട്ടി ദിവസവും സ്കൂളിലേക്കുപോകുന്ന ബസിലെ ക്ലീനറുമായി പരിചയത്തിലാവുന്നത്. നിത്യേനയുള്ള ചിരിയും സംസാരവും കണ്ടുമുട്ടലും പ്രണയബന്ധത്തിലേക്ക് വഴുതിവീഴാൻ അധികനാളെടുത്തില്ല. ഒരു ദിവസം ഇരുവരും ഒളിച്ചോടാൻ തീരുമാനിക്കുകയും അങ്ങനെ കാമുകിയുമായി കാമുകൻ നാടുവിടുകയും ചെയ്തു. പിന്നീട് ആ പെൺകുട്ടിയെക്കുറിച്ച് യാതൊരു വിവരവുമില്ല. പൊലിസിന്റെ അന്വേഷണത്തിനൊടുവിൽ ബോധ്യപ്പെട്ട വിവരം ഞെട്ടിക്കുന്നതായിരുന്നു. നാല്പതിലധികം ദിവസങ്ങൾ നാല്പതിലധികംപേർക്ക് ഈ പെൺകുട്ടിയെ കാഴ്ചവച്ചിരിക്കുന്നു. കാമുകനായി എത്തിയ ബസ് ക്ലീനർ സമർഥമായി മനഞ്ഞതായിരുന്നു ഈ പ്രണയനാടകവും ഒളിച്ചോട്ടവും.

കേരളത്തെ ഞെട്ടിച്ച, പ്രണയം നടിച്ച് ഒരു മാസത്തിലധികം കൂട്ടപീഡനത്തിനിരയാക്കിയ സൂര്യനെല്ലി പെൺവാണിഭക്കേസിന്റെ പിന്നാമ്പുറമാണിത്. വളരെ നല്ല രീതിയിൽ ജീവിച്ച ഉദ്യോഗസ്ഥ ദമ്പതികളുടെ മകളായിരുന്നു സൂര്യനെല്ലിപ്പെൺകുട്ടിയെന്ന് പിന്നീട് മാധ്യമങ്ങളും മറ്റുള്ളവരും വിശേഷിപ്പിച്ച സുന്ദരിയായ ഈ പെൺകുട്ടി. ഈ പെൺകുട്ടി ചെയ്ത തെറ്റെന്താണ്? ഒരാളെ പ്രണയിച്ചു. പ്രണയിക്കുന്നത് തെറ്റാണോ? അല്ല.

പ്രണയമെന്നത് ഏറ്റവും ഉത്കൃഷ്ടമായ സ്നേഹമാണ്. സ്ത്രീയും പുരുഷനും തമ്മിൽ ശാരീരികവും മാനസികവുമായ ആകർഷണത്താൽ പരസ്പരം ആത്മാർഥവും സത്യസന്ധവുമായി സ്നേഹിക്കുന്നതാണ് യഥാർഥ പ്രണയം.

അവിടെ സ്വാർഥതാത്പര്യങ്ങളും നിഗൂഢലക്ഷ്യങ്ങളും ഉണ്ടാവുകയില്ല. എന്നാൽ, സത്യസന്ധമായ പ്രണയമെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ വാക്കുകൾകൊണ്ടും ഭാവപ്രകടനങ്ങൾകൊണ്ടും ഒരു വ്യക്തിയെ ആകർഷിക്കുകയും ബന്ധിപ്പിക്കുകയും ചെയ്യുന്നതാണ് പ്രണയക്കെണികൾ. ഈ പ്രണയക്കെണികൾ വാക്ക് സൂചിപ്പിക്കുന്നതുപോലെതന്നെ ഒരു കെണിയാണ്. കെണിയിലേക്ക് ഒരു എലിയെ ആകർഷിക്കാൻ അതിന് ഏറ്റവും ഇഷ്ടപ്പെട്ട വസ്തുക്കളായ ചുട്ട തേങ്ങാപ്പൂളോ, ഉണക്കമീനോ മറ്റോ വയ്ക്കുന്നു. ഇതിന്റെ മണംകേട്ട് അത് കഴിക്കാനുള്ള അമിത ആവേശത്തിൽ, അതിനുപിന്നിലുള്ള കെണി ശ്രദ്ധിക്കാതെ എലി, ആകർഷണവസ്തുവിൽ തൊടുന്നതും അത് കെണിയിലകപ്പെ

www.malankaralibrary.com




ടുന്നു. ഇതുപോലെതന്നെയാണ് പ്രണയക്കെണികളും. പെൺകുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള സംസാരവും ആശ്വാസവാക്കുകളും പ്രണയം തുളുമ്പുന്ന ഭാവവും ആത്മാർത്ഥത നിറഞ്ഞ പെരുമാറ്റവും ആകർഷണവസ്തുക്കളായി മുന്നിൽനിർത്തി സമർത്ഥമായി ഇടപഴകുമ്പോൾ ഇതെല്ലാം യാഥാർത്ഥ്യമാണെന്ന് തെറ്റുധരിച്ച് ആ വ്യക്തി പറയുന്നതെന്തും ചെയ്യാനും ചോദിക്കുന്നതെന്തും കൊടുക്കാനും കാമുകി തയ്യാറാകുന്നു. അവിടെ ആകർഷണഘടകത്തിൽ മാത്രം കണ്ണും മനസും ഉടക്കുമ്പോൾ അതിനുപിന്നിലെ നിഗൂഢലക്ഷ്യങ്ങൾ കാണാതെപോകുന്നു. പ്രണയംനടിച്ച് കാമുകിയെ കൂട്ടുകാർക്കും പെൺവാണിഭ സംഘങ്ങൾക്കും കൈമാറിയ ഒട്ടേറെ വാർത്തകളാണിന്ന് മാധ്യമങ്ങളിൽ വരുന്നത്. വലിയ രീതിയിൽ പ്രചരിച്ച് ജനമറിയുന്ന ഇത്തരം കേസുകൾ മാത്രമാണ് മാധ്യമങ്ങളിൽ വരുന്നത്. കാരണംപോലും പറയാതെ ജീവനൊടുക്കിയതോ, മാനഹാനി ഭയന്ന് പുറത്ത് പറയാത്തതോ ആയ ഇത്തരം കേസുകൾ മാധ്യമങ്ങളിൽ വന്നതിന്റെ അനേകമിരട്ടി സംഭവിക്കുന്നുണ്ട്. അതിനാൽ, മിന്നുന്നതെല്ലാം പൊന്നല്ല എന്നോർക്കുക.

## തീവ്രവാദം ലക്ഷ്യം

അടുത്തകാലത്ത് മാധ്യമങ്ങളിൽ വന്ന വാർത്തകളിൽ പ്രണയംനടിച്ച് വിവാഹം കഴിക്കുകയും മതപരിവർത്തനം നടത്തിക്കുകയും തുടർന്ന് അഫ്ഗാനിസ്ഥാനിലേക്ക് കടത്തിയ സംഭവങ്ങളുമുണ്ട്. തുടർന്ന് അവിടെ ഐ.എസ് തീവ്രവാദികൾക്കൊപ്പം തീവ്രവാദപ്രവർത്തനങ്ങളിൽ പങ്കാളികളായി മാറേണ്ടിവന്ന വനിതകൾ തിരികെ ഇന്ത്യയിലേക്ക് മടങ്ങാൻ ശ്രമിക്കുന്ന വാർത്തകളും നാം അറിയുന്നുണ്ട്. നിരപരാധികളായ അനേകം ആളുകളെ ബോംബിട്ടും തലവെട്ടിയും കൊലപ്പെടുത്തുന്ന തീവ്രവാദ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നവർക്ക് കിട്ടുന്ന ശിക്ഷ തൂക്കുകയർവരെയാകാം. ഒപ്പം, ആ കുടുംബം കൂടി സമൂഹത്തിൽ ഒറ്റപ്പെടുന്നു.

## രാസലഹരിയും ആകർഷണം

ഡി.ജെ പാർട്ടികളിലും മറ്റും ലഹരിമരുന്ന് വലിയതോതിൽ ഉപയോഗിക്കുന്നുണ്ട്. ഇത്തരം പാർട്ടികളിലേക്ക് കാമുകിയെ കൊണ്ടുപോവുകയും അവിടെവച്ച് പാനീയത്തിലോ മറ്റോ കുറേശെയായി കലർത്തി, പതിയെ ലഹരിമരുന്നിന് അടിമകളാക്കുന്ന രീതിയും ഇന്ന് കണ്ടുവരുന്നുണ്ട്. കൊച്ചിയിൽനടന്ന രാസലഹരി പാർട്ടിക്കുശേഷം വാഹനപകടത്തിൽപെട്ട സുന്ദരിപ്പട്ട ജേത്രികളുടെ മരണം ദുരൂഹമായി തുടരുകയാണ്. ലഹരിമരുന്നിന് അടിമയാകുന്നതോടെ അത് ലഭിക്കാൻ എവിടെ വേണമെങ്കിലും ചെല്ലാനും എന്തുംചെയ്യാനും കാമുകികാമുകന്മാർ തയ്യാറാകുന്നു. ഇത്തരത്തിൽ അടിമകളാൽ ലൈംഗികമായും മറ്റു തെറ്റായപ്രവർത്തനങ്ങൾക്കായും ചൂഷണം ചെയ്യുന്ന സംഭവങ്ങളും നിരവധിയാണ്. ഇവിടെയും മാനഹാനിമൂലം ജീവ

www.malankaralibrary.com

നൊടുക്കുകയോ തുറന്നുപറയാതിരിക്കുകയോ ചെയ്യുന്ന സംഭവങ്ങളും ഏറെയാണ്.

## പ്രണയപ്പക

അടുത്തകാലത്ത് കേരളം പരിചയിച്ച പുതിയ വാക്കാണ് പ്രണയപ്പക. പ്രണയവുമായി ബന്ധപ്പെട്ടുള്ള പകയുടെ ക്രൂരത നിറഞ്ഞ കാഴ്ചകൾക്ക് ഇന്ന് കേരളവും സാക്ഷിയാകുന്നു. പ്രണയം നിരസിച്ചതിന് മുഖത്തേക്ക് ആസിഡൊഴിച്ച് കൊല്ലുകയോ ജീവിതകാലം മുഴുവൻ വിരൂപമുഖവുമായി നരകയാതന അനുഭവിക്കുകയോ ചെയ്യുന്ന ഒട്ടേറെ സംഭവങ്ങളാണ് ഇന്ത്യയിലുണ്ടായിട്ടുള്ളത്. പ്രണയം നിരസിച്ചതിന് മെഡിക്കൽ വിദ്യാർഥിനിയെ വെടിവച്ചുകൊന്നത് കോതമംഗലത്താണ്. തിരുവല്ലയിലാകട്ടെ പ്രണയം നിരസിച്ചതിന് പെൺകുട്ടിയെ പെട്രോൾ ദേഹത്തേക്ക് ഒഴിച്ച് കത്തിച്ചുകൊന്നു. മറ്റൊരു സംഭവത്തിൽ പ്രണയപകമൂലം കാമുകിയെ കത്തികൊണ്ട് കുത്തിക്കൊല്ലുകയാണ് ചെയ്തത്. പാലായിലെ ഒരു കോളജ് വിദ്യാർത്ഥിനിയാണ് കഴുത്തിൽ ആഴത്തിൽ മുറിവേറ്റ് ഇങ്ങനെ കൊല്ലപ്പെട്ടത്. പാലായിലെ സംഭവത്തിൽ എങ്ങനെ, എവിടെ കുത്തിമുറിവേൽപ്പിച്ചാൽ ആൾ മരിക്കുമെന്നും കൊലപാതകത്തിന്റെ പരമാവധി ശിക്ഷയെന്താണെന്നുമൊക്കെ ഗൂഗിളിൽ കണ്ടെത്തി ബോധ്യപ്പെട്ടിട്ടാണ് കുറ്റകൃത്യം നടത്തിയതെന്നത് ആ ചെറുപ്പക്കാരനിലെ മൃഗീയ കുറ്റവാസന വെളിയിൽ കൊണ്ടുവരുന്നു.

പല രീതിയിൽ പ്രണയപ്പകയുണ്ടാകാം. ഒന്ന്, ടൈം പാസിനുവേണ്ടി പ്രണയിക്കുന്നവരിൽ. ഇവരിൽ ഒരാൾ ആത്മാർഥമായിട്ടായിരിക്കും പ്രണയിക്കുന്നത്. പക്ഷേ രണ്ടാമത്തെയാൾ ടൈംപാസിനായി ഒരാളെ പ്രണയിക്കുകയും പിന്നീട് മറ്റൊരാളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുമ്പോൾ ആദ്യത്തെയാളിൽ സ്നേഹം വെറുപ്പും ദേഷ്യവുമായി മാറുന്നു. അതോടേ ആ വ്യക്തിയെ എങ്ങനെ ഇല്ലാതാക്കണമെന്ന ചിന്ത ചിലരിലുണ്ടാകുന്നു. മറ്റുചിലരാകട്ടെ, ഇത്തരം സാഹചര്യത്തിൽ ദുഃഖം സ്വയം സഹിച്ച് നിരാശാകാമുകരായി ഉൾവലിയുന്നു; പഴയകാലത്തെ ചെമ്മീൻ സിനിമയിലെ പരീക്കുട്ടിയെപ്പോലെ.

അടുത്തകേസിൽ, പ്രണയം പക്ഷേ വൺവേ ട്രാഫിക്കാകാം. ഒരാളെ പിന്നാലെ നടന്ന് ശല്യപ്പെടുത്തി, ഒടുവിൽ ലഭിക്കാതെ പോകുന്നതാകാം. പക്ഷേ, പിന്നാലെ നടക്കുന്നയാൾ ഉള്ളിൽ ആഗ്രഹങ്ങൾ വളർത്തിക്കൊണ്ടിരിക്കുകയും ഒടുവിൽ അത് കിട്ടാതിരിക്കുകയും ചെയ്യുന്നു. മറ്റൊരു കേസിലാകട്ടെ ഒരിക്കൽ പ്രണയിച്ച കാമുകൻ മദ്യത്തിനോ, മയക്കുമരുന്നിനോ, പരസ്ത്രീ ബന്ധത്തിനോ, മോഷണത്തിനോ അടിപ്പെട്ടവനാണെന്നും മറ്റു മോശം പെരുമാറ്റങ്ങൾക്കുടമയാണെന്നും ബോധ്യപ്പെട്ടാൽ കാമുകിക്ക് അകൽച്ച തോന്നുന്നു. അപ്പോൾ കാമുകിതന്നെ പ്രണയബന്ധത്തിൽനിന്ന് പിൻമാറുമ്പോൾ അത് കാമുകൻമാരിൽ പകയായി വളരുന്നു. പ്രത്യേകിച്ച് *പൊസസീവ്നെസ്* അഥവാ തന്റെ മാത്രം സ്വന്തമാണെന്ന് കരുതുന്നവരിലാണ് ഇത്തരം പക രൂപപ്പെടുന്നത്. തനിക്ക് കിട്ടിയില്ലെങ്കിൽ മറ്റാർക്കും വേണ്ട എന്ന ചിന്തയിൽ ഇവർ കാമുകിയെ, കാമുകനെ ജീവിതപങ്കാളിയെ ഒക്കെ ഇങ്ങനെ ഇല്ലാതാക്കാൻ ശ്രമിക്കും. പൊസസീവ്നെസിനൊപ്പം സംശയരോഗം കൂടിയുള്ളവരിലും പ്രണയപ്പക ഉണ്ടാകാറുണ്ട്. ഒരുപക്ഷേ യഥാർഥത്തിൽ കാമുകിയോ, കാമുകനോ, ജീവിതപങ്കാളിയോ അകലുന്നില്ലെങ്കിൽക്കൂടി ഇവർക്ക് അകലുന്നതായും മറ്റുള്ളവരുമായി അടുക്കുന്നതായും സംശയമുണ്ടാകാം. ഈ സംശയരോഗം മൂലവും ചിലപ്പോൾ കൊലപാതകത്തിലേക്കുവരെ എത്തിയേക്കാം.

അതിനാൽ, പ്രണയിക്കുന്ന വ്യക്തിയുടെ മാനസികനിലയും മാനസികപ്രശ്നങ്ങളും ഏതൊരു ബന്ധവും സ്ഥാപിക്കുന്നതിനുമുൻപ് ശരിയായി മനസിലാക്കേണ്ടതുണ്ട്. ഇത്തരത്തിൽ മാനസിക പ്രശ്നങ്ങളുള്ളവർ സമൂഹത്തിൽ മറ്റുള്ളവരുടെ മുമ്പിൽ വളരെ സ്വാഭാവികമായി മാതൃകായോഗ്യരായി പെരുമാറും എന്നതാണ് രസകരമായ കാര്യം. പക്ഷേ ഇവരുടെ ഉള്ളിലെ ചിന്തകളും മനോഭാവങ്ങളും ഇവരുമായി ഏറെയടുക്കുമ്പോഴായിരിക്കും പുറത്തുവരുക. ചിലരാകട്ടെ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായിരിക്കും.

## ലക്ഷ്യത്തെ തകർക്കും

പലപ്പോഴും സ്കൂൾ, കോളജ് പ്രണയങ്ങളുടെ ബാഹ്യതലത്തിൽമാത്രം ആകൃഷ്ടരായി ജീവിക്കുന്നവർ അവരുടെ സ്വപ്നലോകത്തായിരിക്കും കൂടുതൽ സമയവും ചെലവഴിക്കുക. ക്ലാസിലും പഠിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും ഉറങ്ങുന്നതിനുമുമ്പുമെല്ലാം കാമുകിയുടെ, കാമുകന്റെ കാര്യങ്ങളിലേക്ക് ചിന്തകളെ വഴിതിരിച്ചുവിടുമ്പോൾ പഠനത്തിൽ നിന്ന് ശ്രദ്ധ അകലുന്നു. ഇത് പഠനത്തിൽ പിന്നിലാവാൻ കാരണമാകുന്നു.

*.... ശേഷം പേജ് 35-ൽ*

www.malankaralibrary.com


# പേരന്റിംഗിലെ സ്നേഹവും സ്നേഹരാഹിത്യവും

**മക്കൾ ആരാകണം, എന്താകണം എന്നുചിന്തിച്ച് മാതാപിതാക്കൾ ആകുലപ്പെടാതെ, അവർക്ക് ബോധ്യം നൽകാൻ പ്രഥമതാ മാതാപിതാക്കൾക്ക് കഴിയണം. നിർബന്ധിച്ച് ആരൊക്കെയോ ആക്കിത്തീർക്കാതെ അവരുടെ വളർച്ചയ്ക്ക് അനിവാര്യമായ ശരിയായ മനോഭാവം അവരിൽ വളരാൻ മാതാപിതാക്കൾ ആദ്യം അവർക്ക് മാതൃകയാകണം. ഏതാണ് ഈ മനോഭാവം? അതെങ്ങനെ വളർത്താം? ഈ ദൗത്യത്തിന്റെ വിശാലതലങ്ങളെക്കുറിച്ച് അവബോധനം നൽകുകയാണ് ലേഖകൻ.**



റവ. ഡോ. ജേക്കബ്
മുളവരിക്കൽ SVD
*പ്രോഗ്രാം കോ–ഓർഡിനേറ്റർ, എസ്.വി.ഡി*
*പ്രാർത്ഥനാനികേതൻ, കടുത്തുരുത്തി*

കുട്ടികളെ സ്നേഹിക്കുന്ന ഏവരും ഇഷ്ടപെടുന്ന വിഷയമാണ് പേരന്റിംഗ് എന്നതായിരുന്നു എന്റെ ധാരണ. അതുകൊണ്ടാണ് ഒരു പേരന്റിംഗ് വീഡിയോ അവർക്ക് അയച്ചുകൊടുത്തത്. പിന്നീട് അവരെ സന്ദർശിച്ചപ്പോൾ; "ഞാൻ അയച്ചു തന്ന പേരന്റിംഗ് വീഡിയോ കണ്ടോ?" എന്ന് ഞാൻ ചോദിച്ചു: പെട്ടെന്ന് അവർക്കിടയിൽ ഒരു നിശബ്ദത. ചോദിക്കേണ്ടായിരുന്നു എന്ന് തോന്നിപ്പോയി.

അല്പം കഴിഞ്ഞ്, നിറഞ്ഞ കണ്ണുകളോടെ തല താഴ്ത്തി, താഴ്ന്ന ശബ്ദത്തിൽ സാവധാനം പറയാൻ തുടങ്ങി: "പേരന്റിംഗ് വീഡിയോകൾ ഒന്നും കാണാറില്ല. കണ്ടു കഴിയുമ്പോൾ മക്കളുടെ ഈ അവസ്ഥക്ക് കാരണം ഞങ്ങൾ ആണല്ലോ എന്നോർത്ത് സങ്കടവും കുറ്റബോധവും തോന്നും. ഇനി ഒന്നും മാറ്റാൻ സാധിക്കില്ലല്ലോ എന്നോർത്ത് വിഷമിക്കും." വീണ്ടും നിശബ്ദത, ദീർഘശ്വാസം. തിരിച്ചെന്ത് പറയണമെന്ന് എനിക്കറിയില്ലായിരുന്നു. തിരിച്ചെന്ത് പറയണം എന്ന് അറിയാതെ വരുമ്പോൾ കേട്ടത് തിരിച്ചു പറയണമെന്ന് പഠിച്ചത് ഓർത്തപ്പോൾ ഞാൻ പറഞ്ഞു: 'പേരന്റിംഗുമായി ബന്ധപ്പെട്ട വിഷയം കേൾക്കാൻ ഒട്ടും താല്പര്യം ഇല്ല അല്ലേ?"

ഈ മാതാപിതാക്കളെപോലെ, മക്കളുടെ കാര്യത്തിൽ ഇനി ഒന്നും ചെയ്യാൻ കഴിയില്ലല്ലോ എന്നോർത്ത് വിഷമിക്കുന്ന അനേകരുണ്ട്. കുട്ടികൾക്ക് നൽകേണ്ടത്, നൽകേണ്ട സമയത്ത് നൽകിയില്ല, ഇനി ഒന്നും ചെയ്യാൻ സാധിക്കില്ല എന്നാണ് അവരുടെ വേദന. പേരന്റിംഗ് വിഷയത്തിൽ അവർ കേട്ടിട്ടിട്ടുള്ള അനേകം ആശയങ്ങൾ, ആശയങ്ങളിലെ വൈരുധ്യങ്ങൾ, എല്ലാത്തിനും കാരണം മാതാപിതാക്കളാണെന്ന മട്ടിലുള്ള കുറ്റപ്പെടുത്തലുകൾ, എല്ലാറ്റിനും അവസാനം ഞാൻ കാരണം, ഞങ്ങൾ മാതാപിതാക്കൾ കാരണം കുട്ടികൾ ഇങ്ങനെയായി എന്ന കുറ്റബോധം. മക്കളുടെ കാര്യത്തിൽ 'ഇനി ഒന്നും സാധ്യമല്ല' എന്ന ചിന്ത എത്രമാത്രം ശരിയാണ്?

## മാറ്റങ്ങൾ സാധ്യമോ ?

"എത്ര വയസ്സുവരെ കുട്ടികളുടെ സ്വഭാവരൂപീകരണം സാധ്യമാവും? അഞ്ചു വയസ്സ് വരെയല്ലേ, അതോ ഏഴോ?" ചില മാതാപിതാക്കളുടെ സംശയമാണിത്. ഇതിനു പിന്നിലുള്ള ചിന്താഗതി ഇങ്ങനെയാണ്: 'നമ്മുടെ ബുദ്ധി, കഴിവ്, വ്യക്തിത്വം എന്നിവയിൽ കാര്യമായ മാറ്റം വരുത്താൻ സാധ്യമല്ല! ജന്മ

www.malankaralibrary.com

നാൽ നമുക്ക് ലഭിക്കുന്നവയാണ് ഇവയൊക്കെ. അഞ്ച്, ഏഴ് വയസ്സുവരെ ഒരു പരിധിവരെ മാറ്റം സാധിക്കും. അത് കഴിഞ്ഞാൽ കഴിഞ്ഞു.' കുട്ടികൾക്ക് ഈ പ്രായത്തിനുള്ളിൽ കൊടുക്കേണ്ട ഏറ്റവും നല്ല പേരന്റിംഗ് കൊടുത്തിട്ടില്ലെങ്കിൽ ഇനി പ്രാർഥിക്കാൻ അല്ലാതെ വേറെ ഒന്നും ചെയ്യാൻ സാധിക്കുകയില്ലത്രേ!

## ഗവേഷണങ്ങൾ പറയുന്നത്

നമ്മുടെ ബുദ്ധി, കഴിവ്, വ്യക്തിത്വം എന്നിവയിൽ കാര്യമായ മാറ്റങ്ങൾ സാധ്യമാണോ? സാധ്യമാണ് എന്നാണ് ഉത്തരം. സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി പ്രൊഫസർ, ഡോ. കരോൾ ഡോക്കിന്റെ മനോഭാവങ്ങളെ കുറിച്ചുള്ള പഠനം വ്യക്തമാക്കുന്ന ഒരു വലിയ കാര്യം ഇതാണ്: സ്ഥിരോത്സാഹത്തോടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നത് നമ്മുടെ വളർച്ചാമാനോഭാവം (Growth Mindset) ആണ്. വളർച്ചാമനോഭാവം? അതായത്, നമ്മുടെ ബുദ്ധി, കഴിവ്, വ്യക്തിത്വം എന്നിവയിൽ കാര്യമായ മാറ്റങ്ങൾ പ്രയത്നത്തിലൂടെ സാധ്യമാണ് എന്ന മനോഭാവം. ഈ മനോഭാവം എന്നിലുണ്ടോ? ഇത് സ്വന്തം ജീവിതത്തിൽ വളർത്താനും കുട്ടികളുടെ ജീവിതത്തിൽ വളരാനുള്ള സാഹചര്യം ഒരുക്കാനും സാധിക്കുമോ? സാധിക്കുമെങ്കിൽ എങ്ങനെ?

## മാറ്റങ്ങൾ എങ്ങനെ സാധ്യമാക്കാം?

നമ്മുടെ മനോഭാവങ്ങൾ നമ്മൾ അറിയാതെ കുട്ടികൾ അവരുടെ ജീവിതത്തിലേക്ക് പകർത്തുന്നുണ്ട്. "ഈ പ്രായത്തിൽ ഇനി ഡ്രൈവിംഗ് ഒന്നും എന്നെ കൊണ്ട് പറ്റില്ല. പണ്ടേ എനിക്ക് ഭയങ്കര പേടിയാ. ഇനിയിപ്പോ ഡ്രൈവിംഗ് സ്കൂളിൽ ചേർന്നാൽ തന്നെ, എന്നെകൊണ്ട് പറ്റും എന്ന് തോന്നുന്നില്ല," എന്ന് ചിന്തിക്കുന്ന, കുട്ടികളെ അത്രമാത്രം സ്നേഹിക്കുന്ന ആ വ്യക്തി ഒരു പക്ഷെ അറിയുന്നില്ല തന്റെ ഈ മനോഭാവം എത്രമാത്രം നെഗറ്റീവായി കുട്ടികളെ ബാധിക്കുന്നുണ്ടെന്ന്. ക്രമേണ അവരും നമ്മുടെ രീതിയിൽ ചിന്തിക്കാൻ തുടങ്ങും. വളർച്ചയുടെ കഴിവ്, വ്യക്തിത്വം ഇവയ്ക്കു കാര്യമായ മാറ്റം മാതാപിതാക്കൾ തങ്ങളുടെ ജീവിതത്തിൽ വളർത്തണം. എന്നിട്ട് വേണം മക്കളുടെ ജീവിതത്തിൽ വളരാനുള്ള സാഹചര്യമൊരുക്കാൻ. ചെയ്യാൻ പറ്റുന്ന രണ്ടു കാര്യങ്ങൾ:

1. 'ഇതുവരെ' എന്ന വാക്കിന്റെ ശക്തി (The Power of Yet)

പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസപ്പെടുമ്പോൾ, അത് ഗണിതത്തിലെയായാലും ജീവിതത്തിലെയായാലും ഒരു സാധ്യത, എനിക്ക് ബുദ്ധിയില്ല, കഴിവില്ല, എന്റെ വ്യക്തിത്തിനു ചേരില്ല എന്നെല്ലാം പറഞ്ഞു പിന്മാറുക. മറ്റൊരു സാധ്യത, വളർച്ചയുടെ മനോഭാവത്തോടെ നോക്കികാണുക. എനിക്ക് 'ഇതുവരെ' കഴിഞ്ഞിട്ടില്ല, 'ഇതുവരെ' അറിയില്ല, 'ഇതുവരെ' സാധിച്ചിട്ടില്ല. പക്ഷെ അതിനർഥം എനിക്ക് കഴിയില്ല എന്നല്ല. പരിശ്രമിച്ചാൽ, വ്യത്യസ്ത രീതികളിലൂടെ പരിശ്രമിച്ചാൽ എനിക്ക് സാധിക്കും. ഈ രീതിയിൽ മാതാപിതാക്കൾ സ്വന്തം ജീവിതത്തിൽ ആരംഭിക്കണം. ഇതുപോലെ മക്കളോടും സംസാരിച്ചുതുടങ്ങണം. 'കണക്ക് എനിക്ക് ചേരുന്ന വിഷയമല്ല' എന്ന് പറയുന്ന കുട്ടിയോട് പറയണം; 'ഇതുവരെ' കണക്കിൽ നീ ആഗ്രഹിക്കുന്ന രീതിയിൽ പെർഫോം ചെയ്യാൻ പറ്റിയിട്ടില്ല അല്ലെ? അതുമല്ലെങ്കിൽ,



www.malankaralibrary.com

'ഇതുവരെ' കണക്കിലെ ഈ പ്രശ്നം നിനക്ക് പരിഹരിക്കാൻ കഴിഞ്ഞില്ല അല്ലെ?

എനിക്ക് കഴിവില്ല, ബുദ്ധിയില്ല, നല്ല പേഴ്സണാലിറ്റി ഇല്ല എന്നൊക്കെ മക്കൾ പറയുമ്പോൾ ഇതുവരെ എന്ന വാക്ക് ഓർക്കണം ഉപയോഗിക്കണം. 'ഇതുവരെ' ഒരു ഫ്രണ്ട് ഇല്ല അല്ലെ? 'ഇതുവരെ' സ്റ്റേജിൽ കയറി പ്രസംഗിച്ചിട്ടില്ല അല്ലെ? ഈ രീതിയിൽ സംസാരിക്കുമ്പോൾ പ്രയത്നിച്ചാൽ സാധിക്കും എന്നും, ചെയ്യാൻ പറ്റിയില്ല എന്നതിനർത്ഥം ഇനി പറ്റില്ല എന്നല്ല എന്നും അവർ മനസിലാക്കുന്നു. ശരിക്കും ചിന്തിച്ചാൽ ഇതല്ലേ ക്രിസ്തീയ മനോഭാവം. "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി 4:13).

### 2. ഫലത്തെയല്ല, പരിശ്രമത്തെ പ്രശംസിക്കുക

എല്ലാ വിഷയങ്ങൾക്കും A+ കിട്ടിയ കുട്ടികളെ പ്രശംസിച്ചുള്ള ഫ്ളക്സ് ബോർഡുകൾ കണ്ടുകാണും. സാധാരണയായി നമ്മൾ ഫലത്തെയാണ് അഭിനന്ദിക്കുക. എന്നാൽ അഭിനന്ദിക്കേണ്ടത് പരിശ്രമത്തെയാണ്. "മോൾ ഭയങ്കര സ്മാർട്ടാ. വെരി ഇന്റലിജന്റ്. ഒരു പ്രാവശ്യം കേട്ടാൽ മതി എല്ലാം ഓർത്തിരിക്കും. ഒന്ന് വായിച്ചാൽ പിന്നെ മറക്കില്ല." മകളെക്കുറിച്ചുള്ള വിവരണമാണ്. ഇത്തരത്തിൽ പ്രശംസിക്കുന്നത് നല്ലതല്ല എന്നാണ് പറയുക. കൂടുതൽ പ്രയത്നിക്കേണ്ടി വന്നാൽ മറ്റുള്ളവർ എനിക്ക് ബുദ്ധിയില്ല, കഴിവില്ല എന്നൊക്കെ ചിന്തിക്കും എന്ന് അവർ ഭയക്കും, സ്വയം അങ്ങനെ ചിന്തിക്കാനും സാധ്യത കൂടും. കഠിനപ്രയത്നത്തെ കഴിവുകേടായി കാണാനും എളുപ്പത്തിൽ സാധിച്ചെടുക്കാൻ പറ്റാത്ത കാര്യങ്ങളിൽ നിന്നും അവർ ക്രമേണ പിന്മാറാൻ ശ്രമിക്കുകയും ചെയ്യാം.

അതുകൊണ്ടു ചെയ്യേണ്ടത് ഇങ്ങനെയാണ്: കുട്ടികൾ വിവിധ മേഖലകളിൽ എടുക്കുന്ന പ്രയത്നത്തെ ശ്രദ്ധിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക. അത് അവരെ കഠിനപ്രയത്നത്തിനു പ്രേരിപ്പിക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ പെട്ടെന്ന് ലഭിക്കാതെ വരുമ്പോൾ വീണ്ടും വീണ്ടും പ്രയത്നിക്കാതെ, വീണ്ടും വ്യത്യസ്തമായി പ്രയത്നിക്കാൻ അവർ തയ്യാറാവും.

ലോകപ്രശസ്തനാണ് മെസ്സി, പക്ഷേ കളിക്കുന്ന എല്ലാ കളികളിലും ഗോൾ അടിക്കുന്നില്ല, എല്ലാ കളികളിലും മെസ്സിയുടെ ടീം ജയിക്കുന്നില്ല, എല്ലാ ടൂർണമെന്റുകളിലും കിരീടം നേടുന്നില്ല. നടുക, നനയ്ക്കുക, വളർത്തുന്നതും വിളവ് നൽകുന്നതും കർത്താവാണ്. പരാജയം എന്നൊന്നില്ല; പ്രതികരണം മാത്രമേയുള്ളു എന്നാണ് പറയുക. ഒന്നുകിൽ നമ്മൾ ആഗ്രഹിക്കുന്നത് നമുക്ക് ലഭിക്കും, അല്ലെങ്കിൽ നമ്മൾ ആഗ്രഹിക്കാത്തത് നമുക്ക് ലഭിക്കും. ആഗ്രഹിക്കുന്നത് ലഭിക്കുന്നില്ലെങ്കിൽ നമ്മൾ പരാജയപ്പെട്ടു എന്നല്ല, നമ്മുടെ രീതികൾക്ക് മാറ്റം വേണം എന്നർത്ഥം. എന്നും വൈകിട്ട് കുട്ടികളോട് ചോദിക്കാം: ഇന്ന് കൂടുതൽ പ്രയത്നം ആവശ്യമായി വന്ന കാര്യം എന്താണ്? അതിൽനിന്നും എന്തൊക്കെ പുതിയ കാര്യങ്ങൾ പഠിച്ചു?

## മാറ്റങ്ങൾ എന്തിനുവേണ്ടി?

മക്കളുടെ ബുദ്ധിയിലും കഴിവിലും വ്യക്തിത്വത്തിലും ഇനിയും കാര്യമായ മാറ്റങ്ങൾ സാധ്യമാണ് എന്ന് ചിന്തിച്ചു ആശ്വസിക്കുമ്പോഴും ഈ മാറ്റങ്ങൾ എന്തിനുവേണ്ടി എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. "അവർ ഒരു നിലയിൽ എത്തണം, സ്വന്തം കാലിൽ നിൽക്കാറാവണം;" "നന്നായി പഠിച്ചു നല്ല ജോലി കിട്ടിയാൽ അവർക്ക് നല്ലത്. നാട്ടിൽ നിന്നിട്ട് വല്യ കാര്യം ഉണ്ടന്ന് എനിക്ക് തോന്നുന്നില്ല. വിദേശത്തെവിടെയെങ്കിലുംപോയി രക്ഷപെടാതെ നിവൃത്തിയില്ല;" "ഡോക്ടറും, എഞ്ചിനിയറും ആയിട്ടുപോലും വലിയ സ്കോപ്പില്ല" – എന്നിങ്ങനെ പോവുന്നു ചില മാതാപിതാക്കളുടെ ചിന്ത.

എന്നാൽ മക്കൾ ആരാകണം, എന്താകണം, എന്ത് നേടണം എന്നാണ് ശരിക്കും ചിന്തിക്കേണ്ടത്? ആദ്യം ദൈവത്തിന്റെ രാജ്യവും നീതിയും, – അതല്ലേ ശരി?. അങ്ങനെയെങ്കിൽ, എനിക്ക് എന്ത് ലഭിക്കും എന്നല്ല, എനിക്കു എന്ത് നല്കാൻ കഴിയും എന്നാകണ്ടേ ചോദ്യം? അതുപോലെ എനിക്ക് എന്ത് നേടാൻ കഴിയും എന്നതിനുപകരം എനിക്ക് എന്തു നല്കാൻ കഴിയും എന്നല്ലേ ശരിയായ ചോദ്യം? ജീവൻ നല്കാൻ അത് സമൃദ്ധിയായി നല്കാൻ പഠിപ്പിച്ചവനോട് കൂടെ ആകണം ജീവിതം. അങ്ങനെ നല്കാൻ തുടങ്ങുമ്പോൾ, ലഭിക്കും. കൊടുക്കുവിൻ; നിങ്ങൾക്കും കിട്ടും. അമർത്തിക്കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിൽ ഇട്ടുതരും (ലൂക്കാ 6:38) എന്ന വചനം ഓർമയില്ലേ? കുടുംബത്തിന്റെ, സമൂഹത്തിന്റെ, ലോകത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയാൻ മക്കളെ പഠിപ്പിക്കുകയും അവരുടെ അറിവും കഴിവും ഉപയോഗിച്ച് ആ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ അവരെ പ്രേരിപ്പിക്കുകയും സ്വയം ജീവിച്ച് മാതൃക കാട്ടികൊടുക്കുകയും ചെയ്താൽ ജീവിതം എത്ര ധന്യമാകും. ■

www.malankaralibrary.com

# ലൗ–നാർക്കോട്ടിക് ജിഹാദുകൾ: കേരള കത്തോലിക്കരുടെ ഭയവും ജാഗ്രതയും

**കേരള സമൂഹത്തിൽ ഈയടുത്ത നാളുകളിൽ ചർച്ചയായ വിഷയങ്ങളാണ് ലൗ ജിഹാദ്, നാർകോട്ടിക് ജിഹാദ് തുടങ്ങി 'വളഞ്ഞ വഴികളിലൂടെയുള്ള മതപ്രചരണം' സംബന്ധിച്ചുള്ള ആരോപണം. സമുദായങ്ങൾ തമ്മിലുള്ള ഒത്തൊരുമയുടെ പേരിൽ എക്കാലവും അഭിമാനം കൊണ്ടിരുന്നവരാണ് കേരളീയരെങ്കിലും തീവ്രമതാധിഷ്ഠിത പ്രവർത്തനങ്ങളുടെ കേരളത്തിലെ സാന്നിധ്യം സംബന്ധിച്ച ആശയസംഘട്ടനം ഇന്ന് സോഷ്യൽ മീഡിയയിൽ സജീവമാണ്. ഈ വിഷയത്തെക്കുറിച്ച് മാധ്യമ വിശാരദനും ദീപിക ഓൺലൈൻ എഡിറ്ററുമായ ലേഖകന്റെ നിരീക്ഷണ വിലയിരുത്തൽ.**



**റവ. ഡോ. നിതിൻ ജോസഫ് ഇലഞ്ഞിമറ്റം**
*അക്കാദമിക് ഡയറക്ടർ, സെന്റ് ജോസഫ് കോളജ് ഓഫ് കമ്യൂണിക്കേഷൻ, ചങ്ങനാശ്ശേരി*

താത്ത്വികമായി സമീപിക്കുമ്പോൾ, തീവ്രമതാധിഷ്ഠിത പ്രവർത്തനങ്ങൾ ആഗോളവത്കരണത്തിൽ നഷ്ടമായിപ്പോകുന്ന മത–ന്യൂനപക്ഷ സംസ്കാരങ്ങളുടെ പ്രതിരോധമായി വിലയിരുത്തപ്പെടാറുണ്ട്. ശീതസമരാനന്തര കാലത്ത് (post cold war era) മതങ്ങളും സംസ്കാരങ്ങളും തമ്മിലുള്ള സംഘർഷം ലോകത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാകും എന്നത് സാമുവൽ ഹണ്ടിംഗ്ടണിന്റെ നിരീക്ഷണമാണ്. അദ്ദേഹത്തിന്റെ പ്രശസ്ത പുസ്തകത്തിന്റെ പേരും സംസ്കാരങ്ങളുടെ സംഘർഷം (The Clash of Civilizations, 1995) എന്നാണ്. പടിഞ്ഞാറൻ സംസ്കാരങ്ങളോടുള്ള വികർഷണം ഇസ്ലാമിക തീവ്രവാദമായി വളർന്നു എന്ന 9/11 ശേഷമുണ്ടായ രാഷ്ട്രീയനിരീക്ഷണത്തിനാധാരം ഹണ്ടിംഗ്ടണിന്റെ സംസ്കാരങ്ങളുടെ സംഘർഷമെന്ന കാഴ്ചപ്പാടുതന്നെയായിരുന്നു.

അഭയാർത്ഥികളായി യൂറോപ്പിൽ എത്തുന്ന മധ്യേഷ്യൻ രാജ്യക്കാരുടെയിടയിൽപോലും യൂറോപ്യൻ സംസ്കാരത്തിന്റെ നന്മകളെ സ്വീകരിക്കുന്നതിനു പകരം പകയോടെ അതിനെ തകർത്ത് തങ്ങളുടെ മതാധിഷ്ഠിത ജീവിതം അവിടെ കൊണ്ടുവരണമെന്ന നശീകരണത്വരയുണ്ടെന്നാണ് – 'an opposition so fierce as again to the verge on the desire for annihilation' – റോജർ സ്ക്രൂട്ടൺ നിരീക്ഷിക്കുന്നത് (The West and the Rest, 2002, IX-X). ഇതിനെ റോജർ വിശദീകരിക്കുന്നതും ഹണ്ടിംഗ്ടണിന്റെ ആശയത്തിലധിഷ്ഠിതമായാണ്.

പടിഞ്ഞാറൻ സംസ്കാരം തങ്ങളുടെ മതത്തെയും മൂല്യങ്ങളെയും വിഴുങ്ങുന്നു എന്ന ഈ ആശങ്കയാണ് തൊണ്ണൂറുകൾവരെ നഗരജീവിതത്തിലെങ്കിലും യൂറോപ്യൻ വിദ്യാഭ്യാസവും ജീവിതരീതിയും കാഴ്ചപ്പാടുകളും പിൻതുടർന്നിരുന്ന മധ്യേ

www.malankaralibrary.com



ഷ്യൻ രാജ്യങ്ങളിലെ ഇസ്ലാം വിശ്വാസികൾ പരമ്പരാഗത സാംസ്കാരിക രീതികളിലേക്കു പിൻവാങ്ങാൻ ഇടയാക്കിയത്. ഇതേരീതിയിൽ ആഗോളവത്കരണത്തിന്റെയും പടിഞ്ഞാറൻ സംസ്കാരത്തിന്റെയും സ്വാധീനത്താൽ പിൻതള്ളപ്പെടുന്ന മതമൂല്യങ്ങളെക്കുറിച്ചുള്ള ഭയംകൊണ്ടുതന്നെയാണ് അക്ഷരശ്ലതങ്ങളുടെ മതഗ്രന്ഥമനുസരിച്ച് ജീവിക്കാനുള്ള ഡോ. സാക്കീർ നായിക്കിനെപ്പോലെയുള്ളവരുടെ ആഹ്വാനങ്ങൾക്ക് കേരളത്തിലും നിരവധി പിൻഗാമികളുണ്ടായത്.

## കേരളകത്തോലിക്കർക്ക് ഇസ്ലാമോഫോബിയയോ?

തുടർച്ചയായുണ്ടായിക്കൊണ്ടിരിക്കുന്ന തീവ്രവാദ സംബന്ധിയായ കേസുകളും ആഗോളതലത്തിൽ പൊതുവിൽ വളർന്ന ഇസ്ലാമോഫോബിയയുമൊക്കെ ഇസ്ലാമിന്റെ മറുവശത്ത് നിലയുറപ്പിക്കാനും എതിർ നിലപാടുകൾ വിളിച്ചുപറയാനും കുറച്ചെല്ലാം കേരളത്തിലെ ഇതര സമുദായാംഗങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ട്. ഗൾഫിലും മറ്റും ഒരു ബുദ്ധിമുട്ടും കൂടാതെ ഇസ്ലാം വിശ്വാസികളോട് ചേർന്ന് ജീവിച്ച മലയാളികൾക്കുപോലും സാമൂഹികമാധ്യമങ്ങളിൽ പലപ്പോഴായി പ്രചരിച്ച വിദ്വേഷം നിറഞ്ഞ മതപ്രഭാഷണങ്ങൾ ഇസ്ലാമിനോടുള്ള ഭയപ്പാടു വളർത്തിയിട്ടുണ്ട്.

ഇരുപതു വർഷങ്ങൾക്കപ്പുറം കേരളം മുസ്ലീം ഭൂരിപക്ഷപ്രദേശമാകുമെന്നും അതിനായി യുവാക്കളെയൊക്കെ മതപരമായി സ്വാധീനിക്കുകയാണെന്ന് കേരളാ മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ പറഞ്ഞതും കേരളം തീവ്രവാദികളെ റിക്രൂട്ട് ചെയ്യുന്ന ഇടമായി മാറി എന്ന മുൻ ഡി.ജി.പി. ലോക്നാഥ ബെഹ്റയുടെ വിരമിക്കലിനോടനുബന്ധിച്ചുള്ള പ്രസ്താവനയും ഇസ്ലാം വിട്ടുവന്നവരുടെ സാക്ഷ്യങ്ങളും കേരളീയരുടെയുള്ളിൽ മുസ്ലീം സമുദായത്തിന്റെ നീക്കങ്ങളിലുള്ള സംശയങ്ങൾ ആഴമുള്ളതാക്കി.

തീവ്രവാദ പ്രവർത്തനത്തിന് ഇസ്ലാമിക് സ്റ്റേറ്റിലേക്ക് ആളെ എത്തിക്കാൻ കേരളത്തിൽ നടത്തിയ ക്യാമ്പുകളും പ്രേമിച്ച് വിവാഹം ചെയ്ത് മതത്തിനു വേണ്ടി പോരാടാൻ ഇസ്ലാമായി സിറിയയിലേക്കും അഫ്ഗാനിസ്ഥാനിലേക്കും പോയവരുടെ വാർത്തകളും വിശേഷങ്ങളും കേട്ട് മലയാളികൾ ഞെട്ടിയിരിക്കുന്ന സാഹചര്യത്തിൽ ജീവനിൽ കൊതിയുള്ള ആർക്കായാലും അതിനെ എന്തു പേരിട്ടു വിളിച്ചാലും ഭയം ഉണ്ടാവുകതന്നെ ചെയ്യും.

ഇന്ത്യയിലൂടെ വിദേശ രാജ്യങ്ങളിലേക്ക് കടത്താൻ കൊണ്ടുവന്ന 21000 കോടി രൂപയുടെ മയക്കുമരുന്ന് ഈ സെപ്റ്റംബറിൽ ഗുജറാത്തിൽ നിന്നും പിടികൂടിയത് താലിബാൻ ഭരിക്കുന്ന അഫ്ഗാനിസ്ഥാനിൽ നിന്നുമാണ് എത്തിയത്. ഇതേ അഫ്ഗാനിസ്ഥാനിലാണ് മലയാളികളടക്കം മതം നി

www.malankaralibrary.com

ഷ്ഠയോടെ ജീവിക്കാൻ പോകുന്നതും. ഇതിനെയൊക്കെ പരസ്യമായി അപലപിച്ചാൽ വധഭീഷണിയാണ് ഫലം. കാരണം, അഫ്ഗാനിസ്ഥാനിൽ ഭരണം പിടിച്ചെടുത്ത താലിബാനെ വിമർശിച്ച് ഫേസ്ബുക്ക് പോസ്റ്റിട്ടതിന്റെ പേരിൽ വധഭീഷണി ലഭിച്ച ഡോ. എം. കെ. മുനീർ എംഎൽഎയുടെ അവസ്ഥ കേരളം കണ്ടതാണ്.

സാധാരണ ഗതിയിൽ മറ്റു മതഗ്രന്ഥങ്ങൾ വായിക്കാത്തവരും സഹപ്രവർത്തകരും സുഹൃത്തുക്കളുമായ മുസ്ലീങ്ങളടക്കമുള്ള ഇതരമതവിശ്വാസികളുമായി നല്ല സൗഹൃദം പുലർത്തിയിരുന്നവരുമായിരുന്നു കേരളത്തിലെ ക്രൈസ്തവവിശ്വസികളും അവരുടെ നേതാക്കളും. എന്നാൽ ഇതരമതവിദ്വേഷം നിറഞ്ഞ ഇസ്ലാം മതനേതാക്കളുടെ പ്രസംഗങ്ങൾ കേട്ട് അവരൊക്കെ അസ്വസ്ഥരാവുകയും ഇസ്ലാമിനെയും ഖുറാനെയും പറ്റി കൂടുതൽ പഠിക്കാനാരംഭിക്കുകയും ചെയ്തു. സഹിഷ്ണുതയുടെ അതിരുകൾ ലംഘിക്കുന്ന 'കാഫിറുക'ളോടുള്ള ഇസ്ലാമിന്റെ കാഴ്ചപ്പാടുകൾ പഠിച്ച ഇതരമതവിശ്വാസികൾ സമൂഹത്തിൽ തുടർച്ചയായി നടക്കുന്ന ചില സംഭവങ്ങളുടെ വെളിച്ചത്തിൽ ചില സമാന സംഗതികൾ (patterns) നിരീക്ഷിച്ചതിന്റെ അനുഭവത്തിൽ നിന്നുമാണ് ലൗ ജിഹാദ്, നാർക്കോട്ടിക് ജിഹാദ് തുടങ്ങിയ ആരോപണങ്ങൾ കേരളത്തിലുമുയർത്തിയത്. പ്രണയവിവാഹങ്ങളും മയക്കുമരുന്നിന്റെ ഉപയോഗവും എല്ലായിടത്തുമുള്ളപ്പോഴും സംഭവങ്ങളുടെ സമാനതകളുള്ള തുടർച്ച സംഘടിതമായ ഒരു നീക്കത്തിന്റെ ഫലമാണോ ഇതെന്ന് ഇസ്ലാമിനെ പഠിച്ചതിന്റെ വെളിച്ചത്തിൽ സംശയിക്കുന്നവരെ കുറ്റംപറയാനാവില്ല.

## ലൗ ജിഹാദ് എന്ന പേരും സമൂഹത്തിലെ വല്ലായ്മകളും

അമേരിക്കൻ സാമൂഹികശാസ്ത്രജ്ഞനായ ടാൽകോട്ട് പാഴ്സൺ സിദ്ധാന്തങ്ങളെ വിവരിക്കുന്നത് the body of logically interdependent generalized concepts of empirical reference (The present positions and prospects of systematic theory in sociology in Twentieth Century Sociology, 1945, 43) എന്നാണ്. സമൂഹത്തിൽ കണ്ടുവരുന്ന ചില തുടർച്ചയുള്ള സംഭവവികാസങ്ങളും (patterns) അവയിൽ ഉൾക്കൊണ്ടിരിക്കുന്ന ഘടകങ്ങളും (variables) തമ്മിൽ ബന്ധിപ്പിച്ചു മനസിലാക്കുന്നതാണിത്. കുറയേറെ തുടർച്ചയുള്ള സംഭവവികാസങ്ങളും അവയുടെ ഘടകങ്ങളും ലൗ ജിഹാദ് എന്നതിലേക്കും നാർക്കോട്ടിക് ജിഹാദ് എന്നതിലേക്കുമുള്ള സാധ്യതാസിദ്ധാന്തം രൂപീകരിക്കപ്പെടുന്നതിന് കാരണമായി.

ലൗ ജിഹാദ് ആരോപിക്കപ്പെടുന്ന സംഭവങ്ങൾ എടുത്തു പഠിച്ചാൽ അവയിലൊക്കെ പ്രണയത്തിനും തുടർന്നുള്ള സംഭവങ്ങൾക്കും ചില സമാനതകൾ കാണാവുന്നതാണ്. അവയിലൊക്കെ ആദ്യം സൗഹൃദ സ്ഥാപനഘട്ടം അഥവാ മാന്യതയുള്ള സൗഹൃദസ്ഥാപനവും വിശ്വാസ്യത നേടിയെടുക്കലുമാണ്. തുടർന്ന് മതസൗഹാർദ ഘട്ടം– പെൺകുട്ടിയുടെ മതവിശ്വാസങ്ങളെ ആദരിച്ചും രണ്ടുവിശ്വാസങ്ങളും ഒന്നുതന്നെ എന്ന പരാമർശങ്ങളും എന്നാൽ ഇടയ്ക്കിടെ സംശയം പ്രകടിപ്പിച്ചുമുള്ള ഇടപെടലും ഉണ്ടാവുന്നു. മൂന്നാമത്, പ്രണയത്തിന്റെ ഘട്ടം – വിവാഹത്തിലേക്ക് വന്നാലും സ്വന്തം മതം തുടരാനുള്ള അനുവാദമുണ്ടാവുമെന്ന വാഗ്ദാനം. നാലാമത്, ശാരീരിക ബന്ധം സ്ഥാപിക്കുന്ന ഘട്ടം – പ്രണയത്തിന്റെ ഭാഗമായി ശാരീരികബന്ധം, വിവാഹം ചെയ്യാനും തന്റെയൊപ്പം ജീവിക്കാനും മതംമാറിയേ പറ്റു എന്നുള്ള നിബന്ധനകളുണ്ടാവുന്നു. തുടർന്ന് മതപഠന കാലം – പെൺകുട്ടി മതപഠനകേന്ദ്രത്തിൽ മാതാപിതാക്കൾ അറിയാതെ പോകുന്നു; അവസാനം, വിവാഹവും മതംമാറ്റഘട്ടവും – പെൺകുട്ടി സ്വകുടുംബത്തെ ഉപേക്ഷിച്ച് വീടുവിട്ടുപോയി ഇസ്ലാം മതവിശ്വാസിയായി വിവാഹം ചെയ്യുന്നു. ഇതിലെവിടെയെങ്കിലും പെൺവീട്ടുകാരിൽ നിന്നും എതിർപ്പുണ്ടായാൽ സംഘം ചേർന്നുള്ള പ്രതിരോധവും ഭീഷണിയും ശക്തിപ്രകടനവും സാധാരണവുമാണ്. ഇങ്ങനെയുള്ള പല സംഭവങ്ങൾ ഇടവകകളിൽ ഉണ്ടായത് നിരീക്ഷിച്ചതിന്റെ ഫലമായാണ് 2010–ൽ കേരള കത്തോലിക്കാമെത്രാൻ സമിതി 4500 ലധികം കത്തോലിക്കാപെൺകുട്ടികൾ പ്രണയത്തിലാരംഭിക്കുന്ന സംഘടിതമായ മതപരിവർത്തനത്തിന് ഇരയായിട്ടുണ്ടെന്നു പ്രസ്താവിച്ചത്.

## മയക്കുമരുന്നും തീവ്രവാദികളും ജിഹാദും

"It is a part of our noble responsibility to spoil the Western society with drugs" - ഭക്ഷ്യവിഭവങ്ങളുടെ ബിസിനസിന്റെ മറവിൽ യൂറോപ്പിലേക്ക് വൻതോതിൽ മയക്കുമരുന്ന് കയറ്റിയയച്ചതിനു പിടിക്കപ്പെട്ട ബദ്രുദോസാ മോമന്റെ ഈ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ദക്ഷിണേഷ്യൻ പഠനങ്ങൾക്കാ

www.malankaralibrary.com

യുള്ള യൂറോപ്യൻ ഫൗണ്ടേഷന്റെ 2017– ലെ റിപ്പോർട്ട് ആരംഭിക്കുന്നത് (Narco-Jihad - Haram money for a Halal cause? EFSAS Report, 6). മയക്കുമരുന്ന് വ്യാപാരത്തിൽ തീവ്രവാദ ഗ്രൂപ്പുകൾ എത്രത്തോളം ഇടപെട്ടിരിക്കുന്നു എന്നതു ആഗോളജനതയുടെ സുസ്ഥിതി സംബന്ധിച്ച വലിയ ആശങ്കയുണർത്തുന്നതാണ്. തങ്ങളുടെ രാഷ്ട്രത്തിന്റെ GDP യുടെ 15 ശതമാനത്തോളം വരുന്നത്ര കറുപ്പു (opium) കൃഷിചെയ്ത് അന്താരാഷ്ട്ര മാർക്കറ്റിലേക്ക് അയയ്ക്കുന്ന അതേ അഫ്ഗാനിസ്ഥാനിലേക്ക് മതം ജീവിക്കാനും മതത്തിനുവേണ്ടി പോരാടാനും കേരളത്തിൽ നിന്നും ആളുകൾ പോകുന്നതും മയക്കുമരുന്ന് കണ്ണികൾ കേരളത്തിൽ വളരെ സജീവമായി തഴച്ചുവളരുന്നതും അതുമായി ബന്ധപ്പെട്ട് നിരവധി മുസ്ലീം നാമധാരികൾ കേസിൽ പിടിക്കപ്പെടുന്നതും നാർക്കോട്ടിക് ജിഹാദ് കേരളത്തിലുണ്ട് എന്ന ചർച്ചയുണ്ടാകാൻ കാരണമായി. ഇത്തരത്തിൽ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പങ്കുവച്ചത് ഒരു വിഭാഗം ക്രൈസ്തവരുടെ ആശങ്കയാണ്.

നമ്മൾ 'ലോകം' എന്ന് വിളിക്കുന്നതിനെ മനസിലാക്കാൻ സഹായിക്കുന്നതും അതിനെ യുക്തി സഹമായി വിശദീകരിക്കാനുമുള്ള വലകളാണ് സിദ്ധാന്തങ്ങൾ എന്നാണല്ലോ കാൾ പോപ്പർ പറയുന്നത് (The Logic of Scientific Discovery II, 1959, 59). ഇത്തരത്തിൽ കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന പല സംഭവങ്ങളെയും മനസിലാക്കാൻ ശ്രമിച്ചപ്പോൾ കണ്ടെത്തിയ ചില തുടർച്ചയുള്ള ഘടകങ്ങൾ എത്തിച്ചത് മയക്കുമരുന്ന് ജിഹാദ് സിദ്ധാന്തത്തിലാണ്. അത് തെറ്റാണെങ്കിൽ മറിച്ചു തെളിയിക്കപ്പെടുകയും ഇതിൽ ഏർപ്പെടുന്നവരെ കേരളത്തിലെ മുസ്ലീം മതനേതാക്കൾ അപലപിക്കുകയും ചെയ്യട്ടെ.

## ഓൺലൈനിലെ വ്യാജൻമാരും രാഷ്ട്രീയ ദുരുദ്ദേശങ്ങളും

ഇതോടൊപ്പം പരാമർശിക്കേണ്ട സംഗതിയാണ് വർധിച്ച രീതിയിലുള്ള ഇസ്ലാം വിരുദ്ധ സന്ദേശങ്ങൾ. അതുകൂടി ചർച്ചയാക്കുമ്പോഴേ ഈ വിഷയത്തിന് പൂർണത വരൂ. പാക്കിസ്ഥാനുമായുള്ള T20 ലോക കപ്പിൽ റൺസ് വിട്ടു കൊടുത്ത ഇൻഡ്യൻ ബോളർ മുഹമ്മദ് ഷമിയെ മുസ്ലീമായതിന്റെ പേരിൽ ക്രിക്കറ്റ് ആരാധകർ ഒത്തുകളി ആരോപിച്ച് ഓൺലൈനിൽ ആക്രമിച്ചു. ടീമംഗമെന്ന നിലയിൽ അദ്ദേഹത്തെ

**തീവ്രവാദ പ്രവർത്തനത്തിന് ഇസ്ലാമിക് സ്റ്റേറ്റിലേക്ക് ആളെ എത്തിക്കാൻ കേരളത്തിൽ നടത്തിയ ക്യാമ്പുകളും പ്രേമിച്ച് വിവാഹം ചെയ്ത് മതത്തിനുവേണ്ടി പോരാടാൻ ഇസ്ലാമായി സിറിയയിലേക്കും അഫ്ഗാനിസ്ഥാനിലേക്കും പോയവരുടെ വാർത്തകളും വിശേഷങ്ങളും കേട്ട് മലയാളികൾ ഞെട്ടിയിരിക്കുന്ന സാഹചര്യത്തിൽ ജീവനിൽ കൊതിയുള്ള ആർക്കായാലും അതിനെ എന്തു പേരിട്ടു വിളിച്ചാലും ഭയം ഉണ്ടാവുകതന്നെ ചെയ്യും.**

പിന്താങ്ങിയതിന് ക്യാപ്റ്റൻ വിരാട് കോഹ്‌ലിയുടെ മകൾക്ക് നേരെപോലും ചിലർ ബലാത്സംഗ ഭീഷണി ഉയർത്തി. കേസന്വേഷിച്ചപ്പോൾ ഈ വധഭീഷണിയൊക്കെ വന്നിരിക്കുന്നത് വ്യാജ സോഷ്യൽ മീഡിയാ അക്കൗണ്ടുകളിൽ നിന്നുമാണ്. ഇത്തരത്തിൽ വ്യാജ അക്കൗണ്ടുകളും വ്യാജവാർത്തകളും ഇസ്ലാം വിരുദ്ധത പ്രചരിപ്പിക്കാൻ മനപ്പൂർവം ഉപയോഗിക്കപ്പെടുന്നുണ്ട് എന്നതൊരു യാഥാർഥ്യമാണ്.

മനോരമയുടെ ഡയറക്ടർ ബോർഡിൽ സമീർ തരിയൻ മാപ്പിള, സലിം ജോസഫ് എന്നിങ്ങനെ രണ്ടു മുസ്ലീങ്ങൾ ഉണ്ടെന്നും അതിനാൽ മനോരമ പരത്തുന്നത് ജിഹാദി മൂല്യങ്ങളാണെന്നും പറഞ്ഞ് സമൂഹത്തിൽ ധ്രുവീകരണമുണ്ടാക്കാൻ ഈയടുത്ത് ഒരു ശ്രമമുണ്ടായി. ഇസ്ലാം വിശ്വാസികളുടേതിനു സമാനമായ പേരുകളുള്ള എം.ആർ.എഫ്. ഡയറക്ടർ ബോർഡംഗങ്ങളെ മുൻനിർത്തി പേരുകൊണ്ടുണ്ടാക്കിയ ഒരു വ്യാജ ആഖ്യാനമാണ് (false narrative) മനോരമയുടെ ഡയറക്ടർ ബോർഡിൽ വരെ ജിഹാദികൾ പിടിമുറുക്കി എന്ന പ്രചരണം. ഇങ്ങനെ വിദ്വേഷ സന്ദേശങ്ങൾ പ്രചരിപ്പിച്ച് നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നവരെയും സൂക്ഷിക്കേണ്ടതുതന്നെയാണ്.

രാഷ്ട്രീയമായ ഉദ്ദേശലക്ഷ്യങ്ങളോടെ പ്രചരിക്കുന്ന ഇത്തരം വ്യാജവാർത്തകൾ ഇസ്ലാം സംബന്ധിച്ചു നേരത്തെതന്നെ ആശങ്കകളുള്ളവർ വേഗം വിശ്വസിക്കുന്നു. ഇതിന് സ്ഥിരീകരണ പക്ഷപാതം

www.malankaralibrary.com

(confirmation bias) എന്നാണ് സാങ്കേതിക പദം. ഒരാളുടെ മുൻ വിശ്വാസങ്ങളെയോ മൂല്യങ്ങളെയോ സ്ഥിരീകരിക്കുന്നതോ പിന്തുണയ്ക്കുന്നതോ ആയ രീതിയിൽ വിവരങ്ങൾ തിരയാനും വ്യാഖ്യാനിക്കാനും അനുകൂലിക്കാനുമുള്ള പ്രവണതയാണിത്. ആളുകൾ അവരുടെ കാഴ്ചപ്പാടുകളെ പിന്തുണയ്ക്കുന്ന വിവരങ്ങൾ കാണുമ്പോഴും അവയെ പിന്തുണയ്ക്കാത്ത വിവരങ്ങൾ അവഗണിക്കുമ്പോഴും അവ്യക്തമായ തെളിവുകൾ അവരുടെ നിലവിലുള്ള വിശ്വാസങ്ങളെ പിന്തുണയ്ക്കുന്നതായി വ്യാഖ്യാനിക്കുമ്പോഴും ഈ പക്ഷപാതം കാണിക്കുന്നു (Alsaad, A et al, Does social media increase racist behavior? Technology in Society 55, 2018, 41-46).

സ്ഥിരീകരണ പക്ഷപാതം പൂർണമായും ഇല്ലാതാക്കാൻ കഴിയില്ലെങ്കിലും വിമർശനാത്മക ചിന്തയിലുള്ള (critical thinking) പരിശീലനം കൊണ്ട് കുറച്ചെല്ലാം ഇത് സാധ്യമാണ്. എന്നാൽ, എത്രതന്നെ മറുവാദങ്ങൾ മുഖ്യധാരാ മാധ്യമങ്ങളിലൂടെ വന്നാലും ഫോണിലെ വാട്ട്സാപ്പിൽ വരുന്ന സന്ദേശങ്ങൾക്കാണ് പ്രചരണസാധ്യതയും (organic propagation) ആളുകളുടെ വിശ്വാസ്യത പിടിച്ചു പറ്റാനുള്ള സാധ്യതയും. തങ്ങളുമായി ബന്ധപ്പെട്ടു നില്ക്കുന്നവർ നല്ലവരാണെന്നും അവർ നല്കുന്ന വിവരങ്ങൾ വിശ്വാസ്യമായിരിക്കും എന്നുമുള്ള അബോധപൂർവമായ മുൻധാരണയാണിതിനുകാരണം. വ്യാജവാർത്തകളുടെ പ്രചാരത്തെ സംബന്ധിച്ചുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത് 51% വ്യാജവാർത്തകളുടെ പ്രചരണം നടക്കുന്നത് കുടുംബ വാട്ട്സാപ്പ് ഗ്രൂപ്പുകളിലൂടെയാണന്നാണ് (Resende, G. (Mis)information dissemination in WhatsApp. The World Wide Web Conference, 2019, 818-828). ഇസ്ലാമിനെ മാനസികമായി എതിർക്കുന്ന തരത്തിലേക്ക് ഒരു വിഭാഗം ആളുകൾ എത്താൻ ഇതും ഒരു കാരണമായി.

## പഠനങ്ങളുടെയും പബ്ലിക് റിലേഷന്റെയും ആവശ്യകത

തങ്ങളുടെ മതവിശ്വാസത്തിനെതിരായി പ്രചരിപ്പിക്കപ്പെടുന്ന ആരോപണങ്ങളിൽ കഴമ്പില്ലെന്നു പൊതുജനത്തെ ബോധ്യപ്പെടുത്താനും സമുദായാംഗങ്ങളിലാരെങ്കിലും അത്തരം പ്രവർത്തനങ്ങളിലേർപ്പെട്ടാൽ അവരെ തള്ളിപ്പറയാനുമുള്ള പബ്ളിക് റിലേഷൻ ബുദ്ധി ഇസ്ലാമിക സംഘടനാ നേതൃത്വം പ്രകടിപ്പിക്കണം. അതില്ലാതെ ഈ വിഷയത്തിലെല്ലാം പ്രതിഷേധം രേഖപ്പെടുത്തുന്നവരെ കടന്നാക്രമിക്കുകയും ആക്രമിച്ചവരെ ന്യായീകരിക്കുകയും ചെയ്യുന്നത് ചുറ്റിലും നടക്കുന്ന കാര്യങ്ങളിൽ ഏതൊരാൾക്കും സംശയം ജനിപ്പിക്കുകയേയുള്ളൂ. ഇന്ന് സാമൂഹ്യശാസ്ത്ര പഠനസാധ്യതകൾ ഇത്രത്തോളം വളർന്ന സാഹചര്യത്തിൽ മേല്പറഞ്ഞ ജിഹാദ് വിഷയങ്ങളിലുള്ള പഠനം നടത്താൻ സഭയുടെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗിക്കുകയും ഫണ്ട് കണ്ടെത്തുകയും ചെയ്യേണ്ടതാണ്. ഗവൺമെന്റും ഇക്കാര്യത്തിൽ ഔദ്യോഗിക സംവിധാനങ്ങളുപയോഗിച്ച് രാഷ്ട്രീയ പ്രേരിതമല്ലാത്ത സാമൂഹ്യശാസ്ത്ര പഠനങ്ങൾ നടത്തേണ്ടതാണ്. കോടതി ആവശ്യപ്പെട്ടതിന്റെ പേരിൽ തിടുക്കത്തിൽ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിലുമപ്പുറം ഗൗരവമുള്ള അന്വേഷണം ഇതിനാവശ്യമാണ്.

## ഉപസംഹാരം

ശരിയായ പഠനങ്ങൾ നടത്തി കാര്യങ്ങൾ മനസിലാക്കിയെടുക്കുന്ന കാലത്തോളം അതിനെ സംബന്ധിച്ച് കത്തോലിക്കരും മറ്റുള്ളവരുമായ മതനേതാക്കൾ തങ്ങളുടെ വിശ്വാസികളെയും സമുദായാംഗങ്ങളെയും ജാഗ്രതയുള്ളവരായിരിക്കാൻ പ്രബോധനം നല്കുന്നതിൽ കുറ്റം പറയാനാവില്ല. അതിനെ സമുദായവിദ്വേഷമായി മുദ്രകുത്തി ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നതിനുപകരം പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ ആരായുകയല്ലേ വേണ്ടത്? അതുപോലെ ചില കോണുകളിൽനിന്നും ഇതിനെ ക്രിസംഘിത്തരമായി ആരോപിക്കുന്നത് ഇടതുചേരിയിലുള്ളവർ തിടുക്കത്തിൽ നടത്തിയ ഒരു പേരിടലായിപ്പോയി എന്നേ പറയാനുള്ളു. കൃത്യമായ വിവരശേഖരണവും ശാസ്ത്രീയമായ വിശകലനവും ഇനിയും ഉണ്ടാകേണ്ടതുണ്ട്. ഈ പ്രശ്നങ്ങളുടെ ഇരുവശത്തു നില്ക്കുന്നവർക്കും സാമൂഹിക ഐക്യം നിലനിർത്താനാവശ്യമായത് ചെയ്യാൻ കടമയുണ്ട്. അല്ലാത്തപക്ഷം സാമുവേൽ ഹണ്ടിങ്ങ്ടൺ സംസ്കാരങ്ങളുടെ സംഘർഷത്തെപ്പറ്റി പറഞ്ഞത് – ഇനിയുള്ള ലോകയുദ്ധങ്ങൾ രാഷ്ട്രങ്ങൾ തമ്മിലായിരിക്കില്ല മത–സംസ്കാരങ്ങൾ തമ്മിലായിരിക്കും – അറം പറ്റും എന്ന് ചരിത്രം പഠിച്ച്, ഇന്നത്തെ സാഹചര്യങ്ങളെ വിലയിരുത്തുന്ന ഏതൊരാൾക്കും ഊഹിക്കാമല്ലോ. ■

www.malankaralibrary.com


# സ്നേഹമില്ലാത്ത സെക്സ്

**സെക്സ് ദൈവദാനമായിരിക്കേ അത് കാമപൂർത്തിക്കായി മാത്രം ഉപയോഗിച്ച് വികലമാക്കുന്ന പ്രവണത ആധുനിക യുഗത്തിൽ പടരുമ്പോൾ ശരിയായ ലൈംഗീകവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ആയുർവേദ സൈക്യാട്രി വിദഗ്ധനും മനഃശാസ്ത്രജ്ഞനുമായ ലേഖകന്റെ വീക്ഷണവും വിലയിരുത്തലും.**



**ഡോ. ഐസക് പോൾ**
*പ്രാപ്തി ആയുർവേദിക് ട്രീറ്റ്മെന്റ് സെന്റർ, മൂവാറ്റുപുഴ*

'സൗമനസ്യം ഗർഭധാരണാനാം ശ്രേഷ്ഠം' പ്രാചീന ആയുർവേദ ഗ്രന്ഥമായ *ചരകസംഹിത*യിലെ ഓരോരോ രോഗങ്ങൾക്കും ഉത്തമമായ ഒരു ഔഷധത്തെ വിവരിക്കുന്ന *യജ്ജ പുരുഷീയം* എന്ന അധ്യായത്തിൽ ഗർഭധാരണത്തിന് ഏറ്റവും ഉത്തമമായ ഔഷധത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗമാണ് മേൽപറഞ്ഞ ശ്ലോകം. സൗമനസ്യം എന്നാൽ മനസ്സിന്റെ സ്നേഹാവസ്ഥ അല്ലെങ്കിൽ സന്തോഷാവസ്ഥയാണ്. പരസ്പരം ബന്ധപ്പെടുമ്പോൾ ഗർഭധാരണം നടക്കണമെങ്കിൽ ഏറ്റവും പ്രധാനമായത് സന്തോഷാവസ്ഥ എന്നതാണ്. സന്തോഷത്തോടെ പരസ്പരം ബന്ധപ്പെടണമെങ്കിൽ തീർച്ചയായും ഗാഢമായ സ്നേഹമായിരിക്കണം അടിസ്ഥാനം.

സ്നേഹമില്ലാത്ത സെക്സ് ഒരിക്കലും ഒരു പൂർണ പ്രവൃത്തിയായി ഗണിക്കപ്പെടാൻ യോഗ്യമല്ല. പങ്കാളികൾ തമ്മിലുള്ള അഗാധമായ സ്നേഹബന്ധത്തിന്റെ പ്രകടനാത്മകമായ ആനന്ദപൂർത്തീകരണപ്രവൃത്തിയാണ് സെക്സ്. ആഴത്തിലുള്ള സ്നേഹബന്ധമാണ് പൂർണസംതൃപ്തി നൽകുന്ന ലൈംഗിക ബന്ധത്തിന്റെ അടിസ്ഥാനം. സ്ത്രീപുരുഷ ശരീരങ്ങൾ ഘടനാപരമായി പരസ്പരം സംയോജിക്കാൻ പാകത്തിന് രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നവയാണ്. അതിനാൽതന്നെ മാനസിക സുഖവും ശാരീരിക സുഖവും പ്രദാനം ചെയ്യുന്ന പരിപൂർണ സ്നേഹത്തിലധിഷ്ഠിതമായ ലൈംഗിക പ്രക്രിയ സ്ത്രീപുരുഷന്മാർക്ക് ശാരീരികവും മാനസികവുമായ പൂർണത അനുഭവിക്കാൻ സഹായിക്കുന്നു.

എന്നാൽ നമ്മൾ ഇന്ന് ജീവിക്കുന്ന സത്യനന്തര കാലഘട്ടത്തിൽ ലൈംഗികതയെക്കുറിച്ചുള്ള സങ്കല്പങ്ങൾ വികലമായി പുനരാഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്. വിവരസാങ്കേതികവിദ്യ വളരെ പുരോഗമിച്ച സാഹചര്യത്തിൽ സൈബറിടങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലയിലും എന്നപോലെ ലൈംഗിക ജീവിതത്തെയും വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ലൈംഗിക പ്രവൃത്തി സ്വന്തം സുഖത്തിനും സന്തോഷത്തിനും മാത്രം ഉള്ളതാകണം എന്ന മിഥ്യാധാരണ വ്യക്തികളിൽ രൂപപ്പെടുന്നു. ജീവിതപങ്കാളിയുടെ മാനസിക, ശാരീരിക, വൈകാരിക അവസ്ഥകൾ നോക്കാതെയുള്ള സ്വാർഥപരമായ ഇടപെടലുകൾ പലപ്പോഴും ലൈംഗിക ജീവിതത്തിൽ വിപരീത ഫലങ്ങൾ ഉളവാക്കുന്നു. സ്നേഹപൂർത്തീകരണ പ്രവൃത്തിയായി പരിണമിക്കേണ്ട ലൈംഗികബന്ധം പലപ്പോഴും കാമപൂർത്തീകരണ പ്രവൃത്തി മാത്രമായി മാറുന്നു.

ലൈംഗികത സംബന്ധമായി സ്ത്രീപുരുഷ മാനസികാവസ്ഥയിൽ വലിയ വ്യത്യാസങ്ങൾ പ്രകടിപ്പിക്കപ്പെടാറുണ്ട്. പുരുഷന്മാരിലാണ് ലൈംഗികതൃഷ്ണ കൂടുതൽ ശക്തം എന്ന ഒരു ധാരണയുണ്ട്.

www.malankaralibrary.com



എന്നാൽ ഫോറെൻ എന്ന ശാസ്ത്രജ്ഞൻ ഇതംഗീകരിക്കുന്നില്ല. സ്ത്രീകളിൽ ഇവ പ്രകടമല്ലാത്തതിനാലാണ് ഈയൊരു സിദ്ധാന്തം നിലവിൽ വന്നതെന്ന് കരുതുന്നവരുണ്ട്. പുരുഷന് ലൈംഗികബന്ധം തന്റെ ആസക്തിയെ ശമിപ്പിക്കാനാണെങ്കിൽ സ്ത്രീക്ക് തന്റെ മാതൃത്വമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാണെന്ന് മാരനൻ അഭിപ്രായപ്പെടുന്നു. രതിമൂർച്ഛാപ്രാപ്തിയിലും സ്ത്രീപുരുഷന്മാർക്കിടയിൽ പ്രത്യേകതകൾ ഉണ്ട്. പുരുഷനെ സംബന്ധിച്ചിടത്തോളം ലിംഗോദ്ധാരണവും (Tumescence) ശുക്ലവിസർജനശേഷമുള്ള വിഫുല്ലതയും (Detumescence) ആണ് ക്രിയാത്മകമായി രതിമൂർച്ഛയുടെ കാരണം.

പുരുഷന് സ്ത്രീയെ അപേക്ഷിച്ച് വേഗത്തിൽ രതിമൂർച്ഛ സംഭവിക്കുന്നു. എന്നാൽ സ്ത്രീകൾക്ക് രതിമൂർച്ഛയ്ക്ക് വളരെയധികം സമയം എടുക്കുന്നു. മിക്ക സ്ത്രീകളും ജീവിതത്തിൽ രതിമൂർച്ഛതന്നെ അനുഭവിച്ചിരിക്കുകയില്ല എന്നാണ് കരുതപ്പെടുന്നത്. കാരണം, പുരുഷന് അതിനുമുമ്പുതന്നെ രതിമൂർച്ഛ സംഭവിക്കുകയും സുരതത്തിൽനിന്ന് പിൻതിരിയുകയും ചെയ്യും. അതുകൊണ്ട് സ്ത്രീയുടെ വികാരങ്ങൾ പലപ്പോഴും സംതൃപ്തി അടയാറില്ല. സംഭോഗത്തിലേർപ്പെടുന്ന പുരുഷൻ സ്നേഹസമ്പന്നനും സ്ത്രീയുടെ വികാരങ്ങളെ മാനിക്കുന്നവനും ആണെങ്കിൽ ആ സ്ത്രീയെ ലൈംഗികാസംതൃപ്തിയിൽനിന്നും വിമുക്തയാവാൻ സഹായിക്കും.

ആധുനികകാലത്തെ സ്ത്രീ, സ്വതന്ത്ര ചിന്താശക്തിയുള്ളവളും ജീവിതത്തെ സ്വന്തം നിയന്ത്രണത്തിൽ നിർത്താൻ ശക്തയുമാണ്. തനതായി ചിന്തിക്കാനും പ്രവർത്തിക്കാനും സമൂഹത്തിൽ പുരുഷന് തുല്യമായ സ്ഥാനം വഹിക്കാനും അവൾക്ക് സാധിക്കുന്നു. എന്നാൽ ചില കുടുംബങ്ങളിലെങ്കിലും നിലനിൽക്കുന്ന തെറ്റായ സാമൂഹിക വ്യവസ്ഥിതിയുടെ സ്വാധീനംകൊണ്ടുണ്ടായിട്ടുള്ള പുരുഷന്റെ ആധിപത്യഭാവവും സ്ത്രീയുടെ വിധേയത്വവും ലൈംഗിക കാര്യങ്ങളിലും പ്രതിഫലിക്കാറുണ്ട്. ഇത് പലപ്പോഴും പങ്കാളികളുടെ പൂർണസംതൃപ്തമായ ലൈംഗിക കൂടിച്ചേരലുകൾക്ക് വിഘാതമാകുന്നു. ഇതിനെ മറികടക്കാൻ വ്യവസ്ഥകളില്ലാത്ത ഗാഢമായ സ്നേഹം ഒന്നുകൊണ്ടുമാത്രമേ സാധിക്കൂ. അത് പങ്കാളികൾക്കിടയിലുള്ള മാനസിക അസമത്വങ്ങളെ അലിയിച്ചുകളഞ്ഞ് പരിപൂർണമായ വൈകാരിക സംതൃപ്തിയിലേക്ക് നയിക്കുന്നു.

പരസ്പര സ്നേഹത്തോടെയല്ലാതെ ലൈംഗിക വേഴ്ചശ്രമങ്ങൾ ചിലപ്പോഴെങ്കിലും പരാജയത്തിൽ കലാശിക്കാറുണ്ട്. സുശ്രുതാചാര്യൻ മാനസിക ക്ലൈബ്യതയെ അഥവാ മാനസിക കാരണങ്ങൾ കൊണ്ടുണ്ടാകുന്ന ലൈംഗികശേഷിക്കുറവിനെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്:

*'തെസ്തെർഭാവൈരഹ്യഭ്യൈസ്തുരിരം*
*സോർമനസീക്ഷതേ*
*ദ്വേഷ്യസ്ത്രീ സംപ്രയോഗാച്ച ക്ലൈബ്യം*
*തൻ മാനസം സ്മൃതം.'*

മാനസികമായി വ്യവായേഛ ഉള്ളപ്പോഴും മനസ്സിന് ഇഷ്ടമില്ലാത്ത സ്ത്രീയുമായി മൈഥുനം ചെയ്യേണ്ടി വന്നാൽ മാനസികമായ ക്ലൈബ്യത ഉണ്ടാകും. ഇവിടെയും സംഭോഗ സമയത്തെ സ്നേഹത്തിന്റെ പ്രാധാന്യമാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്.

ഇന്നത്തെ കാലഘട്ടത്തിൽ സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള ഹ്രസ്വകാല പരിചയംപോലും ലൈംഗീകബന്ധങ്ങളിൽ അവസാനിക്കുന്നു. ഈ ബന്ധങ്ങളിലെല്ലാം സ്നേഹത്തെക്കാൾ ഉപരിയായി ഒരു ശാരീരിക ആവശ്യത്തിന്റെ കേവല നിർവഹണം മാത്രമാണ് നടക്കുന്നത്. അതുപോലെതന്നെ വിവാഹേതര ബന്ധങ്ങളും ഇന്നത്തെ സാമൂഹിക അന്തരീക്ഷത്തിൽ വർധിച്ചുവരുന്നതായി കാണുന്നു. ഇവിടെയും കുടുംബജീവിതത്തിലെയും പങ്കാളികൾക്കിടയിലെയും സ്നേഹത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും ലൈംഗിക സംതൃപ്തിയുടെയും കുറവാണ് പ്രതിഫലിക്കുന്നത്. പക്വതയില്ലാത്ത പ്രായത്തിൽ വിദ്യാർഥികളും ഇത്തരം ബന്ധങ്ങളിൽ പെട്ടുപോകുന്നത് യഥാർഥ സ്നേഹം കുടുംബജീവിതത്തിലാണ് ആസ്വദിക്കേണ്ടത് എന്ന യാഥാർഥ്യബോധം നഷ്ടപ്പെടുന്നതുകൊണ്ടാണ്.

ഇതിനൊക്കെ പ്രതിവിധിയായി നിർദേശിക്കപ്പെടേണ്ടത് വിദ്യാലയങ്ങളിൽ ചെറിയതലംമുതൽ നല്കപ്പെടേണ്ട ശരിയായ ലൈംഗിക വിദ്യാഭ്യാസമാണ്. യഥാർഥവും ആത്മാർഥവുമായ സ്നേഹം എങ്ങനെയാണ് ആരോഗ്യപരമായ ലൈംഗിക ജീവിതത്തിന്റെ മൂലക്കല്ലായി വർത്തിക്കുന്നത് എന്ന ശരിയായ ബോധ്യം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഓരോ യുവജനങ്ങളിലും പകർന്നുനൽകണം. ലൈംഗികവൈകൃതങ്ങളും സെക്സിനെക്കുറിച്ചുള്ള വികലമായ മിഥ്യാധാരണകളും എങ്ങനെയാണ് പങ്കാളിയിൽ മാനസിക പിരിമുറുക്കങ്ങൾ സൃഷ്ടിക്കുന്നതെന്നും അതുമൂലം സ്നേഹപ്രകടനത്തിന്റെ ഉത്തമദൃഷ്ടാന്തമാകേണ്ട സെക്സ് എങ്ങനെ ചിലർക്കെങ്കിലും ഭയവിഹ്വലതകളുടെ നിദാനമായി മാറുന്നുവെന്നും പ്രായപൂർത്തിയായ എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ■

... പേജ് 24-ൽ നിന്ന് തുടർച്ച....

## വേരുകൾ മറക്കുമ്പോൾ

ഭർത്താവിനെയും മക്കളെയുമുപേക്ഷിച്ച് കാമുകനൊപ്പംപോയ, ഭാര്യയെയും മക്കളെയുമുപേക്ഷിച്ച് കാമുകിക്കൊപ്പംപോയ സംഭവങ്ങളും ഇന്ന് നിരവധിയുണ്ട്. ഇവിടെയുള്ളത് യഥാർഥ പ്രണയമല്ല. ശാരീരികാകർഷണം മാത്രമാണ്. യഥാർഥ പ്രണയത്തിൽ സ്നേഹവും ആത്മാർഥതയും സത്യസന്ധതയും ഉത്തരവാദിത്വവുമുണ്ട്. വിവാഹിതരായവർക്ക് ജീവിതപങ്കാളിയോടും മക്കളോടും യഥാർഥ സ്നേഹവും ആത്മാർഥതയും സത്യസന്ധതയും ഉത്തരവാദിത്വവുമുണ്ടെങ്കിൽ അവർ പെട്ടെന്നുള്ള ആകർഷണഘടകങ്ങളിൽ മയങ്ങില്ല. ഫെയ്സ്ബുക്കും വാട്സ് ആപ്പും ഇൻസ്റ്റഗ്രാമും വഴിയുള്ള പരിചയങ്ങളെ അതിന്റെ അതിർത്തിക്കുള്ളിൽ നിർത്താൻ സാധിക്കും.

ചിലരാകട്ടെ, മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും വാക്കുപോലും തള്ളിക്കളഞ്ഞുകൊണ്ടും ഈശ്വരവിശ്വാസത്തെപ്പോലും പറിച്ചെറിഞ്ഞുകൊണ്ടും ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഒപ്പം ജീവിക്കാൻ ഇറങ്ങിത്തിരിക്കുന്ന സംഭവങ്ങളും ഇന്ന് ഒട്ടനവധിയാണ്. അങ്ങനെ സ്വയം കണ്ടെത്തി വിവാഹം കഴിച്ച വ്യക്തി മോഷ്ടാവാണെന്ന് തിരിച്ചറിഞ്ഞ കായംകുളം സ്വദേശിനി ആത്മഹത്യചെയ്ത സംഭവവും അടുത്തകാലത്തുണ്ടായത് നാം ശ്രദ്ധിക്കാനിടയായിട്ടുണ്ട്.

## തിരഞ്ഞെടുപ്പ് എങ്ങനെ?

പ്രണയബന്ധങ്ങളിൽ ഏർപ്പെടുമ്പോൾ ഈ ഘടകങ്ങളെല്ലാം പരിശോധിച്ച് ഒരാളെ മനസ്സിലാക്കാൻ എളുപ്പത്തിൽ സാധിക്കണമെന്നില്ല. അതിനാൽ പഠനശേഷമാവാം പ്രണയം. നല്ല ഒരു ജോലിയൊക്കെ ആയശേഷം, സ്വന്തം വിദ്യാഭ്യാസയോഗ്യത, സംസ്കാരം, ശാരീരിക-മാനസിക പൊരുത്തം, കുടുംബപശ്ചാത്തലം, ജോലി എന്നിവയ്ക്ക് യോജ്യനായ, യോഗ്യയായ വ്യക്തിയെ കണ്ടെത്തി വിവാഹം കഴിക്കുക. അപ്പോൾ പരസ്പരം കുറവുകളും നിറവുകളും മനസിലാക്കാൻ കഴിയും. കുറവുകൾ പരിഹരിക്കാനും നിറവുകളെ കൂടുതൽ പ്രകാശമയമാക്കാനും ശ്രമിക്കുമ്പോൾ അവിടെ സന്തോഷവും ശാന്തിയും സമാധാനവും നിറയും. ■

www.malankaralibrary.com

# വിർച്വൽ സ്നേഹം: വെറുപ്പിന്റെ യാഥാർഥ്യം

സ്നേഹത്തിന്റെ അധ്യാപകരാകേണ്ട മാധ്യമങ്ങൾ സ്നേഹശൂന്യതയുടെ അക്ഷരക്കൂട്ടുകളായി മാറുമ്പോൾ, 'യെല്ലോ ജേർണലിസ'മായി അധഃപതിക്കുന്ന ഈ കാലഘട്ടത്തിൽ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളുടെ മൂല്യച്യുതിയെക്കുറിച്ചും അതിൽമാത്രം രമിക്കുന്ന പൊതുതലമുറയെക്കുറിച്ചുമാണ് ലേഖിക വിവരിക്കുന്നത്.



പ്രൊഫ. റോസമ്മ ഫിലിപ്പ്
*പ്രിൻസിപ്പാൾ, മൗണ്ട് താബോർ ട്രെയിനിംഗ് കോളജ്, പത്തനാപുരം*

ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പ്രകടമാക്കപ്പെടുന്ന സ്നേഹം, രൂപംകൊള്ളുന്ന സ്നേഹം, പ്രണയം ഏതുമാകട്ടെ, അതിൽ യാഥാർഥ്യത്തിന്റെ കുറവുകളുള്ള വിർച്വൽ അവതാരങ്ങളുണ്ടാകാം. എന്നാൽ പരിണിതഫലമെന്നവണ്ണം ഉരുത്തിരിയുന്ന പകയാകട്ടെ പച്ചയായ യാഥാർഥ്യമായി, കുറ്റകൃത്യങ്ങളായി, കൊലപാതകങ്ങളായി നിത്യേന അനുഭവവേദ്യമാകുന്ന ഒരു സാമൂഹികചുറ്റുപാടിലാണ് നാമിന്ന് ജീവിക്കുന്നത്. 'ടെലിവിഷൻ എന്നാൽ ഒരു 21 ഇഞ്ച് വ്യക്തിയാണ്' എന്ന് ടി.വി അധിനിവേശത്തെക്കുറിച്ച് ഹോളിവുഡ് സംവിധായകൻ ബില്ലി വൈൽഡർ കാൽനൂറ്റാണ്ടുമുമ്പാണ് പരിതപിച്ചത്. "വ്യക്തിയെന്നാൽ വെറും ആറിഞ്ച് സ്മാർട്ട് ഫോണാണ്" എന്ന തരത്തിൽ വ്യക്തിത്വവും സ്നേഹബന്ധങ്ങളും ചുരുങ്ങിപ്പോയ ലോകത്ത് സ്ക്രീനിലൂടെ സ്നേഹം പരതുന്ന ഒരു കാലം. നിസ്സാരങ്ങളായ സംഭവങ്ങൾപോലും പൊടിപ്പും തൊങ്ങലുമായി പരിധിയും പരിമിതിയുമില്ലാതെ ചർച്ച ചെയ്ത് കാഴ്ചക്കാരെ എങ്ങനെയും ആകർഷിക്കുന്ന പ്രദർശനശാലയായി മാധ്യമങ്ങൾ മാറുന്നു. എന്നാൽ യോജ്യമായവിധത്തിൽ സാമൂഹികബന്ധങ്ങൾ വളർത്തുന്നതിന് മാധ്യമധർമം പലപ്പോഴും പരാജയപ്പെടുന്നു.

മലയാള സിനിമാലോകത്ത് പ്രശസ്തയായിരുന്ന ഒരു നടി ഗുരുതരരോഗം ബാധിച്ച് കിടപ്പിലായി. മരണത്തെ മുഖാമുഖംകണ്ട് ബോധം വന്ന ഒരു നേരം നടി ഇപ്രകാരം പ്രാർഥിച്ചു: ഈശ്വരാ, അല്പകാലംകൂടി ജീവിക്കാൻ എനിക്ക് അനുവാദം തന്നാൽ ഭർത്താവിനെ അധികമായി സ്നേഹിക്കുന്ന ഭാര്യയാകാം, മക്കളെ അധികമായി കരുതുന്ന അമ്മയാകാം. രോഗം മാറി. സാമൂഹികമാധ്യമങ്ങൾ പ്രചാരത്തിലില്ലാത്ത ഒരു കാലത്ത് നടിതന്നെ പങ്കുവച്ച് പത്രത്തിൽവന്ന കുറിപ്പിന്റെ ഭാഗമാണിത്. എന്നാൽ പ്രായം അമ്പതടുത്ത കാലത്ത് ഇതേ നടി ഭർത്താവിൽനിന്ന് മോചനം നേടിയത് മാധ്യമങ്ങൾ ഘോഷിച്ചു. ഒരു പുനരാലോചനയ്ക്കോ, കൂടിച്ചേരലിനോ ഉള്ള സാധ്യതകളെപ്പോലും തകർത്തുകളയുന്ന കമന്റുകളാൽ ഭിന്നധ്രുവങ്ങളിലേക്ക് അകറ്റുന്ന പരിഹാസത്തിന്റെ പാത സമൂഹവും സംഭാവന ചെയ്തു. അന്യന്റെ അതിസങ്കീർണമായ ജീവിതരഹസ്യങ്ങളെ പരസ്യപ്പെടുത്തുന്നതിന്റെ

*........ ശേഷം പേജ് 41-ൽ*

www.malankaralibrary.com




ഇപ്പോൾ ബഗൽപൂർ രൂപതയിൽപ്പെട്ട റാഞ്ചി കുറ്റ്ച്ചറി ചൗക്ക് സെന്റ് ബനഡിക്റ്റ് പള്ളിയിൽ **PULSATOR** സംവിധാനത്തിലാണ് പള്ളി മണി ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നത്. ഭാരതത്തിൽ 15 സംസ്ഥാനങ്ങളിലായി ഇപ്പോൾ 400-ൽപ്പരം പള്ളിമണികൾ പൾസേറ്റർ സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

**PULSATOR:** നിലവിലുള്ള പള്ളിമണികൾ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം.

**CHANT:** പള്ളികളിലെ നിലവിലുള്ള ആംപ്ലിഫയറിലൂടെ പള്ളിമണി ശബ്ദങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ എന്നിവ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും പ്രവർത്തിക്കുന്ന സംവിധാനം.

**ALTAR CURTAIN AUTOMATION :** നിലവിലുള്ള അൾത്താര കർട്ടൻ (തിരുശ്ശീല) മാനുവലായും റിമോട്ടുപയോഗിച്ചും മാറ്റുന്ന ഓട്ടോമാറ്റിക് സംവിധാനം.

**MADONNA CHURCH BELLS :** യൂറോപ്യൻ ഗുണനിലവാരവും ആകൃതിയുമുള്ള പള്ളിമണികൾ നിർമ്മിച്ചുനൽകുന്നു.

**SCHOOL BELL AUTOMATION:** നിലവിലുള്ള സ്കൂൾ ബെല്ലുകൾ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന സംവിധാനം.

**THURICOAL :** കരിയും തീയും നിലനിർത്തിക്കൊണ്ട് ധൂപാർച്ചനയിൽ ഓട്ടോമേഷൻ.

**HOLY WATER TOUCHLESS:** കരസ്പർശമില്ലാതെ ഹോളിവാട്ടർ ഒരുതുള്ളിമാത്രം ഓട്ടോമാറ്റിക്കായി കിട്ടുന്ന സംവിധാനം.

**PURIFION :** കരസ്പർശമില്ലാതെ സാനിറ്റൈസർ ഓട്ടോമാറ്റിക്കായി ലഭിക്കുന്ന സംവിധാനം.

**Call: Felix Madonna - 98953 99881, 98952 98951**

Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent

The Church Bell Ringer

*ISO 9001-2008 Certified Company*

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

www.malankaralibrary.com

# എഫ്.സി.സി സന്യാസ

# സിസ്റ്റർ മേരി കൊളേത്ത



ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസ സമൂഹത്തിന്റെ ഭരണങ്ങാനം പ്രൊവിൻസിലെ **സിസ്റ്റർ മേരി കൊളേത്താ** ദൈവദാസി പദവിയിലെത്തി.

മണിയംകുന്ന് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺവെന്റിലെ അംഗമായ ബഹുമാനപ്പെട്ട കൊളേത്താമ്മയുടെ ദൈവദാസി പദവി പ്രഖ്യാപനം 2021 നവംബർ പതിനൊന്നാം തീയതി പൂഞ്ഞാർ മണിയംകുന്ന് തിരുഹൃദയ ദൈവാലയത്തിൽ നടന്ന വിശുദ്ധ കുർബാനമധ്യേ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

സഹനവും ഏകാന്തവാസവുമെല്ലാം ഈശോയുടെ സ്നേഹസമ്മാനമായി സ്വീകരിച്ച് പുണ്യജീവിതം നയിച്ച അമ്മ **നിസ്സാരസഹായങ്ങളുടെ സഹോദരി** എന്നറിയപ്പെടാനാണ് ആഗ്രഹിച്ചത്. **നിസ്സാര കാര്യങ്ങളുടെ അമ്മ** ഇന്ന് സഭയുടെ തിളങ്ങുന്ന മാണിക്യമായി.

ദൈവദാസി പദവിയിലെത്തിയ അമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന മണിയംകുന്നുപള്ളി സെമിത്തേരിയിൽ നിരവധിപേരാണ് മാധ്യസ്ഥ്യംതേടി എത്തുന്നത്.

## ദൈവദാസി സി. മേരി കൊളേത്ത

## ജീവിതരേഖ

| | |
|---|---|
| ജനനം | : 1904 മാർച്ച് 13 |
| മാതാപിതാക്കൾ | : ആരംപുളിക്കൽ ജോസഫ്– അന്ന |
| രൂപത | : പാലാ |
| ഇടവക | : ചേർപ്പുങ്കൽ |
| മാമ്മോദീസ | : 1904 മാർച്ച് 20 |
| മണിയംകുന്ന് സ്കൂൾ അധ്യാപിക | : 1931 |
| എഫ്.സി.സി. സഭാ പ്രവേശനം | : 1932 ഒക്ടോബർ 4 |
| സഭാവസ്ത്ര സ്വീകരണം | : 1933 സെപ്തംബർ 11 |
| പ്രഥമ വ്രതവാഗ്ദാനം | : 1937 ആഗസ്റ്റ് 12 |
| നിത്യവ്രത വാഗ്ദാനം | : 1938 ഡിസംബർ 27 |
| മരണം | : 1984 ഡിസംബർ 18 |
| ദൈവദാസി പദവി പ്രഖ്യാപനം | : 2021 നവംബർ 11 |

### മണിയംകുന്നിലേക്കുള്ള വഴി




website: www.colethamma.org
Email: info@colethamma.org
Youtube: Servant of God Colethamma

www.malankaralibrary.com

# സമൂഹത്തിന്റെ മാണിക്യം

# ദൈവദാസി പദവിയിൽ



സിസ്റ്റർ മേരി കൊളേത്തയെ ദൈവദാസിയായി പ്രഖ്യാപിച്ചതോടനുബന്ധിച്ച് പാലാ രൂപതയിലെ മണിയംകുന്ന് തിരുഹൃദയപള്ളി സെമിത്തേരിയിലെ കൊളേത്താമ്മയുടെ കബറിടത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ കാർമികത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷ നടത്തുന്നു.



സിസ്റ്റർ മേരി കൊളേത്തായുടെ നാമകരണ നടപടിയുടെ ഭാഗമായി വത്തിക്കാനിൽനിന്നുള്ള ദൈവദാസി പദവി പ്രഖ്യാപനം പാലാ രൂപത ചാൻസലർ റവ. ഡോ ജോസ് കാക്കല്ലിൽ വായിക്കുന്നു



**മാർ ജോസഫ് കല്ലറങ്ങാട്ട്**
(പാലാ രൂപതാ മെത്രാൻ)



**ഫാ. സിറിയക് കൊച്ചുകൈപ്പെട്ടിയിൽ**
( വികാരി, തിരുഹൃദയപള്ളി, മണിയംകുന്ന് )



**സിസ്റ്റർ ജെസി മരിയ**
( പ്രൊവിൻഷ്യൽ സുപ്പീരിയർ അൽഫോൻസാ ജ്യോതി പ്രൊവിൻസ് , ഭരണങ്ങാനം )



**സിസ്റ്റർ അൻസിലിയ**
( വൈസ് പോസ്റ്റുലേറ്റർ )

**ദൈവദാസി സിസ്റ്റർ മേരി കൊളേത്തയുടെ**
**37–ാം ചരമവാർഷികാചരണം**

**2021 ഡിസംബർ 18 ശനിയാഴ്ച, മണിയംകുന്ന് തിരുഹൃദയ ദൈവാലയത്തിൽ**

രാവിലെ 8.00 ന്: വിശുദ്ധ കുർബാന, അനുസ്മരണ സന്ദേശം
**മാർ ജേക്കബ് മുരിക്കൻ** (പാലാ രൂപത സഹായമെത്രാൻ)
9.30 ന്: ദൈവദാസിയുടെ കബറിടത്തിൽ പ്രാർത്ഥനാശുശ്രൂഷ

**എല്ലാ ദിവസവും രാവിലെ 6.30ന് വിശുദ്ധ കുർബാന തുടർന്ന് കൊളേത്തമ്മയുടെ കബറിടത്തിൽ ഒപ്പീസ്**

www.malankaralibrary.com

# സ്വർഗീയ സവിധത്തിൽ

72 വർഷം

30 വർഷം



**എൻ. ജെ അലക്സാണ്ടർ**
ജനനം: 27.01.1905
മരണം: 03.04.1949

**റോസി അലക്സാണ്ടർ**
ജനനം: 19.03.1921
മരണം: 28.12.1991

## നെൽക്കുന്നശ്ശേരി ഹൗസ്

പവ്വർ ഹൗസ് റോഡ്
സെമിത്തേരി മുക്ക്, എറണാകുളം

ആത്മശാന്തി പ്രാർത്ഥനകളോടെ

**നെൽക്കുന്നശ്ശേരി കുടുംബാംഗങ്ങൾ**

www.malankaralibrary.com

...... പേജ് 36-ൽ നിന്ന് തുടർച്ച

ആർഭാടത്തിലാണ് മാധ്യമങ്ങളുടെ നിലനിൽപ്പ്. "ഞങ്ങൾ ഇപ്പോൾ ഒരുമിച്ചാണ്. ഹാപ്പി ബർത്ഡേ എന്ന് തുടങ്ങി ആഘോഷത്തിന്റെ ചിത്രം നൽകിയിട്ട് പിന്നാലെ ഇങ്ങനെ. 'ഞങ്ങൾ ഒരുമിക്കുമോ' എന്നറിയില്ല. സെലിബ്രിറ്റികൾ എന്നവകാശപ്പെടുന്നവർ സ്വന്തം ജീവിതബന്ധങ്ങൾ ഇങ്ങനെ അവതരിപ്പിക്കുമ്പോൾ ഇതൊക്കെ സാധാരണമല്ലേ, പിന്നെന്താ എന്നു തോന്നുന്ന, അനുകരിക്കുന്ന യുവതലമുറ ചിന്തിക്കണം. സാധാരണമെന്ന് തോന്നുന്നവയെല്ലാം സ്വീകാര്യമാണോ? നാം സ്വീകരിക്കേണ്ടതും ജീവിതത്തിൽ അനുവർത്തിക്കേണ്ടതും അന്യന്റെ ജീവിതത്തിലെ സാധാരണ സംഭവങ്ങൾ അല്ലെന്ന തിരിച്ചറിവ് അനിവാര്യമാണ്. കരാറടിസ്ഥാനത്തിൽ ചെയ്തുതീർക്കുന്ന തൊഴിലായി സ്നേഹബന്ധങ്ങളെ ചിത്രീകരിക്കുന്നവർ പരസ്യമായി മാധ്യമങ്ങൾക്കുമുമ്പിലും തികച്ചും സാധാരണം എന്ന് സമാധാനിക്കുന്നു.

'പുലിയുടെ ശരിയായ നിഴലേത്?' എന്ന് ബാലമാസികകളിൽ കണ്ട് പ്രശ്നോത്തരിക്ക് ശരിയുത്തരം കണ്ടെത്തിയവർക്ക് യഥാർഥ ജീവിതത്തിൽ വ്യക്തികളുടെ യഥാർഥ നിഴൽ കണ്ടെത്താൻ പറ്റാത്തതരത്തിൽ നിഴൽച്ചിത്രങ്ങളും നിറച്ചിത്രങ്ങളും ചേർന്ന് മാധ്യമങ്ങൾ വലിയ കുരുക്കുകൾ ഒരുക്കുന്നു. സൈബർ പ്രണയം, പ്രണയച്ചതി, പ്രണയക്കെണി, പ്രണയക്കുരുക്ക് എന്നീ പദങ്ങളത്രയും മാധ്യമങ്ങളിൽ കേന്ദ്രീകരിച്ച പദാവലികൾ മാത്രമല്ല, പകയുടെ വൻകെടുതികൾ കൂടിയാണ്.

സ്നേഹമെന്നത് സ്ത്രീ പുരുഷബന്ധങ്ങളുടെ മാത്രം അടയാളമാണെന്നവിധം മാധ്യമങ്ങൾ വിഷയങ്ങൾ തെരഞ്ഞെടുത്ത് പ്രദർശിപ്പിക്കുന്നു. ഏതൊരു മനുഷ്യബന്ധത്തിന്റെയും അടിസ്ഥാന വികാരമാണ് സ്നേഹമെന്ന് എഴുതിച്ചേർത്ത താളുകൾ ആരും തിരിച്ചറിയാതെ പോകുന്നു. മാധ്യമങ്ങളിൽ കണ്ടു- പരിചയപ്പെട്ടു എന്ന് പറയുമ്പോൾ അത് ഒരു ചിത്രത്തിന്റെ ചില വാക്കുകളുടെ പരിചയമാണ്.



www.malankaralibrary.com

അതിലൂടെ സ്നേഹം വാരിച്ചൊരിയുന്നവർ, താങ്ങായും തണലായും കൂടെയുള്ള ഉറ്റവരെ, നിഷ്കരുണം തള്ളിപ്പറയുമ്പോൾ, ആർദ്രസ്നേഹത്തിന്റെ വേരുകൾ ഇളകുന്നുവെന്ന് തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്ന വാക്കുകൾ നാം കാണുന്നേയില്ല.

കടലാസുരൂപേണയുള്ള മാധ്യമങ്ങൾ മാത്രമുള്ള കാലത്ത്, അന്യനെ തകർക്കുന്ന വാർത്തകൾ, മാധ്യമധർമത്തിന് വിരുദ്ധമെന്ന് വിശ്വസിച്ചിരുന്നു. അത്തരം മൂല്യശോഷണം വന്ന റിപ്പോർട്ടുകൾ 'യെല്ലോ ജേർണലിസം' എന്ന ലേബലിൽ നിരുത്സാസപ്പെടുത്തിയിരുന്നു. എന്നാൽ ഇന്ന് മാധ്യമങ്ങളിൽ നാം കാണുന്ന പല എഴുത്തുകളും യഥാർഥത്തിൽ ഈ മഞ്ഞയുടെ പല വകഭേദങ്ങളാണ്. സ്നേഹം എന്ന ഹൃദ്യമായ വികാരത്തെ സെക്സ്, വയലൻസ് ഇവയുമായി ചേർത്തിണക്കാത്ത വാർത്തകൾക്കൊന്നും പ്രാധാന്യമില്ലാതെപോകുന്നു. ഇത്തിരി 'ലഹരി'കൂടി ചേർത്താൽ ശ്രദ്ധയേറുമത്രെ. അമിതസ്വാതന്ത്ര്യത്തിന്റെയും അതിർവരമ്പുകളില്ലാത്ത പരസ്പരബന്ധങ്ങളുടെയും തുറന്നെഴുത്തിലാണ് സ്നേഹം എന്നു തുടക്കത്തിൽ ചിന്തിച്ച് പിന്നെ പരസ്പരാക്രമണത്തിന്റെ യുദ്ധക്കളമായി പരിണമിക്കുന്ന സംഭവങ്ങളാണ് നാം വായിക്കുന്നത്.

മാധ്യമങ്ങളുടെ സ്നേഹാവിഷ്കാരങ്ങളുടെ പൊതുഘടകങ്ങൾ താഴെപറയുന്നവയാണ്.

- സൗന്ദര്യം, ശരീരം, ലൈംഗികത.
- ഇഷ്ടമുള്ളപ്പോൾ തുടങ്ങി ഇഷ്ടമുള്ളപ്പോൾ അവസാനിപ്പിക്കുന്നത്.
- സ്വന്തം സ്നേഹതെരഞ്ഞെടുപ്പുകളിൽ തടസ്സമെന്നു തോന്നുന്ന ഏത് ബന്ധത്തെയും -മാതാപിതാക്കൾ സഹോദരങ്ങൾ, ഭാര്യ, ഭർത്താവ്, മക്കൾ ആരെയും ശാരീരികമായും മാനസികമായും തകർക്കേണ്ടതാണ്.
- ആരംഭിക്കുമ്പോൾ സ്നേഹം സമത്വസ്വതന്ത്രസുന്ദരം. അവസാനിക്കുന്നിടത്ത് ജാതി, മതം, വർണം. കലഹഭൂമി.
- ഇ-സ്നേഹം ഇലക്ട്രിസിറ്റി സമാനം- നേരെയെങ്കിൽ വെളിച്ചമായും കാറ്റായും സഹായമായി പ്രയോജനം; ഒന്നിടഞ്ഞാലോ ഷോക്കിംഗ്.

മാനുഷികതയുടെ മൂല്യങ്ങൾ ഉൾക്കൊണ്ട് പരസ്പരം തിരിച്ചറിഞ്ഞ് മുമ്പോട്ടു പോകാനുള്ള പ്രേരകശക്തിയാണ് സ്നേഹം. ഒരു മെട്രോട്രെയിൻ യാത്രയിൽ സമയലാഭത്തിൽ ഉദ്ദേശിക്കുന്ന സ്ഥലത്തെത്താം. പക്ഷേ വരുന്ന വഴികളിലെ കാഴ്ചകൾ

**യഥാർഥ സ്നേഹമാകട്ടെ ഉറച്ച നിൽപ്പുകളും കൂട്ടായ നിലനിൽപ്പുമാണ്. കാഴ്ചക്കാരന്റെ കണ്ണുകളുടെ വിവേചനവും ബൗദ്ധികതയുടെ ഉത്തരവാദിത്വവുമാണ് ഈ തിരിച്ചറിവ് നിർണയിക്കേണ്ടത്. അത്തരം വിവേകത്തിന്റെ അരിപ്പയാൽ സമൂഹമാധ്യമങ്ങളെ വിവേചിച്ചറിയാൻ ഒരു സമൂഹമാധ്യമ സാക്ഷരതായജ്ഞം അനിവാര്യമായിരിക്കുന്നു.**

വേഗതയാൽ തിരിച്ചറിയണമെന്നില്ല. സ്നേഹത്തിന്റെ യഥാർഥ രൂപഭാവങ്ങൾ കണ്ടെത്താതെ മാധ്യമങ്ങളിലൂടെ സ്നേഹത്തെ കണ്ടെത്തി പഠിക്കുന്നവർ മെട്രോയാത്രികരാണ്. അവർ ഫിനിഷിംഗ് പോയിന്റ് മാത്രമാണ് ലക്ഷ്യമാക്കുന്നത്. സഹജീവികൾ, ജീവിതവഴികൾ, ഇവയൊക്കെ നേരിൽകണ്ട് സ്വയം അനുരൂപപ്പെടാതെ സ്ക്രീനിലെ വാക്കുകൾ, ചിത്രങ്ങൾ ജീവിതം പങ്കുവയ്ക്കുന്നുവെന്ന മിഥ്യാധാരണ നമുക്ക് അപകടകരമാണ്.

Love is an activity; not a passive affect. It is a ‘standing in’ not a ‘falling for’ (Erich Fromm)

സമൂഹമാധ്യമങ്ങളിലൂടെ പ്രകടമാക്കപ്പെടുന്ന സ്നേഹം നിസ്സംഗമായ വെറും വിചാരമാണ്. വീഴ്ചകളിലേക്കും കുഴികളിലേക്കുമുള്ള പാതകൾ മാത്രമാണ് അവിടെ ചിത്രീകരിക്കപ്പെടുന്നത്. യഥാർഥ സ്നേഹമാകട്ടെ ഉറച്ച നിൽപ്പുകളും കൂട്ടായ നിലനിൽപ്പുമാണ്. കാഴ്ചക്കാരന്റെ കണ്ണുകളുടെ വിവേചനവും ബൗദ്ധികതയുടെ ഉത്തരവാദിത്വവുമാണ് ഈ തിരിച്ചറിവ് നിർണയിക്കേണ്ടത്. അത്തരം വിവേകത്തിന്റെ അരിപ്പയാൽ സമൂഹമാധ്യമങ്ങളെ വിവേചിച്ചറിയാൻ ഒരു മാധ്യമസാക്ഷരതായജ്ഞം അനിവാര്യമായിരിക്കുന്നു. ■

www.malankaralibrary.com


# സ്നേഹം! അറിയേണ്ടതും പറയേണ്ടതും

**സ്നേഹം കപടതയണിയുമ്പോൾ ജീവിതം അരക്ഷിതമാകും. ദമ്പതീബന്ധങ്ങളിലെ ഇഴയടുപ്പമില്ലായ്മയും രാഷ്ട്രീയരംഗത്തെ മൂല്യച്യുതിയും കുടുംബബന്ധങ്ങളിലെ ശിഥിലതയും ഗുരുശിഷ്യബന്ധങ്ങളിലെ ഹൃദയശൂന്യതയും ക്യാമ്പസുകളിലെ പ്രണയഹത്യകളും ആധ്യാത്മികതലങ്ങളിലെ ആന്തരികതയില്ലായ്മയും മാതൃ-പിതൃ-പുത്രബന്ധങ്ങളിലെ അകൽച്ചകളുമൊക്കെ സ്നേഹം വറ്റിയതിന്റെ നേരുകളാണ്. ഈ അപഭ്രംശങ്ങളെ വിലയിരുത്തുകയാണ് സമൂഹത്തിലെ വിവിധതലങ്ങളിലുള്ളവർ.**



## സ്നേഹരഹിത ഗുരുശിഷ്യബന്ധങ്ങൾ

**ശ്രീല അനിൽ**
*അധ്യാപിക, ഗവ. മോഡൽ ഹയർസെക്കന്ററി സ്കൂൾ, കോട്ടയം*

ഗുരുകുലങ്ങളിൽ ഒരുമിച്ച് താമസിച്ച് ജീവിതത്തിന്റെ സമസ്തമേഖലയെയും തൊട്ടുഴിഞ്ഞ് പഠിച്ചിരുന്ന പൗരാണിക പാഠ്യകാലത്തിൽ തുടങ്ങുന്നു നമ്മുടെ വിദ്യാഭ്യാസത്തിന്റെ ആരംഭം. അത് ഇന്നിലെത്തുമ്പോൾ അവനവന്റെ വീടകങ്ങളിലിരുന്ന് സ്മാർട്ട്ഫോണിന്റെ ചെറുചതുരത്തിലെ പലതായി തിരിച്ച കളങ്ങളിലൊന്നിൽ കണ്ടും കാണാതെയും റേഞ്ചിലും റേഞ്ചില്ലാതെ വട്ടം കറങ്ങിയും പഠനപ്രക്രിയയുടെ സാധ്യതകൾ മാറുന്നകാലം. ഇവിടെ ഗുരുവും ശിഷ്യനുമെന്ന സങ്കൽപം മാറിമറിയുന്നു. തികച്ചും യാന്ത്രികമാകുന്നു.

അറിവുനേടണമെന്ന അഭിവാഞ്ഛയോടെ സ്കൂളിലെത്തുന്നവരല്ല ഇന്നത്തെ കുട്ടികളിലധികവും. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായി എത്തപ്പെടുന്നവർ. എന്തിനാണ് പഠിക്കുന്നതെന്നറിയാതെ ചിലതെല്ലാം പഠിക്കുന്നു, പഠിപ്പിക്കുന്നു. ചിലതൊക്കെ ഗ്രഹിക്കുന്നു, ചിലത് അശ്രദ്ധമായി വിട്ടുകളയുന്നു. ഓരോ ക്ലാസിലും കുട്ടി നേടേണ്ട പാഠ്യപാഠ്യേതരശേഷികളെ കൃത്യമായി നിർവചിച്ചിട്ടുണ്ട് വിദ്യാഭ്യാസ കരിക്കുലത്തിൽ. എന്നാൽ എത്ര കുട്ടികൾ അത് സ്വായത്തമാക്കുന്നു? വളരെ ചെറിയ ശതമാനം മാത്രമാണെന്ന് കണ്ടെത്താനാകും. ബാക്കിയുള്ളവർ ഈ ഒഴുക്കിന്റെ ഭാഗമായി കടന്നുപോകുന്നു അത്രമാത്രം. പക്ഷേ ഓരോ ക്ലാസിലും കുട്ടി നേടേണ്ടവ പൂർണമായും നേടി എന്ന കണക്കുകൂട്ടലിലാണ് തൊട്ടടുത്ത ക്ലാസിലെ പാഠഭാഗങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. അതായത് എട്ടാം ക്ലാസിലെ കുട്ടി നേടിയ ലേണിംഗ് ഒബ്ജക്ടീവുകൾ എന്തൊക്കെയെന്നതിൽ ഊന്നിനിന്നുകൊണ്ടാണ് ഒൻപതാം ക്ലാസിൽ എല്ലാവിഷയവും എല്ലാ പാഠങ്ങളും ചിട്ടപ്പെടുത്തിയിരിക്കുന്നത്. പൗരാണികകാലം തൊട്ടിങ്ങോട്ട് കുറെക്കാലം മുൻപുവരെ ഗുരു എന്നത് ശിഷ്യന്റെ

www.malankaralibrary.com

റേഞ്ചിൽ (പരിധിയിൽ) ഇല്ലാത്ത ആളായിരുന്നു. മറ്റെവിടെയോ അവന് എത്തിപ്പിടിക്കാനാവാത്ത ഉയരങ്ങളിലുള്ളയാൾ. ഗൗരവം (ഗുരുവിന്റെ ഭാവം) സ്വാഭാവികമായി സൂക്ഷിച്ചയാൾ, ശിക്ഷയുടെയും ശിക്ഷണത്തിന്റെയും മേലങ്കിയിട്ടയാൾ, അഗമ്യൻ, അപ്രാപ്യൻ. ഇതിൽനിന്നൊക്കെ വ്യത്യസ്തരായി കുട്ടികളെ ഹൃദയത്തിന്റെ തൊട്ടടുത്ത് സൂക്ഷിക്കുന്ന ധാരാളം അധ്യാപകരുണ്ട് (കുട്ടികളും). നമുക്കും ഓർത്തെടുക്കാനാവും സ്നേഹിച്ച അധ്യാപകരെ. സ്നേഹംകൊണ്ടാവും അവർ ശിക്ഷിക്കുന്നതുപോലും.

ഇന്ന് അധ്യാപകന്റെ വേഷങ്ങളൊക്കെ മാറി. ഫെസിലിറ്റേറ്റർ, മെന്റർ അങ്ങനെ പലപലഭാവങ്ങൾ. കുട്ടിയെ വാക്കുകൊണ്ടോ, നോക്കുകൊണ്ടോ ശാരീരികമായോ മാനസികമായോ ശിക്ഷയ്ക്ക് വിധേയമാക്കാൻ പാടില്ലാത്തവൻ. പാഠഭാഗങ്ങളും ജീവിതമൂല്യങ്ങളും മേന്മചോരാതെ പലവിധ തന്ത്രങ്ങളിലൂടെയും അവതരിപ്പിക്കാം. കുട്ടി പഠിക്കണം, എന്നൊന്നും വാശിപിടിക്കാനാവില്ല.

അധ്യാപകന്റെ ബോധപൂർവമായ പ്രേരണമൂലം പഴയതലമുറ കൊച്ചുക്ലാസുകളിൽ പഠിച്ച അക്ഷരക്കൂട്ടും പദ്യശകലങ്ങളും പെരുക്കപ്പട്ടികയും ഇംഗ്ലീഷ് വാക്കുകളും സ്പെല്ലിംഗുമെല്ലാം ഇപ്പോഴും മുതൽക്കൂട്ടായി കൂടെ കൂട്ടുന്നവരാണ് നാം. പക്ഷേ ഇന്നതിനൊന്നും വാശിവേണ്ട. അധ്യാപകരുടെ കൈകളിലെത്തുന്ന വിദ്യാർഥികളെ നല്ല മനുഷ്യരായി ജീവിക്കാനുള്ള അറിവും പ്രേരണയും പ്രചോദനവും നല്കലാണ് ഗുരുഭൂതരെന്ന നിലയിൽ അധ്യാപകർ ചെയ്യേണ്ടത്. അതിന് ആദ്യം അവർ സ്വയം മാതൃകയാവുകയും ശിഷ്യഗണത്തെ സ്വന്തമായി കരുതി സ്നേഹിക്കുകയും അത് വിദ്യാർഥികൾക്ക് ബോധ്യമാക്കിക്കൊടുക്കുകയും വേണം. അധ്യാപകരോട് അസഭ്യവും അസത്യവും യാതൊരു മടിയുമില്ലാതെ പറയുന്ന, അധ്യാപകരെ കൈവയ്ക്കാൻപോലും മടിക്കാത്ത വിദ്യാർഥികളും ഇന്നിന്റെ ഭാഗമാണ്. അതുപോലെ ഗുരു-ശിഷ്യബന്ധം മറന്ന് കുട്ടികളെ മാനസികവും ശാരീരികവുമായി ചൂഷണം ചെയ്യുന്ന ഗുരുക്കളും ഇന്നുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. ഇത് ഒറ്റപ്പെട്ട സംഭവമാണെങ്കിൽക്കൂടി അത് അധ്യാപക സമൂഹത്തെ മുഴുവനും കളങ്കിതമാക്കുന്ന പ്രവണതയാണ്. അതിനാൽ അധ്യാപകരും തിരുത്തപ്പെടേണ്ടവരാണ്. ■



# എണ്ണ വറ്റിയ വിളക്കുകൾ

**ജെയിൻ ആൻസിൽ ഫ്രാൻസിസ്, കൊല്ലം**
*എക്സിക്യൂട്ടീവ് സെക്രട്ടറി, KCBC വിമൻസ് കമ്മീഷൻ.*

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ശാപമായി മാറിക്കൊണ്ടിരിക്കുന്ന ഒരു വിഷയത്തെക്കുറിച്ചെഴുതുമ്പോൾ പഴയ തലമുറയോടുള്ള ആദരവും ബഹുമാനവും കൂടുകയാണ്. എത്ര ഗാഢമായ ബന്ധമായിരുന്നു നമ്മുടെ പൂർവികരുടേത്. സന്തോഷത്തിലും സന്താപത്തിലും സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും ഒന്നിച്ചുജീവിക്കാമെന്ന് പരമകാരുണികനായ ദൈവത്തിന്റെ മുമ്പിൽ, ബന്ധുമിത്രാദികളെയും സുഹൃത്തുക്കളെയും സാക്ഷികളാക്കി പ്രതിജ്ഞ ചൊല്ലി ഒന്നാകുന്ന ഭാര്യാഭർത്താക്കന്മാർക്കിടയിൽ, എന്തിന്റെ പേരിലാണ് അസ്വാരസ്യങ്ങൾ മുളപൊട്ടുന്നതെന്ന് വിചിന്തനം ചെയ്യാറുണ്ടോ?

സന്തോഷകരമായ ജീവിതം ആസ്വദിക്കണമെങ്കിൽ വസ്തുക്കളോടോ വ്യക്തികളോടോ അല്ല, ലക്ഷ്യത്തോട് ചേർന്ന് ജീവിതത്തെ കെട്ടിപ്പടുക്കുക എന്ന് ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിട്ടുണ്ട്. ആ ലക്ഷ്യബോധ്യമില്ലായ്മയാണ് ഇന്ന് മിക്കകുടുംബങ്ങളുടെയും തകർച്ചയുടെ കാരണം. മൂല്യങ്ങളിലധിഷ്ഠിതമായ ജീവിതലക്ഷ്യം നഷ്ടപ്പെടുന്ന കുടുംബങ്ങളാണ് എണ്ണവറ്റിയ വിളക്കുകൾപോലെയാകുന്നത്. കുടുംബമെന്ന വിളക്കിലേക്ക് സ്നേഹമെന്ന എണ്ണ ധാരധാരയായി നൽകാൻ പ്രതിബന്ധങ്ങളായി നിൽക്കുന്ന അസ്വസ്ഥതകളെ തിരിച്ചറിയാൻ ഇന്നത്തെ തലമുറയ്ക്ക് കഴിയുന്നില്ല.

സ്ത്രീ പുരുഷബന്ധത്തെക്കുറിച്ചുള്ള പരമ്പരാഗത കാഴ്ചപ്പാടിൽ വന്ന മാറ്റം എടുത്തുപറയേ

www.malankaralibrary.com

ണ്ടതാണ്. അതുപോലെതന്നെ 'ഞാൻ' കേന്ദ്രീകൃത പെരുമാറ്റവും ക്ഷമിക്കാനും അംഗീകരിക്കാനും കഴിയാത്ത മാനസികാവസ്ഥയും ദാമ്പത്യജീവിതത്തിന്റെ സ്വകാര്യവല്ക്കരണവും മാതാപിതാക്കളിൽനിന്നും മറ്റു കുടുംബാംഗങ്ങളിൽനിന്നുമുള്ള അകൽച്ചയും ദാമ്പത്യബന്ധങ്ങളുടെ കെട്ടുറപ്പിനെ സാരമായി ബാധിക്കുന്നു.

ആത്മീയതയുടെ അഭാവം ഏറ്റവും വലിയ പോരായ്മയായി തോന്നുകയാണ്. അകാരണമായ ഗാർഹിക പീഡനം തുടർക്കഥയാകുമ്പോൾ എവിടെനിന്നാണ് സ്നേഹം ഉത്ഭവിക്കുന്നത്. വിവാഹേതര ബന്ധങ്ങൾ ഒരു സ്റ്റാറ്റസ് സിംബലായി ചിലരെങ്കിലുമൊക്കെ ചിന്തിക്കുമ്പോൾ, ഭാര്യയിൽ, മക്കളിൽ സ്നേഹമില്ലായ്മയും അകൽച്ചയും വെറുപ്പുമുണ്ടാകുന്നു. മാധ്യമങ്ങളുടെ അതിപ്രസരം അതിനോടുള്ള അന്ധമായ ആവേശം, ഭാര്യയ്ക്കും ഭർത്താവിനുമിടയിൽ ആശയവിനിമയം നടത്താനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തുന്നു. മദ്യം, മയക്കുമരുന്ന് എന്നിവയുടെ അമിത ഉപഭോഗം കുടുംബജീവിതത്തിന്റെ താളംതെറ്റിക്കുന്നു.

കുടുംബം ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുകയും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയും ഒന്നിച്ചിരുന്നു ആശയവിനിമയത്തിനു പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നതിൽ ഇന്ന് വീഴ്ച സംഭവിച്ചിരിക്കുന്നു. വിവാഹത്തിന്റെ ലക്ഷ്യങ്ങളും തത്വങ്ങളും ദമ്പതികൾ ഒരുമിച്ചിരുന്ന് രൂപപ്പെടുത്തുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വൈവാഹിക ജീവിതത്തിലെ പോരായ്മകൾ മനസ്സിലാക്കി, വിവാഹ പോഷണത്തിനുതകുന്ന കൂട്ടായ്മകളിൽ പങ്കാളികളാവുകയും വിവാഹജീവിതത്തിന് മറ്റെന്തിനേക്കാളും പ്രാധാന്യവും പവിത്രതയുമുണ്ടെന്ന് ചിന്തിക്കുകയും അതിനനുസരിച്ച് നമ്മുടെ മൈന്റ്സെറ്റിനെ മാറ്റിയെടുക്കുകയും ചെയ്യണം. നമ്മുടെ കുടുംബങ്ങളിൽ സ്നേഹവും സന്തോഷവും നിറഞ്ഞ അന്തരീക്ഷം ഉറപ്പുവരുത്താൻ നാംതന്നെ ശ്രമിക്കണം. സ്നേഹംവറ്റിയ ദാമ്പത്യബന്ധങ്ങളുടെ എണ്ണം കൂടാതെ നോക്കേണ്ടത് ആത്മീയതയിൽ വളരുന്ന ഓരോരുത്തരുടെയും കടമയായി കരുതണം.

സംശുദ്ധമായ സ്നേഹത്തിന് ഒന്നും അസാധ്യമാവുകയില്ല. സ്നേഹമില്ലാത്ത ജീവിതം, ഇലകളും പഴങ്ങളുമില്ലാത്ത മരംപോലെയാണ്. ഇലകളും പൂക്കളും കായ്കളും നിറഞ്ഞ് പൂത്തുലഞ്ഞു നിൽക്കുന്ന ഒരു വടവൃക്ഷമായി തീരണം ഓരോ കുടുംബവും. ■



# സ്നേഹംവറ്റിയ രാഷ്ട്രീയം

**സി. ജനാർദ്ദനൻ പണിക്കത്ത്, നടുവട്ടം**

*റിട്ട. അധ്യാപകൻ, ഗവ. ജനതാ ഹൈസ്കൂൾ, പാലക്കാട്*

രാഷ്ട്രീയം എന്നത് നമുക്കേവർക്കും ചിരപരിചിതമായ ഒരു പദമാണ്. ജനാധിപത്യ സംവിധാനത്തിന്റെ ആണിക്കല്ലാണ് രാഷ്ട്രീയം എന്നുപറയാം. രാഷ്ട്രഭരണത്തോടനുബന്ധിച്ച് രാജ്യത്ത് നടക്കുന്ന സംഘടിത പ്രവർത്തനമാണ് ഇന്നത്തെ രാഷ്ട്രീയം. രാഷ്ട്രീയപ്രസ്ഥാനങ്ങൾ നേരിടുന്ന അപചയത്തിന്റെയും മൂല്യച്യുതിയുടെയും ഫലമായി രാഷ്ട്രീയക്കാർ ജനാധിപത്യപരമായ ലക്ഷ്യങ്ങളിൽനിന്ന് വളരെയേറെ അകലുന്നതായി കാണാം. വേഷത്തിലും രൂപത്തിലും പെരുമാറ്റത്തിലും പൊതുജീവിതത്തിലും എളിമയും ജനസേവനവും പാഠമാക്കേണ്ടതിനുപകരം ഇന്നത്തെ രാഷ്ട്രീയം ധാരാളിത്തത്തിലും ആഡംബരത്തിലും അഹന്തയിലും അഭയംതേടുന്നു. അഹിംസ, ഐക്യം, മതസൗഹാർദം, ദീനാനുകമ്പ തുടങ്ങിയ മാനവികമൂല്യങ്ങളെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. തത്വസംഹിതകളും പ്രത്യയശാസ്ത്രങ്ങളുമൊക്കെ സുഖസുഷുപ്തിയിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളോടാണ് രാഷ്ട്രീയപ്രവർത്തകരിൽ മിക്കവർക്കും ഇന്ന് താല്പര്യം. സ്നേഹത്തെക്കുറിച്ചറിയുകയും ജീവിതത്തിൽ പകർത്തുകയും സ്നേഹശക്തിയെ പ്രകീർത്തിക്കുകയും ചെയ്യേണ്ടത് അനിവാര്യമായ ഇന്നത്തെ കാലഘട്ടത്തിൽപോലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽനിന്ന് സ്നേഹത്തിന്റെ കണികകൾ വറ്റിപ്പോകുന്നത് ആശങ്കയോടെ മാത്രമേ നോക്കിക്കാണാൻ കഴിയൂ.

www.malankaralibrary.com

ആധുനിക യുഗത്തിൽ രാഷ്ട്രീയത്തിന്റെ മണ്ഡലങ്ങൾ വിശാലമാവുകയും രാഷ്ട്രീയവ്യവസ്ഥിതി രൂപപ്പെടുത്തുന്നതിൽ ബാഹ്യശക്തികൾ ഭാഗഭാക്കാവുകയും ചെയ്യുമ്പോൾ രാഷ്ട്രീയത്തിന്റെ നിർവചനത്തിൽ കാതലായ മാറ്റങ്ങൾ ഉണ്ടാകുന്നു. ഇന്ന് ജനങ്ങളെക്കുറിച്ചല്ല, അധികാരം, ഭരണം എന്നീ വിഷയങ്ങളെക്കുറിച്ചാണ് രാഷ്ട്രീയം ചർച്ചചെയ്യുന്നത്. രണ്ടും മനുഷ്യനെ ദുഷിപ്പിക്കാൻ പ്രേരണ നൽകുന്നവയാണ്. അധികാരത്തിന് സമൂഹത്തിലെ മൂല്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ ചില ധാർമിക ചുമതലകളുണ്ടെന്ന് ഡേവിഡ് ഈസ്റ്റേൺ എന്ന ചിന്തകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയത്തിൽ ധാർമികതയും മാനവികതയും എത്ര മാത്രം പ്രധാനമാണെന്നാണ് അദ്ദേഹത്തിന്റെ ഈ വാക്കുകൾ അടിവരയിടുന്നത്.

സ്നേഹാധിഷ്ഠിത രാഷ്ട്രീയത്തിൽ മാത്രമേ എല്ലാ ജനവിഭാഗങ്ങൾക്കും അർഹമായ സാമൂഹ്യ നീതി ലഭിക്കുകയുള്ളൂ. രാഷ്ട്രീയത്തിന്റെ സംശുദ്ധിയെ കാർന്നുതിന്നുന്ന അർബുദബീജമാണ് അഴിമതിയും സ്വജനപക്ഷപാതവും. ഏതു ഹീന മാർഗത്തിലൂടെയും അധികാരത്തിലെത്തുന്നവർ അധികാരം നഷ്ടപ്പെടാതിരിക്കാനും ഇതേ ഹീന മാർഗങ്ങൾതന്നെ അവലംബിക്കുന്നു. കുറ്റകൃത്യങ്ങൾക്ക് അറുതിവരുത്താൻ ബാധ്യതയുള്ളവർ തന്നെ കുറ്റകൃത്യങ്ങളിലേർപ്പെട്ട് ജയിലഴികൾക്കുള്ളിലടക്കപ്പെടുന്നു. അതിരില്ലാത്ത സ്വാർത്ഥതകളാണ് ഇന്ന് രാഷ്ട്രീയക്കാരനെ നയിക്കുന്നത്. നാടുനന്നാക്കാനിറങ്ങിത്തിരിച്ചവർ സ്വയം നന്നാകുന്നതിൽ സംതൃപ്തി കണ്ടെത്തുന്നു. അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും ശാന്തിമന്ത്രം ലോകത്തിനു സമ്മാനിച്ച നമ്മുടെ നാട് ഇന്ന് സംഘടിത അക്രമങ്ങളിൽ അഭിരമിക്കുന്നു. എല്ലാ പൗരന്മാരെയും നന്നായികാണുന്ന, അവരുടെ കരുത്തിൽ പൂർണബോധ്യമുള്ള, അവരുടെ പ്രതിഭയിൽ അഭിമാനമുള്ള, യുവത്വത്തിന്റെ പ്രസരിപ്പിൽ വിശ്വാസമുള്ള, അനീതികളിൽ ആകൃഷ്ടരാവാതെ, സ്വാശ്രയത്വത്തിൽ പ്രതീക്ഷയുള്ള, സാമ്പത്തിക വികസനത്തോടൊപ്പം മാനവികമൂല്യങ്ങളും വികാസം പ്രാപിക്കണമെന്നാഗ്രഹിക്കുന്ന സ്നേഹത്തിന്റെ രാഷ്ട്രീയം മാത്രമാണ് നമുക്ക് അഭികാമ്യം. ■



# ബന്ധങ്ങൾ സ്നേഹശൂന്യമാകുമ്പോൾ

**ലീലാമ്മ ജോൺസൺ**
*വൈസ് പ്രിൻസിപ്പാൾ, ഇമ്മാനുവേൽ മിഷൻ സ്കൂൾ, രാജസ്ഥാൻ*

അടിസ്ഥാനം കരുത്തുറ്റതെങ്കിൽ കുടുംബബന്ധങ്ങൾ എന്നും നിലനിലക്കും. സ്നേഹത്തിൽ നിലനിൽക്കാൻ കഴിയണം എന്നു മാത്രം. മനോഹരമായി മോടിപിടിപ്പിച്ചു പണിതുയർത്തിയ സൗധങ്ങൾ പോലും കരുത്തുറ്റ അടിസ്ഥാനമില്ലാത്തതിനാൽ നിലംപതിക്കുന്നത് കണ്ടിട്ടില്ലേ...?

എന്നാൽ ഇന്നിവിടെ കാണാൻ കഴിയുന്നത് ഭാര്യാഭർതൃബന്ധങ്ങൾ ഉറപ്പില്ലാത്ത നൂൽ ചരടിൽ ബന്ധിപ്പിച്ചിക്കുന്നതുപോലെയാണ്. ഒന്നുവലിച്ചാൽ പൊട്ടിപ്പോകുന്ന തരത്തിൽ ബലമില്ലാത്തതായി തീർന്നിരിക്കുന്നു അവ. ദാമ്പത്യബന്ധങ്ങൾ മാത്രമല്ല; എല്ലാ ബന്ധങ്ങളിലും വിള്ളലുകൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. വിവാഹാനന്തരം ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിച്ചും സേവിച്ചും ഉത്തമജീവിതം നയിക്കുകയും കുടുംബം പുലർത്തുകയുമാണ് വേണ്ടത്. എന്നാൽ, ഇന്നിവിടെ കാണുന്നത് ഒരാൾ മറ്റൊരാളെ പഴിചാരി പിരിഞ്ഞുപോകുന്ന കാഴ്ചകളും വാർത്തകളുമാണ്. സ്വന്തങ്ങളുടെയോ ബന്ധങ്ങളുടെയോ വിലയറിയാതെ എത്രയോ ക്രൂരതകളാണ് നമ്മുടെ നാട്ടിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ജീവിതത്തിന്റെ സുഗന്ധം നഷ്ടപ്പെട്ട് ബന്ധങ്ങളുടെ വേരറുത്തു പറിച്ചെറിയുമ്പോൾ ചിലപ്പോൾ നിസ്സഹായതയോടെ നോക്കിനിൽക്കുന്നത് അവർക്കു ജനിച്ച മക്കളാകും. എന്നും നഷ്ടങ്ങൾ മക്കൾക്കുമാത്രം. കാരണം, ഭാര്യക്ക് ഭർത്താവിനെ ലഭിക്കും, ഭർത്താവിന് ഭാര്യയെ ലഭിക്കും. മക്കൾക്ക്ഒന്നുകിൽ അച്ഛൻ അല്ലെങ്കിൽ അമ്മ ഒരു പക്ഷെ അച്ഛനും അമ്മയും നഷ്ടപ്പെടാം. സ്വാർത്ഥത

www.malankaralibrary.com

യും വാശിയും മാത്രം മുന്നിൽ കാണുന്ന മാതാപിതാക്കളിൽ സ്നേഹത്തിന്റെ കണികകൾ നഷ്ടപ്പെടുന്നു. ഫലമോ അനാഥത്വം പേറി നടക്കുന്ന മക്കൾ. അവർ വീഴുന്നതോ ചെളിക്കുണ്ടിൽ. മാതാപിതാക്കൾ പിരിയുമ്പോൾ അവരുടെ കുട്ടികൾ മാനസിക പക്വതയില്ലാത്തവരായി സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിലേക്കും ഇന്റർനെറ്റിന്റെ അമിത ഉപയോഗത്തിലേക്കും ചാഞ്ഞുപോകുന്നു. ഇതിനെല്ലാം കാരണം സ്നേഹശൂന്യമായ കുടുംബബന്ധങ്ങളാണ്. കുടുംബത്തിന്റെ അന്തരീക്ഷം എന്നും സ്നേഹത്തിൽ നിലനിൽക്കണം. കാര്യംകാണാൻ വേണ്ടിയുള്ള സ്നേഹമെങ്കിൽ അത് ഈ സ്നേഹ കൂട്ടായ്മയെ ബാധിക്കും. വിശേഷാൽ വാർധക്യത്തിലുള്ള മാതാപിതാക്കളുടെ സംരക്ഷണം മക്കൾക്ക് സ്നേഹത്തിൽ ചെയ്യാൻ കഴിയണം. എന്നാലേ അവരുടെ മക്കൾക്ക്അവർ മാതൃകയാകൂ. ബൈബിൾ പറയുന്നു: "സ്നേഹം സകലതും ക്ഷമിക്കുന്നു, സകലതും സഹിക്കുന്നു, സകലതും പൊറുക്കുന്നു." പരസ്പരം അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ ഏതു ബന്ധങ്ങളും കൂടുതൽ ഉറപ്പായി തീരും. കുടുംബബന്ധങ്ങൾ സ്നേഹത്തിന്റെ നീരുറവ വറ്റാതെ സംരക്ഷിക്കേണ്ടത് നാമോരോരുത്തരുടെയും കടമയാണ്. ഓർക്കുമ്പോഴെല്ലാം ഉൾപുളകമാകുന്നതാവണം ഓരോ കുടുംബവും. സ്നേഹം പ്രകടമാക്കാനുള്ളതാണ്, മൂടിവയ്ക്കാനുള്ളതല്ലായെന്ന് മനസ്സിലാക്കണം. അന്യോന്യം പുലർത്തേണ്ട ആദരവും അംഗീകാരവും നാം എന്നും കൊടുക്കൂ. ഓരോ കുടുംബവും നന്മകൾ പൂക്കുന്ന വയലുകളാകട്ടെ.

കുടുംബം ഒരു മഹത്തായ വിദ്യാലയമാണ്. അവിടെ നല്ല ബന്ധങ്ങളും നല്ല ശീലങ്ങളും പഠിപ്പിക്കണം. കുടുംബങ്ങളിൽ ആദരവിന്റെയും സ്നേഹത്തിന്റെയും നറുമണവും നിലാവുമുണ്ടെങ്കിൽ എന്നും സന്തോഷദിനങ്ങളായി തീരും. നമുക്കൊപ്പം ജീവിക്കുന്നവരെയും നമ്മുടെ ബന്ധങ്ങളെയും സ്നേഹിക്കാനും ആദരിക്കാനും സാധിക്കുന്നില്ലെങ്കിൽ കേവലം ഒരു കെട്ടിടം മാത്രമായി മാറും കുടുംബങ്ങൾ. നമ്മുടെ ഹൃദയങ്ങളെ സ്നേഹം കൊണ്ട് നിറച്ച് ശൂന്യതകളെല്ലാം തുടച്ചു മാറ്റാം. നമ്മുടെ കുടുംബങ്ങളുടെ അടിസ്ഥാനം സ്നേഹമാകട്ടെ. ■



# 'തേപ്പു'കാർ തിങ്ങിയ ക്യാമ്പസുകൾ

ബ്ലസി ബിനു ആറ്റുകടവിൽ, പുളിങ്കുന്ന്
*പ്ലസ്ടു വിദ്യാർഥിനി*

ഹൃദയകോണിലെങ്ങോ വിതയ്ക്കപ്പെട്ട ഒരു വിത്ത് കൊഞ്ചലുകളുടെയും പിടിവാശികളുടെയും പെട്ടെന്നുള്ള ഇണക്കങ്ങളുടെയും പിണക്കങ്ങളുടെയും വെള്ളവും വളവും സ്വീകരിച്ച് പൊട്ടിവളർന്ന കരുതലിലും വികാരപ്രകടനങ്ങളിലും വേരൂന്നി ഹൃദയശിഖരങ്ങളിൽ പൂത്തുതളിർത്തു. ഇത് പ്രണയമെന്ന പൂമരം. പക്ഷെ ആ അനുരാഗപൂമരത്തിൽ നിന്നുപൊഴിഞ്ഞുവീഴുന്ന ചില പൂക്കൾക്ക് ഇന്ന് രക്തത്തിന്റെ ഗന്ധമാണ്.

ഒരിക്കൽ തന്റെ ഹൃദയം കൈമാറിയവന്റെ കരങ്ങളാൽ കഴുത്തറക്കപ്പെട്ട നിഥിനമോളും കത്തിക്കിരയായ ദൃശ്യയും വെടിയുണ്ട തുളച്ചുകയറിയ മാനസയും നമുക്ക് പരിചിതമുഖങ്ങളല്ലേ? തന്റെ പ്രണയാഭ്യർത്ഥന നിഷേധിച്ചാലോ പ്രണയബന്ധത്തിൽ നിന്നു പിന്മാറിയാലോ അവൾക്കായി റോസാപൂക്കൾ, ചോക്ലേറ്റ് എന്നിവയൊക്കെ കരുതിവച്ച കരങ്ങളാൽതന്നെ ആസിഡും പെട്രോളും കത്തിയും കാത്തുവച്ചു അപായപ്പെടുത്താനും ജീവനെടുക്കാനും അവൻ പ്രാപ്തനാകുന്നതെന്തുകൊണ്ടാണ്?

ശരിതെറ്റുകളെക്കുറിച്ച് വിട്ടുവീഴ്ചയില്ലാത്ത ബോധ്യമാണ് ധാർമികശിക്ഷണം ഒരുവന് നൽകുന്നത്. എന്താണ് ശരി, എന്താണ് തെറ്റ് എന്നുള്ള കൃത്യമായ ബോധ്യം. എന്നാൽ ശരിതെറ്റുകളെ നിശ്ചയിക്കുന്നത് താനാണെന്നും തന്റെ ഇച്ഛകളാണെന്നുമുള്ള പിടിവാശിയിലേക്ക് എത്തുമ്പോൾ മോഹിച്ചതെല്ലാം വെട്ടിപിടിച്ചാൽ സ്വർഗം കീഴടക്കി എന്നു കരുതുന്ന മൂഢസ്വർഗത്തിൽ ജീവിക്കുന്ന പ്രണയപരവശരായി മാറുന്നു. ജനിച്ചുവീഴുന്നതുമുതൽ കുട്ടിയുടെ

www.malankaralibrary.com

ആഗ്രഹങ്ങളെല്ലാം സാധിച്ചുകൊടുത്താണ് മാതാപിതാക്കൾ മക്കളെ വളർത്തുന്നത്. ആഗ്രഹിച്ചതിനും ആവശ്യപ്പെട്ടതിനും 'നോ' കേൾക്കാതെ വളർന്നുവരുമ്പോൾ മറ്റുള്ളവരും തന്റെ ആവശ്യങ്ങൾക്ക് 'യെസ്' പറയണമെന്ന് ശഠിക്കുന്നു. അപരന്റെ വ്യക്തിത്വത്തെ അംഗീകരിക്കാനും തനിക്കുള്ളതുപോലെ മറ്റുള്ളവർക്കും സ്വതന്ത്ര തീരുമാനങ്ങളെടുക്കാനുള്ള അവകാശമുണ്ടെന്നും യുവതലമുറ മറന്നുപോകുന്നു. ഒരാളുടെ ഇഷ്ടം മറ്റൊരാളിൽ അടിച്ചേൽപ്പിക്കുന്നത് പ്രണയമല്ല; ആധിപത്യമാണ്.

സ്നേഹോഷ്മളത ചോരുന്ന പ്രണയബന്ധങ്ങളിൽ കാമുകിമാരുടെ ലീലകളും പറയാതെ വയ്യ. നിനക്കെന്നെ വിശ്വാസമില്ലേ എന്ന ചോദ്യത്തിനുമുമ്പിൽ എല്ലാം മറന്ന് തന്റെ നഗ്നത കാമുകനു മുമ്പിൽ അനാവരണം ചെയ്യുന്ന വിശ്വസ്തരായ കാമുകിമാർ. നഗ്നത ചോദിക്കുന്നവന്റെ കണ്ണിലും താലിച്ചരട് ഒരു റപ്പായി കഴുത്തിൽവീഴുംമുമ്പേ ശരീരം ചോദിക്കുന്നവന്റെ പെരുമാറ്റത്തിലും പെൺകുട്ടികൾ പ്രണയമാണ് കാണുന്നതെങ്കിൽ അവർക്ക് അന്ധത ബാധിച്ചിരിക്കുന്നു. വെറും കാമത്തെയാണ് പ്രണയമെന്ന് ഉയർത്തിക്കാട്ടി ഇക്കൂട്ടർ വികൃതമാക്കുന്നത്.

'തേപ്പ്' എന്ന് ഓമനിച്ചുവിളിക്കുന്ന പദപ്രയോഗത്തിലൂടെ പ്രണയത്തിൽനിന്നുള്ള പിന്തിരിയലിനു ശേഷം ഒരാണിനും പെണ്ണിനും സുഹൃത്തുക്കളായി തുടരാൻ സാധ്യമല്ലെന്ന മിഥ്യാധാരണയും നിലനിൽക്കുന്നു. തേപ്പുകാരിയോടും തേപ്പുകാരനോടും നമുക്ക് നല്ല സുഹൃത്തുക്കളായി തുടരാമെന്നു പറയാൻ മടിക്കേണ്ടതില്ല. കാരണം, പ്രണയിതാക്കൾ നല്ല സുഹൃത്തുക്കളാണ്. ആണധികാരത്തിന്റെ മേൽക്കോയ്മയിലൂട്ടി (patriarchy) വളർത്തപ്പെട്ടവന് പെണ്ണെന്നാൽ അവന്റെ ആജ്ഞകൾക്ക് വിധേയപ്പെടേണ്ടവൾ. അവന്റെ ഇച്ഛകൾക്കെതിരെ ഉയരുന്ന അവളുടെ കരവും സ്വരവും അവന്റെ ആധിപത്യത്തെ ചോദ്യം ചെയ്യുമ്പോൾ അവനുമുമ്പിൽ അവൾ സഖിയല്ല, അവന്റെ അടിമമാത്രം.

പ്രണയനൈരാശ്യംമൂലം ഇനി ജീവിക്കേണ്ടെന്നു തീരുമാനിക്കുന്നവരും ജീവിക്കാൻ അനുവദിക്കില്ലെന്നു തീരുമാനിക്കുന്നവരും വികലമായ വ്യക്തിത്വത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. ഓർക്കണം, ഒരു നിമിഷംകൊണ്ട് നിന്റെ ജീവിതത്തിനു വിരാമമിടുമ്പോൾ ഒരുപാടുകാലത്തേക്ക് അതോർത്തു നെഞ്ചുരുക്കാൻ ഒരുപാടുപേരെ സൃഷ്ടിച്ചിട്ടാണ് നീ പോകുന്നതെന്ന്.

പ്രണയമെന്ന വികാരത്തെ വിവേകവും മിതത്വവും കൊണ്ട് ഭരിക്കുക. പ്രണയത്തിന്റെ അഗ്നി ജീവിതത്തിന്റെ വെളിച്ചമാക്കി തീർക്കുക. അത് ശരീരത്തിന്റെ ശോഭ കെടുത്തുന്നതും ഭാവിയെ ഇരുളിലാക്കുന്നതും പ്രാണനൊടുക്കുന്നതും ആകാതിരിക്കട്ടെ. നിഷ്കളങ്കമായ, സ്നേഹോഷ്മളമായ നല്ല പ്രണയബന്ധങ്ങളാലും സൗഹൃദങ്ങളാലും നമ്മുടെ ക്യാമ്പസുകൾ നിറയട്ടെ. ■



# സ്നേഹത്തെ വികലമാക്കുന്ന മതചിന്തകൾ

**ഫാ. സോജി ചക്കാലക്കൽ MCBS**
*സുപ്പീരിയർ, സ്നേഹതീരം, തങ്കി*

മതങ്ങൾ സ്നേഹത്തെക്കുറിച്ച് വേണ്ടവിധം പഠിപ്പിക്കുന്നില്ല എന്നതാണ് സത്യം. സ്നേഹം കലാപമായി ചിത്രീകരിക്കാൻ ശ്രമിക്കുകയും മലിനമാക്കുകയും ദുർവ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് അപചയം. മതവിദ്വേഷചിന്തകളും പ്രവൃത്തികളും ഉയരുന്ന കാലഘട്ടങ്ങളിൽ വീണ്ടുവിചാരങ്ങൾ വളരേണ്ടിയിരിക്കുന്നു. മനുഷ്യനെ സ്നേഹിക്കാൻ ഓരോരോ മതങ്ങളും പഠിപ്പിക്കുമ്പോൾ മനുഷ്യനെ സ്നേഹംനടിച്ചുകൊണ്ട് ഉപയോഗിക്കാനും ചിരിച്ചുകൊണ്ട് ചതിക്കാനും പ്രണയമില്ലാതെ പ്രാപിക്കാനും പക്ഷത്താക്കാനും ശ്രമിക്കുന്നു എന്നതാണ് വൈരുധ്യം.

സ്നേഹം വികാരമായി മാത്രം ചിത്രീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന മതസാഹചര്യങ്ങളാണ് അപകടകരം. സ്നേഹം ജീവിതനിയോഗവും പ്രായോഗികതയുമാണ്. ശരീരിയായ സ്നേഹ

www.malankaralibrary.com

ത്തെക്കുറിച്ചാണ് ബൈബിൾ പറയുന്നത്. സമാനതകൾ വെടിഞ്ഞ്, ദാസഭാവം കൈക്കൊള്ളാനും വെയിലും മഴയുമേൽക്കാനും വിശക്കാനും വിശക്കുന്നവരെ തിരിച്ചറിയാനും ആർദ്രവും അനുകമ്പയുമുള്ള ഹൃദയം സ്വന്തമാക്കാനും അപരനായി മുറിയാനും വിളമ്പപ്പെടാനുമുള്ള ജൈവഭാവമാണത്. സൈദ്ധാന്തികംമാത്രമായി ഒരു മതവും സ്നേഹത്തെ വ്യാഖ്യാനിക്കുന്നില്ല. പ്രവൃത്തിപഥത്തിലെ സ്നേഹത്തിലാണ് മാനവികതയും മനുഷ്യപ്പറ്റും രൂപപ്പെടുന്നത്. അവിടെ സ്വാർഥം നിരർഥകമായിത്തീരുകയും സ്നേഹം പുഷ്പിക്കുകയും ചെയ്യും.

മതങ്ങൾ സ്നേഹത്തിന്റെ ചുവടുപിടിക്കുകയും സ്നേഹത്തെ വിശാലമായി കണ്ടുകൊണ്ട് സ്നേഹത്തിൽ ഒന്നിപ്പിക്കുകയും ചെയ്യുന്ന ഉത്തരവാദിത്വമുള്ള ഇടമാകണം. വികാരമായും വെറും വാക്കായും സ്നേഹം ചിത്രീകരിക്കപ്പെടുമ്പോൾ നഷ്ടപ്പെട്ടുപോകുന്നത് അതിന്റെ സത്തയാണ്. സ്നേഹത്തിന്റെ ഉള്ളിൽ മുറിവ് കൊടുക്കരുത്. സ്നേഹത്തിൽ അർപ്പണമുണ്ട്. സ്നേഹത്തിൽ ആത്മാർഥതയും സത്യസന്ധതയും സുതാര്യതയുമുണ്ട്. ഇവയെല്ലാം മരവിച്ചാൽ വികലമായ വ്യാഖ്യാനങ്ങൾ തലപൊക്കും. സ്നേഹം അർപ്പണത്തിലേക്കും ആദരവിലേക്കും ഉയരണം. മതങ്ങളിലെ മനസ്സ് സ്നേഹവ്യാഖ്യാനങ്ങളിൽ വൈകൃതമാകുമ്പോൾ സ്നേഹത്തിലെ സത്യസന്ധത അന്ധമായി മാറുന്നു, സ്നേഹം സുതാര്യതയിൽ നിന്നും അന്ധകാരത്തിലേക്കും അപകടങ്ങളിലേക്കും കടക്കും. കവർന്നെടുക്കുന്നതല്ല സ്നേഹത്തിന്റെ ഒറിജിനാലിറ്റി എന്ന് പറയുന്നത്. എന്നാൽ മതം സ്നേഹം നടിച്ച് കവർന്നെടുക്കും വിധത്തിൽ പരിശീലിക്കപ്പെടുമ്പോൾ അത് സമൂഹത്തിന്റെ അടിത്തറതന്നെ ഇളക്കും.

സ്നേഹത്തിന് കാത്തുസൂക്ഷിക്കുന്ന ഒരു ചൈതന്യമുണ്ട്. സ്നേഹത്തിന് ഒരു വഴിയും വാതിലുമുണ്ട്. അത് കടന്നുവരേണ്ടതിനാണ്; എന്നാൽ കവർന്നെടുക്കുകയാണ് പലപ്പോഴും. സ്നേഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ഇവിടെയാണ് ഓരോ മതവും സമുദായവും സ്നേഹത്തെ ഒരു വാഗ്ദാന വാതായനമായി കാണേണ്ടത്. സ്നേഹത്തിന് എപ്പോഴും ഒരു വാതിലിലൂടെ മാത്രമേ കടക്കാൻ പറ്റൂ. അവിടെ അനുവാദം വേണം. സ്വാഗതം വേണം; എന്നാൽ സ്വാർഥത വേണ്ട. പക്ഷേ വാതിലിലൂടെ കടക്കാത്ത സ്നേഹങ്ങൾ ഒക്കെ കവർന്നെടുക്കുന്ന ചില കാപട്യമുഖങ്ങളാണെന്ന് പറയാതിരിക്കാനാവില്ല. അതുകൊണ്ട് ജാഗ്രത ആവശ്യമാണ്. അനുവാദത്തോടുകൂടി, സ്വാഗതത്തോടുകൂടി കടന്നുവരുന്ന സ്നേഹത്തിനു സുതാര്യതയും സന്തോഷവും സമാധാനവും കരുതലുമൊക്കെ ഉണ്ടാവും. എന്നാൽ കവർന്നെടുക്കുന്ന സ്നേഹത്തിന് എപ്പോഴും മുഖംമൂടികളാണുള്ളത്. സ്നേഹവ്യാഖ്യാനങ്ങൾക്ക് വാതിലുണ്ടാകട്ടെ; കവർന്നെടുക്കുന്ന കരിനിഴിൽ ഇല്ലാതിരിക്കട്ടെ. ■



# സ്നേഹത്തിന്റെ നാട്യ പ്രകടനങ്ങൾ

**ഷീന അജി കോണിൽ**
*അക്ഷയ സംരംഭക, കലവൂർ*

സ്നേഹം – പവിത്രമായ ഒരു വാക്കാണ്. മനസ്സുകൾ തമ്മിലുള്ള പെരുമാറ്റത്തിൽ നിന്നുമാണ് അത് ഉടലെടുക്കേണ്ടത്. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല; കാലചക്രത്തിന്റെ ഗതിയിൽ സ്നേഹത്തിനും പരിണാമം സംഭവിച്ചിരിക്കുന്നു. ശരിക്കും എന്താണ് സ്നേഹമെന്നത് ആർക്കും മനസ്സിലാക്കാൻ കഴിയാതെപോകുന്നു. ചിലർ സ്നേഹത്തിനെ മാത്രകളിൽ അളക്കുമ്പോൾ മറ്റു ചിലർ അളവറ്റ് വാരിക്കോരി കൊടുക്കുന്ന വികാരപ്രകടനമായി ചിത്രീകരിക്കുന്നു. മറ്റു ചിലർ സ്നേഹംകൊണ്ട് പൊതിയുന്നു. ചിലർ സ്നേഹംകൊണ്ട് വീർപ്പുമുട്ടിക്കുമ്പോൾ മറ്റുചിലർ സ്നേഹംകൊണ്ട് മയക്കുകയാണ് ചെയ്യുന്നത്. ഏതായാലും അനിർവചനീയമായ വികാരമാണ് സ്നേഹം എന്നതിൽ യാതൊരു സംശയവും ഇല്ല.

www.malankaralibrary.com

സ്നേഹത്തിന് വിവിധ തലങ്ങളുണ്ട്. അതിൽ പെറ്റമ്മയുടെ സ്നേഹമാണ് ഏറ്റവും പവിത്രവും ഔന്നത്യമുള്ളതും എന്ന് കവികൾ പാടിപ്പുകഴ്ത്തുമ്പോഴും ഇവിടെ എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ അരങ്ങേറുന്നത്? എന്താണ് അമ്മമാർക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്?

ഇന്നു നാം നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് വിവാഹിതരായ പെൺകുട്ടികൾ ഭർത്തൃ ഭവനങ്ങളിൽ അനുഭവിക്കുന്ന ദുരിതങ്ങളും ആത്മഹത്യയും. ഒരു വശത്ത് വിവാഹമോചനങ്ങളുടെ നിരക്ക് കൂടി വരുന്നു. മറുവശത്ത് ഭർത്തൃഗൃഹത്തിൽ പിടിച്ചുനില്ക്കാനാവാതെ ആത്മഹത്യയിലെത്തുന്ന ജീവിതങ്ങൾ. ഇവിടെയും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? കുടുംബങ്ങളിൽ അരങ്ങേറുന്ന ഈ നാടകങ്ങൾ ഒന്നുംതന്നെ മറ്റുള്ളവരെ അറിയിക്കാതെയുള്ള നാട്യപ്രകടനങ്ങളിലൂടെ മുന്നോട്ടുകൊണ്ടുപോകാനുള്ള അസാമാന്യ കഴിവും ഇക്കൂട്ടർക്കുണ്ട്. ഇതിന് ഇരയാകുന്ന പെൺകുട്ടികൾക്ക് എന്താണ് ഇതിനോടൊക്കെ പ്രതികരിക്കാനോ, സാഹചര്യങ്ങളെ വേണ്ട വിധത്തിൽ മാനേജ് ചെയ്തു കൊണ്ടുപോകാനോ സാധിക്കാത്തത്? വിദ്യാഭ്യാസ രീതിയുടെ പോരായ്മയാണോ? ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും വലിയ ലക്ഷ്യം ജീവിതവിജയംതന്നെയാണ്. എത്ര വിദ്യാഭ്യാസം നേടിയാലും എത്ര പണം സമ്പാദിച്ചാലും ജീവിതം പരാജയമായാൽ പിന്നെ നേടിയതെല്ലാം വൃഥാവിൽതന്നെ.

കാമുകീ കാമുകന്മാരുടെ നാട്യപ്രകടനങ്ങളും ഇന്ന് അസ്വസ്ഥത ഉളവാക്കുന്നുണ്ട്. പെട്ടന്നുണ്ടാകുന്ന മാനസിക വികാര ചാപല്യങ്ങളിൽപെട്ട്, ബാഹ്യമായ നാട്യപ്രകടനങ്ങളിൽ മയങ്ങി, മാതാപിതാക്കളുടെ സ്വപ്നങ്ങളെ തകർത്ത് തന്നിഷ്ടത്തിന് ഒരു വ്യക്തിയെ തിരഞ്ഞെടുക്കുന്നു. മധുവിധു കഴിയുംമുമ്പേ കല്ലുകടി അനുഭവപ്പെട്ടു തുടങ്ങുന്നു. മാതാപിതാക്കളുടെയും ബന്ധുക്കളുടെയും സഹകരണത്തോടു കൂടി, പൊന്നും പണവും വാരിക്കോരി കൊടുത്ത് പുതിയ സാഹചര്യത്തിലേയ്ക്ക് പറിച്ചുനടപ്പെട്ട് പുതുജീവിതം തുടങ്ങുന്നവരുടെ കാര്യംതന്നെ ശോചനീയമാണെന്നിരിക്കേ, ആരുടെയും തുണയില്ലാതെ ജീവിതം തുടങ്ങുന്നവരുടെ അവസ്ഥ ചിന്തിക്കേണ്ടതുതന്നെയാണ്. എല്ലാ സന്തോഷങ്ങളും അവസാനിക്കാൻ അധികം സമയം വേണ്ടിവരില്ല.

ഇന്നത്തെ മറ്റൊരവസ്ഥ സ്നേഹം വിരൽത്തുമ്പിലൂടെ ഒഴുകിയെത്തുന്നതാണ്. നവമാധ്യമശൃംഖലകളിലൂടെ സന്ദേശങ്ങളായി ഒഴുകിയെത്തുന്ന സ്നേഹത്തിന് അതിരുകളില്ല. ഒരിക്കൽപോലും നേരിട്ട് കണ്ടിട്ടില്ലാത്ത ആളുകളുമായുള്ള പ്രണയ സല്ലാപം. ഒരുകാലത്ത് ഒന്നു നേരിട്ട് നോക്കാനോ സംസാരിക്കാനോപോലും വളരെനാൾ കാത്തിരുന്ന് പ്രണയം കൈമാറിയിരുന്ന കാലം കഴിഞ്ഞു. വിചാരിക്കുന്നനേരം കൊണ്ട് കാണാനും സല്ലപിക്കാനുമുള്ള അവസരങ്ങൾ. നേരിട്ടു കാണുമ്പോഴാണ് ആളുടെ യഥാർത്ഥ രൂപവും ഭാവവും പ്രായവുമൊക്കെ മനസ്സിലാവുക. പലരും വിവാഹിതരും ഭാര്യ/ഭർത്താവ് ജീവിച്ചിരിക്കുന്നവരും മക്കളുള്ളവരുമൊക്കെയായിരിക്കും. യാഥാർത്ഥ്യങ്ങൾ വൈകിയാണ് തിരിച്ചറിയുന്നതെങ്കിലും അവരിൽനിന്ന് രക്ഷനേടാനുമുള്ള പരക്കംപാച്ചിലാണ്. എല്ലാം കാലവൈഭവം എന്നല്ലാതെ എന്തു പറയാൻ. ഇത്തരത്തിലുള്ള നാട്യപ്രകടനങ്ങളിൽ ചെന്നു പതിക്കാതെ ജീവിത നൗക അക്കരെയെത്തിക്കാൻ സ്നേഹത്തിന്റെ തടാകത്തിലൂടെ സ്വച്ഛമായി ഒഴുക്കാൻ കഴിയണം. ■



# മാതാപിതാക്കൾക്കുള്ള ഗൃഹപാഠം

**പീറ്റർ കുരിശിങ്കൽ**
*ചരിത്രകാരൻ, ആനാപ്പുഴ*

ലൗ ജിഹാദും നാർക്കോട്ടിക് ജിഹാദുകളുംപോലുള്ള നവസാഹചര്യങ്ങളിലൂടെ ഉടലെടുക്കുന്ന യുവതീയുവാക്കളുടെ ബന്ധങ്ങളെ പ്രണയമെന്നുവിളിക്കാമോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. പ്രണയം എന്ന പരിധിയിൽ അതൊന്നും വ്യവഹരിക്കപ്പെടാവുന്നതല്ലതന്നെ.

ആധുനിക ആശയവിനിമയമാർഗങ്ങളുടെ സാധ്യതകൾ എന്നതിനെക്കാൾ ദുസാധ്യതകൾ വിനാശകരമായ ബന്ധങ്ങളിലേക്ക് തങ്ങളുടെ

www.malankaralibrary.com

മക്കൾ നിപതിക്കുന്നതിനെ തടയാൻ മാതാപിതാക്കൾക്കുള്ള പരിമിതികൾ ഏറെയാണ്. അത് പറയാതിരിക്കാൻ നിർവാഹമില്ല. സ്മാർട്ട്ഫോണുകളും അതിന്റെ വിപുലമായ സാധ്യതകളുമാണ് യുവതീയുവാക്കളെ വഴിവിട്ട ബന്ധങ്ങളിലേക്കു നയിക്കുന്നത്. അത്തരം സങ്കേതങ്ങൾ ഏതെന്നു മനസ്സിലാക്കാൻപോലും പല മാതാപിതാക്കൾക്കും കഴിഞ്ഞെന്നുവരില്ല. ഇത്തരം സാഹചര്യത്തിൽ കരുതൽ കൈവിടാനാവില്ല. മാതാപിതാക്കളുടെ ബുദ്ധിപൂർവകവും വിവേകപൂർവകവുമായ കരുതൽ ഇവിടെ പ്രധാനമാണ്.

പരസ്പരമുള്ള അറിവും ബോധ്യവുമാണ് യുവതീയുവാക്കൾ തമ്മിലുള്ള പ്രണയത്തിനാധാരം. ഈ ബോധ്യം ഉണ്ടാക്കിക്കൊടുക്കുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക് പരമപ്രധാനമാണ്. ജീവിതം കെട്ടിപ്പടുക്കാൻവേണ്ട പങ്കാളിയെ തക്കപ്രായത്തിലും അവസരത്തിലും രക്ഷിതാക്കളും വേണ്ടപ്പെട്ടവരും അറിഞ്ഞും ആശയവിനിമയത്തിലൂടെയും കണ്ടെത്തി ഒരു കുടുംബം കെട്ടിപ്പടുക്കുന്നതിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുതന്നെയാണ് ഇക്കാലത്തെ പ്രണയപ്രതിസന്ധികൾക്ക് പരിഹാരം.

മാനസികവും ബൗദ്ധികവുമായ അടുപ്പത്തിലൂടെയും അറിവിലൂടെയുമല്ല നാമിവിടെ വിവക്ഷിക്കുന്ന പ്രണയബന്ധങ്ങൾ. അതിനെ പ്രണയം എന്നു പറയാനുമാവില്ല. ഇതൊരുതരം വല വീശിപ്പിടിക്കലാണ്. നവമാധ്യമങ്ങളാണ് വല. ആരംഭം ഒരു ചാറ്റിങ്ങിലൂടെയായിരിക്കും. അതിന്റെ പര്യവസാനം ഒരു ചീറ്റിങ്ങിലായിരിക്കും. ചിലർ ഈ ചീറ്റിങ്ങിന്റെ, വഞ്ചനയുടെ ലൈൻ മനസ്സിലാക്കി പിൻമാറും. ഈ പിന്മാറ്റം ആത്മഹത്യയിലേക്കോ കൊലപാതകത്തിലേക്കോ കൊടുംചതിയിലേക്കോ എത്തിച്ചേരുകയും ചെയ്യുന്നു.

ഇത്തരം സാഹചര്യങ്ങളിൽനിന്നൊന്നും മാതാപിതാക്കൾക്ക് ഞാനൊന്നുമറിഞ്ഞില്ല എന്ന നിഷേധാത്മകനിലപാട് എടുക്കാനാവില്ല. സമൂഹത്തിന്റെ ഇത്തരം പ്രശ്നങ്ങൾ അവധാനതപൂർവം കൈകാര്യം ചെയ്യുകതന്നെയാണ് കരണീയം.

വർത്തമാനകാല സ്ത്രീപുരുഷബന്ധത്തെക്കുറിച്ച്– പ്രത്യേകിച്ച് യുവതീയുവാക്കളുടെ ബന്ധങ്ങളെക്കുറിച്ച് മനഃശാസ്ത്രപരമായും സാമൂഹികപരമായും മറ്റുമുള്ള അറിവ് മാതാപിതാക്കൾ ആർജിക്കണം. ആ അറിവും ധാരണയും പ്രായോഗികവും യുക്തിഭദ്രവുമായ രീതിയിൽ യുവതീയുവാക്കളിലേക്ക് സന്നിവേശിപ്പിക്കണം. ഇതൊരുതരം നിയന്ത്രണങ്ങളുടെ ചട്ടകൂടായിപ്പോകാതെയുമിരിക്കണം. അങ്ങനെയായാൽ, സാമൂഹികബന്ധങ്ങൾ കുറയുകയും അവനവനിലേക്കുള്ള ഉൾവലിവിന് കാരണമാവുകയും മാനസികമായി കഴിവുകളെ തളർത്തുകയും ചെയ്യും.

ആർദ്രമായൊരു സമീപനം അതാവും സ്വീകാര്യവും ഫലപ്രദവും. ബന്ധങ്ങളിലെ പരസ്പര ബഹുമാനം, സ്ത്രീപുരുഷ തുല്യത, ജനാധിപത്യപരമായ സമീപനം എന്നീ മൂല്യങ്ങളോടെയുള്ള കുടുംബാന്തരീക്ഷം സംജാതമാകുന്നത് മക്കളെ ആധുനിക കെണികളിൽ നിന്ന് രക്ഷിക്കുന്നതിനുള്ള മാതാപിതാക്കളുടെ കരുതൽതന്നെയായിരിക്കും.

മക്കളെ കണ്ടെത്തുന്നതിനും മുന്നോട്ടു നയിക്കുന്നതിനും തങ്ങളുടേതായ ഭദ്രവും യുക്തവുമായ വഴികൾ അവരവർതന്നെ തങ്ങളുടെ സാഹചര്യങ്ങൾക്കൊത്ത് സ്വീകരിക്കുന്നതുതന്നെയാണ് കാമ്യം. അവയിലൂടെയെല്ലാം മാതാപിതാക്കൾ സന്നിവേശിപ്പിക്കുന്ന ആശയങ്ങളിൽ നവമാധ്യമങ്ങളിലൂടെ അപരിചിതരുമായുള്ള ബന്ധങ്ങളിൽ പരിധിവിടാതിരിക്കുക, വ്യക്തിബന്ധങ്ങളിൽ ചതിക്കുഴികൾ ഉണ്ടായേക്കാം. തുടങ്ങിയ കാര്യങ്ങളിൽ ഊന്നൽ നൽകണം. ഇടപെടുന്ന ബന്ധങ്ങൾക്ക് ആരോഗ്യപരമായ അതിർവരമ്പുകൾ നിർണയിച്ച് സ്വയം നിയന്ത്രിക്കാൻ കഴിയുന്നത്ര മാനസികാരോഗ്യം മക്കളിൽ വളർത്തുന്നതിനുള്ള ശ്രമം മാതാപിതാക്കളുടെ പ്രഥമ പരിഗണനയായിരിക്കട്ടെ. കുടുംബവും മാതാപിതാക്കളും മഹത്തായ മാതൃകകളായിത്തീരുമ്പോൾ യുവതീയുവാക്കളോടായി സുഭാഷിത വാക്യങ്ങൾ പറയാനാകും "മകനേ നിന്റെ പിതാവിന്റെ പ്രബോധനം ചെവികൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കരുത്. അവ നിന്റെ ശിരസ്സിന് വിശിഷ്ട ഹാരവും കഴുത്തിനു പതക്കങ്ങളുമത്രേ" (സുഭാ 1: 8–9). ■

'ലോകമെമ്പാടും സന്തോഷം നല്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ
ഭവനങ്ങളിലേക്കുപോയി നിങ്ങളുടെ കുടുംബത്തെ സ്നേഹിക്കുക.'
**– കൊൽക്കത്തയിലെ വിശുദ്ധ മദർതെരേസ**

www.malankaralibrary.com

# ക്രൈസ്തവം



കാരുണികനായ
ക്രിസ്തുവിന്റെ പാതയിൽ
കർമനിരതരാകുന്ന
അജപാലകർക്കും
അജഗണങ്ങൾക്കുമുള്ള
നേർവഴിവെട്ടം.

## ജീവന്റെ കാവൽ ശാസ്ത്രജ്ഞൻ

- തടവറ പ്രേഷിതത്വത്തിന് മരതകശോഭ — സിസ്റ്റർ ലിനി ഷീജ MSC
- ദൈവദാസി കൊളേത്താമ്മ – നിസ്സാര കാര്യങ്ങളുടെ മധ്യസ്ഥ — ഫാ. ജെയിംസ് വയലിൽ CST, സിസ്റ്റർ ജെസി മരിയ FCC

www.malankaralibrary.com


# തടവറ പ്രേഷിതത്വത്തിന് മരതകശോഭ

**ഭാരതത്തിൽ പ്രിസൺ മിനിസ്ട്രി ആരംഭിച്ചതിന്റെ നാല് പതാംവർഷത്തിൽ (1981-2021) തടവറപ്രേഷിതത്വ ത്തിന്റെ പന്ഥാവുകളെയും ശുശ്രൂഷാമാഹാത്മ്യത്തെ യുംകുറിച്ചുള്ള പ്രതിപാദനം.**



സിസ്റ്റർ ലിനി ഷീജ MSC
*മുൻ നാഷണൽ സെക്രട്ടറി, പ്രിസൺ മിനിസ്ട്രി ഓഫ് ഇന്ത്യ*

ഭർത്താവിന്റെ മരണശേഷം പെട്ടെന്ന് ഇരുട്ടിലായ ശ്വേത (സാങ്കല്പിക നാമം) മൂന്നു മക്കളുമായി കുറച്ചുനാൾ തെരുവിൽ അലഞ്ഞു തിരിഞ്ഞ്, ഒടുവിൽ എത്തിപ്പെട്ടത് നാടോടികളുടെ കൂടാരങ്ങളിൽ. നിറഞ്ഞ കിടപ്പിടം, തികഞ്ഞ ദാരിദ്ര്യം. കൂടാരങ്ങൾ ക്രമേണ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും മറ്റു സാമൂഹ്യവിരുദ്ധപരിപാടികളുടെയും കൂത്തരങ്ങായി. ആ പശ്ചാത്തലവും സംസർഗവുംമൂലം ആൺകുട്ടികൾ രണ്ടും ദുർവൃത്തികൾക്ക് അടിമകളായി. മൂത്തമകൻ ദർപൺ പലവട്ടം അഴിക്കുള്ളിലായി, കരൾവീക്കം മൂലം 31-ാം വയസ്സിൽ അവൻ മരണമടഞ്ഞു. കുടിലിൽ മുട്ടറ്റം വെള്ളം നിറഞ്ഞിരുന്ന സമയത്താണ് അവന്റെ മൃതദേഹം വിട്ടുകിട്ടുന്നത്. താമസസ്ഥലത്തെത്താതെതന്നെ ശവം മറവുചെയ്തു. മകളെ ആരോ കല്യാണം ചെയ്തു, പക്ഷെ അയാളുടെ വഴിവിട്ട ജീവിതത്തെ എതിർത്ത അവളെ അയാൾ ഉപേക്ഷിച്ചു. ചേട്ടന്റെ വഴിയിൽത്തന്നെ സഞ്ചരിച്ച അനിയൻ കിടപ്പിലായ കാലത്താണ് ശ്വേത തടവറ ശുശ്രൂഷകരുടെ സഹായം തേടിയതും അങ്ങനെ 330 ചതുരശ്രഅടിയിൽ ചോർന്നൊലിക്കാത്ത, വെള്ളം കയറാത്ത ഒരു വീട് എറണാകുളം ജില്ലയുടെ നഗരത്തിൽ സ്വന്തമാക്കിയതും. തടവറ പ്രേഷിതത്വത്തിന്റെ തലവനായ ഫാ. ആൽവിൻ ഡിസൂസ, ദേശീയ സംഘാടകൻ ഫാ. ഫ്രാൻസിസ് കൊടിയൻ എം.സി.ബി.എസ്, അസംഖ്യം സന്നദ്ധസേവകർ, എല്ലാറ്റിനും താങ്ങായ പൊതുജനങ്ങൾ എന്നിവരൊക്കെ ചേർന്ന് കിടപ്പാടവും ജീവിതവും കരുപ്പിടിപ്പിച്ച നിരവധി കുടുംബങ്ങളിലൊന്നുമാത്രമാണ് ശ്വേതയുടേത്.

## നിന്റെ സഹോദരൻ എവിടെ?

'ആരും കുറ്റക്കാരായി ജനിക്കുന്നില്ല' എന്നതാണ് തടവറ പ്രേഷിതത്വത്തിന്റെ ആപ്തവാക്യം. ദർപണും സഹോദരനുംപോലെ ആയിരങ്ങൾ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ തകർന്നവരാണ്. ഒരുവൻ ജയിലിൽ പോയാൽ ബാക്കി കുടുംബാംഗങ്ങളെല്ലാവരും മുദ്രിതരാകുന്നു. പ്രിസൺ മിനിസ്ട്രിക്ക് ഇവർ ദൈവകരങ്ങൾ ചൂണ്ടുന്ന സമ്മാനങ്ങളാണ് കാൽവരിയിലെ വലത്തേ കുരിശിൽ മരിക്കുന്ന കള്ളൻ യേശുവിന് അവസാനനിമിഷം പിതാവു നൽകിയ സമ്മാനമായതുപോലെ.

## സഹോദരന്റെ മുക്തിവരെ

"പിതാവേ, അങ്ങയിൽ ആശ്രയം ലഭിക്കുംവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും" എന്നുപറഞ്ഞ വിശുദ്ധ അഗസ്തീനോസിനെപ്പോലെ പ്രിസൺ മിനിസ്ട്രിയിലെ സമർപ്പിതരും അല്മായരും ഉരുവിടുന്ന മന്ത്രം ഇതാണ്: "ജയിലിൽ കഴിയുന്ന എന്റെ സഹോദരൻ/സഹോദരി വിനാശമാർഗത്തിൽനിന്ന്, പാപത്തിൽനിന്ന്, ദുഃഖത്തിൽനിന്ന്, ലജ്ജയിൽനിന്ന് മുക്തമാകുംവരെ എന്റെ ഹൃദയം അസ്വസ്ഥമായിരിക്കും." റൂബി ജൂബിലിയുടെ ഈ അവസരത്തിൽ പ്രിസൺമിനിസ്ട്രി നാല്പത് സന്നദ്ധസംഘങ്ങളെയാണ് തയ്യാറാക്കിയിരിക്കുന്നത്, ഭീകരർക്ക്, തുടർകൊലയാളികൾക്ക്, മരണശിക്ഷ കാത്തു ദിവസങ്ങൾ എണ്ണുന്നവർക്കൊക്കെ വേണ്ടി 24 മണിക്കൂർ നിരന്തര ദിവ്യകാരുണ്യ ആരാധനയ്ക്കായി.

www.malankaralibrary.com

## കരുണയുടെ തൂവൽസ്പർശം

അനന്തതയിൽ കണ്ണും നട്ട് നിർവികാരനായിരിക്കുന്ന ഒരു ജയിൽപുള്ളിയെ കുറച്ചുസമയം നിരീക്ഷിച്ച ഒരു സിസ്റ്റർ അയാളുടെ അടുത്തുപോയി ഇരുന്നു. മെല്ലെ അയാളുടെ കരം പിടിച്ച സിസ്റ്റർ അല്പനേരംകൊണ്ട് അയാളുടെ മൗനം ഭേദിച്ചു. ചെയ്യാത്ത കുറ്റത്തിന് അറസ്റ്റിലായപ്പോൾ കൂട്ടുകാരും കുടുംബവും കൈവിട്ട അയാൾ അന്നു രാത്രി ആത്മഹത്യചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. ദൈവാത്മാവിനാൽ പ്രേരിതമായ ഒരു ചെറുസ്പർശംകൊണ്ട് പ്രതീക്ഷ വീണ്ടെടുത്ത അയാൾ പിന്നീട് കുറ്റവിമുക്തനാക്കപ്പെടുകയും കുടുംബത്തിലും സമൂഹത്തിലും വീണ്ടും സ്വീകൃതനാകുകയും ചെയ്തു. കരുണാപൂർണമായൊരു തൂവൽസ്പർശത്താൽ ജീവനും ഭാവിയും അഭിമാനവും വീണ്ടെടുക്കാൻ ഈ സിസ്റ്ററിനു സാധിച്ചുവെന്നത് ദൈവകരങ്ങളിലൂടെ നടന്ന അത്ഭുതമാണ്.

## സഹോദരർ – ദൈവദാനം

ജയിലുകൾ സമൂഹത്തിലെ കുറ്റവാളികൾക്കായുള്ള പാർപ്പിടം എന്നാണ് പൊതുവേ ധാരണ. പക്ഷെ എനിക്ക് അവർ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ഹതഭാഗ്യരായ ചിലരാണ്. പ്രാൻസീനി എന്ന കൊലപാതകിയെ 'എന്റെ പ്രിയപ്പെട്ട മാനസപുത്രൻ' എന്ന് വിശേഷിപ്പിച്ച് അവനുവേണ്ടി പ്രാർത്ഥിച്ച ഉണ്ണിയേശുവിന്റെ തെരേസ പുണ്യവതിയെപ്പോലെ, ഓരോ ജയിൽപ്പുള്ളിയേയും സമർപ്പിച്ച് പ്രാർത്ഥിക്കാൻ, അവരെ ആശ്വസിപ്പിക്കാൻ, നേർവഴിക്ക് വെളിച്ചംവീശാൻ അവരുടെ നിരാശയുടെ ദിനങ്ങളിൽ നമുക്ക് സാധിക്കണം. അടിമത്തത്തിൽനിന്ന് ദൈവസ്നേഹത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച മോശയെപ്പോലെ.

## ദൈവത്തിന്റെ ധീരസേവകനാകാനുള്ള വിളി

തടവറ പ്രേഷിതശുശ്രൂഷകരിലെ സന്നദ്ധസേവകർ പങ്കിടുന്നത് ലോകത്തിലെ ഏറ്റവും ഉദാത്തമായ യേശുവിന്റെ ധൈര്യമാണ്. പാപികളോടും അധകൃതരോടുമൊപ്പം ആഹാരം കഴിക്കാൻ കാണിച്ച ധൈര്യം, കുഷ്ഠരോഗികളെ തൊടാൻ കാട്ടിയ, പാപിനിയോട് 'ഞാനും നിന്നെ വിധിക്കുന്നില്ല' എന്നു പറയാൻ കാട്ടിയ, 99 ആടുകളെയുംവിട്ട് നഷ്ടപ്പെട്ട ഒരാടിനുവേണ്ടി തിരഞ്ഞിറങ്ങിയ, തളർവാതരോഗിയോട് 'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നുപറയാൻ കാട്ടിയ ധൈര്യം അപമാനത്തിന്റെ ചിഹ്നമായിരുന്ന കുരിശുവഹിച്ച് മലകയറി നഗ്നനാക്കപ്പെട്ട് കുരിശിൽ മരിക്കുന്ന സമയത്തും പീഡിപ്പിക്കുന്നവർക്കായി പ്രാർത്ഥിക്കാൻ കാട്ടിയ, നല്ല കള്ളനോടു ക്ഷമിക്കാൻകാട്ടിയ, നിറയൗവനത്തിൽ ജീവത്യാഗം ചെയ്യാൻകാട്ടിയ ധൈര്യം.

ഈ ധീരതയിൽ പങ്കുകാരാകാനാണ് തടവറ പ്രേഷിതസന്നദ്ധസേവകർ ലക്ഷ്യമിടുന്നത്. ജീവിതത്തിലും മരണത്തിലും ധൈര്യം കാട്ടിത്തന്ന ക്രൂശിതനെ മുന്നിൽക്കണ്ട് ഉറച്ചകാൽവയ്പ്പുകളോടെ ഭീതിയുടെയും അന്ധകാരത്തിന്റെയും രോഗത്തിന്റെയും ക്രൂരതയുടെയും മരണത്തിന്റെയും മണ്ഡലമായ ജയിലുകളിലേക്ക് ഈ ശുശ്രൂഷകർ സുധീരം കടന്നുചെല്ലുന്നു. രാപകൽ വ്യത്യാസമില്ലാതെ ജയിലറകളിലും പൊലീസ് സ്റ്റേഷനുകളിലും നീതിപാലകരുടെമുന്നിലും ശബ്ദം നഷ്ടപ്പെട്ടവരുടെ ശബ്ദമായി തടവറ ശുശ്രൂഷകർ എത്തുന്നു.

## കൈകോർക്കാം

കൂട്ടംതെറ്റിയ, ഭാവി തകർന്ന വിലയേറിയ ആത്മാക്കളെ ജയിലറകളിൽനിന്ന്, അവർമൂലം തിന്മയുടെ മുഖമുദ്രപേറി തെരുവിലലയുന്ന അവരുടെ കുടുംബങ്ങളെ അവരുടെ വിനാശകരമായ വിധിയിൽനിന്ന് രക്ഷിക്കാൻ തടവറ പ്രേഷിതർക്കൊപ്പം കൈകോർക്കാൻ ദൈവപ്രീതിക്കും സ്വയസാന്ത്വനത്തിനുംവേണ്ടി മുന്നോട്ടുവരാൻ അഭ്യർത്ഥിക്കുന്നു. ■



www.malankaralibrary.com


# ജീവന്റെ കാവൽ ശാസ്ത്രജ്ഞൻ

## ധന്യൻ ജറോം ലെഷൂൺ (1926-1994)

**മരണസംസ്കാരത്തിൽ ജീവന്റെ പ്രതിസംസ്കാരം രൂപപ്പെടുത്തുന്നതിൽ ജീവിതംകൊണ്ട് സാക്ഷ്യം നൽകിയ മഹാമനീഷിയാണ് ജറോം ലെഷൂൺ. ആധുനിക വൈദ്യശാസ്ത്രത്തിനും ജനിതക വിജ്ഞാനീയത്തിനും നിസ്തുല സംഭാവനകൾ നൽകിയ ഫ്രഞ്ച് ശിശുരോഗവിദഗ്ധനും ജനിതക ശാസ്ത്രജ്ഞനുമായ ഈ മഹാപ്രതിഭയുടെ ജീവിതോദ്യാനത്തിലേക്കൊരു നോട്ടം.**



**ഫാ. ജെയിംസ് വയലിൽ CST**
*ലിറ്റിൽ ഫ്ളവർ സെമിനാരി, ആലുവ*

ജീവന്റെ രഹസ്യത്തിലേക്കു വാതായനങ്ങൾ തുറക്കുന്ന ജനിതക ശാസ്ത്രം പിറവിയെടുത്തത് ഗ്രെഗർ മെൻഡൽ എന്ന ഓസ്ട്രിയൻ സന്യാസ വൈദികന്റെ തോട്ടത്തിലാണെന്നു നമുക്കറിയാം. ഫാ. മെൻഡലിന്റെ കാൽപ്പാടുകൾ പിന്തുടർന്ന് ആധുനിക വൈദ്യശാസ്ത്രത്തിനും ജനിതകവിജ്ഞാനീയത്തിനും നിസ്തുലമായ സംഭാവനകൾ നൽകിയ പ്രതിഭാധനനാണ് ഫ്രഞ്ച് ശിശുരോഗവിദഗ്ധനും ജനിതക ശാസ്ത്രജ്ഞനുമായ ജറോം ലെഷൂൺ. ഡൗൺസിൻഡ്രോം ബാധിച്ച കുഞ്ഞുങ്ങൾക്കുവേണ്ടി ജീവിതം മാറ്റിവയ്ക്കുകയും ഈ രോഗാവസ്ഥക്കു കാരണമാകുന്ന *ട്രൈസോമി 21* എന്ന ജനിതക സവിശേഷത കണ്ടുപിടിക്കുകയും ചെയ്ത ഈ ശാസ്ത്രജ്ഞനെ 2021 ജനുവരി 21-ന് ഫ്രാൻസിസ് പാപ്പാ ധന്യനായി പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തിന്റെ ബൗദ്ധിക ശുശ്രൂഷയുടെമേൽ പതിഞ്ഞ ദൈവത്തിന്റെ അംഗീകാരമുദ്രകൂടിയായി അതു മാറി.

1926-ൽ പാരിസിൽ ഉത്തമ കത്തോലിക്കാകുടുംബത്തിൽ ജനിച്ച ലെഷൂൺ നാടകം, സംഗീതം, ജ്യോതിശാസ്ത്രം എന്നിവയിൽ തല്പരനായിരുന്നു. സഹജമായ ദീനാനുകമ്പമൂലം ഒരു ഡോക്ടറായി പാവങ്ങളെ ശുശ്രൂഷിക്കുക എന്ന ഉദ്ദേശത്തോടെ വൈദ്യശാസ്ത്ര പഠനം ആരംഭിച്ച അദ്ദേഹം 1950-ൽ ഫ്രാൻസിലെ പ്രസിദ്ധനായ വൈദ്യശാസ്ത്രജ്ഞൻ റെയ്മോണ്ട് റ്റെർപിന്റെ നിർദ്ദേശപ്രകാരം അന്ന് 'മംഗോളിയനിസം' എന്നറിയപ്പെട്ടിരുന്ന ഡൗൺസിൻഡ്രോമിനെക്കുറിച്ചുള്ള ഗവേഷണത്തിലേക്ക് ശ്രദ്ധ തിരിച്ചു. കേവലം ശാസ്ത്രഗവേഷണങ്ങൾക്കുവേണ്ടിയുളള താല്പര്യത്തേക്കാൾ ഡൗൺസിൻഡ്രോം ബാധിച്ച കുഞ്ഞുങ്ങളോടുള്ള അകമഴിഞ്ഞ സ്നേഹമായിരുന്നു ലെഷൂണിന്റെ മുഖ്യപ്രചോദനം. മനുഷ്യോചിതമായി ജീവിക്കാൻ അവരെ പ്രാപ്തരാക്കാനും അവരുടെ മാതാപിതാക്കളെ ബോധവൽക്കരിക്കാനും അദ്ദേഹം ശ്രദ്ധിച്ചു. 1958-ൽ സഹപ്രവർത്തകയായ മർത് ഗോതിയെയുടെ സഹായത്തോടെ അദ്ദേഹം ഡൗൺസിൻഡ്രോമിന് കാരണമാകുന്ന ജനിതകരഹസ്യം കണ്ടുപിടിച്ചു. സാധാരണ മനുഷ്യർക്ക് 23 ജോഡി ക്രോമോസോം ഉള്ളപ്പോൾ ഡൗൺസിൻഡ്രോം ലക്ഷണങ്ങളുള്ള കുഞ്ഞുങ്ങൾക്ക് 21-ാം ക്രോമോസോമിന്റെ ഒരു അധിക പകർപ്പോടു കൂടി 47 ക്രോമോസോമുകൾ കാണപ്പെടുന്നു എന്നതായിരുന്നു വൈദ്യശാസ്ത്ര രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവന്ന ആ കണ്ടെത്തൽ.

ട്രൈസോമി-21 കണ്ടുപിടിച്ചതോടെ വൈദ്യശാസ്ത്രരംഗത്ത്, വിശേഷിച്ച് ജനിതകശാസ്ത്ര


www.malankaralibrary.com

ത്തിൽ ലെഷൂണിന്റെ സ്വരം ലോകമെമ്പാടും ശ്രദ്ധിക്കപ്പെട്ടു. 1962-ൽ ശാരീരിക വൈകല്യമുള്ളവരുടെ ക്ഷേമത്തിന് നൽകുന്ന സമഗ്ര സംഭവനകൾക്കായുള്ള 'കെന്നഡി അവാർഡ്' അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡിയിൽ നിന്ന് ലെഷൂൺ സ്വീകരിച്ചു. 1964-ൽ പാരീസ് സ്കൂൾ ഓഫ് മെഡിസിനിൽ ജെനെറ്റിക്സ് പഠനത്തിന് പ്രത്യേക വകുപ്പ് ആരംഭിച്ചപ്പോൾ അതിന്റെ പ്രഥമ അധ്യക്ഷനായി അദ്ദേഹം നിയമിതനായി. ലോകാരോഗ്യ സംഘടനയിലും (WHO) ഐക്യരാഷ്ട്ര സഭയിലും (UN) ശാസ്ത്രോപദേശകനായിരുന്ന ലെഷൂണിനെ യൂറോപ്പിലെ നാലു പ്രശസ്ത സർവ്വകലാശാലകൾ ഡോക്ടറേറ്റ് നല്കി ആദരിച്ചു.

എന്നാൽ, ശാസ്ത്രനേട്ടങ്ങൾ നന്മക്കെന്നതുപോലെ തിന്മയ്ക്കും ഉപയോഗപ്പെടുത്താമെന്നതിന്റെ വലിയൊരു ഉദാഹരണമായി തന്റെ കണ്ടുപിടിത്തം മാറുന്നത് അദ്ദേഹത്തെ വേദനിപ്പിച്ചു. ട്രൈസോമി-21 കാണപ്പെടുന്ന ഗർഭസ്ഥശിശുക്കളെ ഇല്ലായ്മ ചെയ്യുന്നതിനാണ് രോഗത്തിന്റെ ചികിത്സയേക്കാളും ലോകം താല്പര്യപ്പെടുന്നതു എന്ന് കണ്ട ലെഷൂൺ രാജ്യാന്തരവേദികളിലും പണ്ഡിതസദസുകളിലും ഭ്രൂണഹത്യക്കെതിരെ നിരന്തരം ശബ്ദമുയർത്തി. 1969-ൽ ജനിതകശാസ്ത്രജ്ഞർക്കുള്ള അമേരിക്കൻ ഗവൺമെന്റിന്റെ പരമോന്നത ബഹുമതി സ്വീകരിച്ച ശേഷം ലെഷൂൺ നടത്തിയ പ്രസംഗം ശ്രോതാക്കളിൽ സമ്മിശ്രപ്രതികരണങ്ങൾ ഉളവാക്കി. 'ഇന്ന് നൊബേൽ സമ്മാനം എനിക്ക് നഷ്ടമായി' എന്ന് അദ്ദേഹം ഭാര്യക്കെഴുതി. ഫ്രാൻസിൽ ഇടതു-സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ അസഹനീയമായ വിദ്വേഷപ്രചാരണങ്ങൾ ആ മനുഷ്യസ്നേഹിക്കെതിരെ ഉയർത്തി. ഡോക്ടർ എന്ന നിലയിൽ ജീവൻ സംരക്ഷിക്കാനുള്ള ദൗത്യമാണ് തന്റേതെന്ന് അദ്ദേഹം സധൈര്യം പ്രഘോഷിച്ചു. അഞ്ചു മക്കളുടെ പിതാവായ ലെഷൂണിന് വിശ്വാസം അലങ്കാരമോ ആഡംബരമോ അല്ലായിരുന്നു.

സുവിശേഷത്തെപ്രതി നിന്ദനങ്ങളേൽക്കുന്നവർക്കു പ്രതിഫലം ഭൂമിയിൽത്തന്നെ ദൈവം നല്കിത്തുടങ്ങുമെന്നു ഡോ. ലെഷൂണിന്റെ ജീവിതം നമുക്ക് പ്രത്യാശ നൽകുന്നുണ്ട്. 'മനുഷ്യജീവൻ' (Humanae Vitae) എന്ന പ്രസിദ്ധ ചാക്രികലേഖനത്തിലൂടെ കത്തോലിക്കാ മനുഷ്യദർശനത്തിന്റെ അടിസ്ഥാനഭാവങ്ങളെ ഉറപ്പിച്ച പോൾ ആറാമൻ പാപ്പാ 1974-ൽ അദ്ദേഹത്തെ പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസിന്റെ അംഗമായി നിയമിച്ചു. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പായുമായും അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു.

1993-ൽ ശ്വാസകോശത്തിൽ അർബുദം ബാധിച്ചപ്പോൾ, ഡൗൺസിൻഡ്രോം ബാധിച്ച കുഞ്ഞുങ്ങളെ പിരിയുന്നതിലായിരുന്നു അദ്ദേഹത്തിന്റെ വേദന. നിറഞ്ഞ സന്തോഷത്തോടെയും തൃപ്തിയോടെയും അദ്ദേഹം മരണത്തിനൊരുങ്ങി. 1994-ൽ സ്ഥാപിതമായ പൊന്തിഫിക്കൽ അക്കാദമി ഫോർ ലൈഫിന്റെ ആദ്യ ചെയർമാനാകാനുള്ള പരിശുദ്ധ പിതാവിന്റെ ക്ഷണം അദ്ദേഹം സ്വീകരിച്ചത് അന്വർത്ഥമായൊരു സന്ദേശത്തോടെയായിരുന്നു: "ഞാൻ പൊരുതി മരിക്കും." ഒരു മാസത്തിനുശേഷം, 1994 ഏപ്രിൽ നാലിന് ഈസ്റ്റർ ദിനത്തിൽ ഉത്ഥിതനോടൊപ്പം ജറോം ലെഷൂൺ നിത്യജീവനിലേക്കു പ്രവേശിക്കപ്പെട്ടു. ലോകം സൗകര്യപൂർവം ആശ്ലേഷിക്കുന്ന മരണസംസ്കാരത്തിനു വിരുദ്ധമായി ജീവന്റെ വിശുദ്ധമായ പ്രതിസംസ്കാരം സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ ധന്യജീവിതം പ്രചോദനമാകുന്നു. ■

www.malankaralibrary.com


# ദൈവദാസി കൊളേത്താമ്മ നിസ്സാര കാര്യങ്ങളുടെ മധ്യസ്ഥ

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസസഭയിലെ ഭരണങ്ങാനം അൽഫോൻസാ പ്രൊവിൻസ് അംഗമായ **സിസ്റ്റർ മേരി കൊളേത്താ** വിശുദ്ധ നാമകരണ നടപടിയുടെ ആദ്യതലമായ ദൈവദാസിപദവിയിലേക്ക് ഉയർത്തപ്പെട്ടു. നിസ്സാരസഹായങ്ങളുടെ സഹോദരി എന്ന അപദാനത്താൽ അറിയപ്പെട്ടിരുന്ന ഈ സഹനസമർപ്പിതയുടെ ധന്യജീവിതത്തിലേക്ക്...



സിസ്റ്റർ ജെസി മരിയ FCC
*പ്രൊവിൻഷ്യൽ സുപ്പീരിയർ*
*അൽഫോൻസാ ജ്യോതി പ്രൊവിൻസ്,*
*ഭരണങ്ങാനം*

എല്ലാ വിശുദ്ധ ജീവിതങ്ങളിലും ഒരു ദൈവിക നിഗൂഢതയുണ്ട്. മനുഷ്യന്റെ ബാഹ്യദൃഷ്ടിയിൽനിന്നും മറഞ്ഞിരിക്കുന്ന, ദൈവം മാത്രം കാണുകയും അറിയുകയും ചെയ്യുന്ന ഒരു ആന്തരിക വശം വിശുദ്ധിയെ ഗൗരവമായി സ്വീകരിക്കുന്ന എല്ലാവരിലും ദൃശ്യമാണ്. ദൈവദാസി കൊളേത്താമ്മയുടെ ജീവിതവും ദൈവിക നിഗൂഢതകളാൽ വലയം ചെയ്യപ്പെട്ടതാണ്. അതുകൊണ്ടുതന്നെ ഈ സുകൃതിനിയുടെ ജീവിതാനുഭവങ്ങളെ കോർത്തിണക്കി അവതരിപ്പിക്കുക എളുപ്പമല്ല. ബനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകൾ വളരെ പ്രസക്തമാണ്: "അസാധാരണ സിദ്ധിയുള്ള ഒരു വ്യക്തി വലിയ ഒരു വിശുദ്ധനാകണമെന്നില്ല. ദൈവത്തിനുമാത്രം പേരറിയാവുന്ന ഒട്ടനവധി വിശുദ്ധരുണ്ടെന്നുള്ളത് തീർച്ചയാണ്. കാരണം, ഭൂമിയിൽ അവർ പ്രത്യക്ഷമായി പരിപൂർണമായ സാധാരണ ജീവിതം നയിച്ചു. ഈ 'സാധാരണ' ജീവിതത്തിനുടമകളെയാണ് ദൈവം സ്വഭാവേന അഭിലഷിക്കുന്നത്. കൊളേത്താമ്മ ഈ വിധം ഒരു 'സാധാരണ' സമർപ്പിതയായിരുന്നു.

തമ്പുരാന്റെ നിശ്ചയങ്ങളോട് ചേർന്നു നിൽക്കുന്നവർക്ക് സ്വർഗത്തിന്റെ അംഗീകാരമുദ്രയുണ്ടാവും. ഭാരതത്തിലെ സീറോമലബാർ സഭയുടെ വിശുദ്ധ പാരമ്പര്യത്തിന് ആഗോളസഭയുടെ അംഗീകാരമായി രണ്ട് ദൈവദാസർകൂടി സഭാരാമത്തിൽ വിരിഞ്ഞിരിക്കുന്നു. ആത്മാവച്ചൻ എന്നറിയപ്പെടുന്ന ഫാ. ബ്രൂണോ കണിയാരകത്ത് CMI, നിസ്സാര കാര്യങ്ങളുടെ മധ്യസ്ഥ എന്നറിയപ്പെടുന്ന സിസ്റ്റർ കൊളേത്താമ്മ FCC.

എഫ്.സി.സിയുടെ ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രൊവിൻസിലെ മണിയംകുന്ന് ഭവനാംഗമായ ദൈവദാസി കൊളേത്താമ്മയുടെ ആത്മീയ സമ്പത്ത് അറിയുന്തോറും അമ്മ നമ്മെ വിസ്മയിപ്പിക്കുകയാണ്.

## കുടുംബപശ്ചാത്തലം

മാർത്തോമ്മായുടെ മാർഗം പഠിക്കുന്നവർക്കും പിന്തുടരുന്നവർക്കും സുപരിചിതമായ പകലോമറ്റം കുടുംബത്തിന്റെ ശാഖകളിലൊന്നായ ചേർപ്പുങ്കൽ ആരംപുളിക്കൽ ജോസഫ്- അന്നമ്മ ദമ്പതികളുടെ നാല് മക്കളിൽ രണ്ടാമത്തെ സന്താനമായി 1904 മാർച്ച് 13-ന് കൊളേത്താമ്മ ജനിച്ചു. വത്സലമാതാവിന്റെ മരണം ഏൽപ്പിച്ച നൊമ്പരത്തിൽ പിതാവിനൊപ്പം നിന്ന് സഹോദരങ്ങൾക്ക് അമ്മയും സഹോദരിയുമായ 'ആയിയമ്മ' ആയി. അമ്മയുടെ മരണംമൂലം പഠനം നിർത്തേണ്ടിവന്നെങ്കിലും മന

www.malankaralibrary.com



സ്കൂളിലുറച്ച ജീവിതലക്ഷ്യം നേടാൻ 21-ാം വയസ്സിൽ കൊളേത്താമ്മ VSLC കരസ്ഥമാക്കി.

## ദൈവവിളി

സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു അമ്മയുടെ ദൈവിവളി. മണിയംകുന്ന് സ്കൂളിൽ അധ്യാപികയായി എത്തിയതും മണിയംകുന്നിൽനിന്നും ചേർപ്പുങ്കലിലെ സ്വഭവനത്തിലേക്കുള്ള ദൂരം കൂടുതലായതിനാലും മണിയംകുന്ന് മഠത്തിൽ താമസമാക്കിയത് FCC ലേക്കുള്ള തന്റെ ജീവിതനിയോഗത്തെ തിരിച്ചറിയാൻ പ്രാപ്തമാക്കി. എഫ്.സി.സിയുടെ സ്ഥാപക മാതാക്കൾ സ്വന്തമാക്കിയ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സിദ്ധി ജീവിക്കുന്ന, സമാധാനവും സൗഭാഗ്യവും ദൈവത്തിൽ കണ്ട് ആനന്ദിക്കുന്ന മണിയംകുന്ന് ക്ലാരമഠത്തിലെ അമ്മമാരുടെ ദരിദ്രവും വിനീതവും ലളിതവുമായ ജീവിതശൈലിയാണ് തന്റെ ഉള്ളിലെ പ്രചോദനമെന്നും അത് ഈശോയോടുള്ള ജ്വലിക്കുന്ന സ്നേഹമാണെന്നും ബോധ്യപ്പെട്ടതോടെ ക്ലാരസഭയിൽ അംഗമായി ചേർന്നു. 1937-ൽ ആദ്യവ്രതവാഗ്ദാനം ചെയ്ത നാൾമുതൽ എഫ്.സി.സിയുടെ വിശ്വസ്ത പുത്രിയായി അധ്യാപന പ്രേഷിതവൃത്തിയിൽ ഏർപ്പെട്ട കൊളേത്താമ്മയുടെ ജീവിതത്തെ മാറ്റിമറിച്ചത് 1942-ൽ അമ്മയെ ബാധിച്ച ക്ഷയരോഗമായിരുന്നു.

## കൊളേത്താമ്മയുടെ പെനുവേൽ അനുഭവം

അക്കാലത്ത് TB (Tuberculosis) എന്ന പകർച്ചവ്യാധിയുടെ ഭീകരതയും ശരിയായ ചികിത്സയുടെ ലഭ്യതക്കുറവും കൊളേത്താമ്മയെ മാറ്റി പാർപ്പിക്കുക എന്ന വേദനാജനകമായ തീരുമാനത്തിലേക്ക് എത്തിക്കേണ്ടിവന്നു. 1942 മുതൽ രണ്ടു വീടുകളിലായി തുടങ്ങി 1952-ൽ പുതിയ രോഗീഭവനത്തിലേക്ക് മാറുന്നതുവരെയുള്ള ഏകാന്തവാസം കൊളേത്താമ്മയെ അനിർവചനീയമായ ആത്മീയതയിലേക്ക് ഉയർത്തി. പരാതിയില്ലാത്തവരുടെ അകം ശൂന്യമല്ല, വിശ്വാസ, ശരണ, സ്നേഹ പ്രകരണങ്ങളാൽ നിറഞ്ഞു തുളുമ്പുമെന്ന് കൊളേത്താമ്മയുടെ ജീവിതം സാക്ഷ്യപ്പെടുത്തുകയാണ്. പൂഞ്ഞാർ കൊവേന്തയിലെ കസിയാനോസച്ചൻവഴി ദിവ്യകാരുണ്യഈശോ അമ്മയോടൊപ്പം ആയിരിക്കാൻ ഏകാന്തവസതികളിൽ എത്തുമായിരുന്നു. കുമ്പസാരത്തിലൂടെ ആത്മാവിനെ നിർമലമായി സൂക്ഷിക്കാനും അനുദിനം ആത്മാവിൽ വളർന്നു ശക്തിപ്രാപിക്കാനും സ്വയം പരിത്യാഗത്തിന്റെയും കുരിശെടുക്കലിന്റെയും പ്രായോഗികതലം ഏതെന്നു വിവേചിച്ചറിയാനും കസിയാനോസച്ചൻ കൊളേത്താമ്മയെ പരിശീലിപ്പിച്ചു. മറ്റുള്ളവരുടെ കുറ്റം കണ്ടെത്താനോ പറയാനോ അമ്മ മെനക്കെട്ടില്ല എന്ന് അമ്മയെ നേരിട്ടറിയാവുന്നവർ ഒരേപോലെ സമ്മതിക്കും. ആരെങ്കിലും സഹതാപവുമായി ചെന്നാൽ 'ഇതൊന്നും ആരുടെയും കുറ്റമല്ല, എന്നെ സംബന്ധിച്ചുള്ള ദൈവഹിതമാണ്" എന്ന കൊളേത്താമ്മയുടെ മറുപടിയിൽ ഒരു സമർപ്പിതയുടെ ആത്മീയ നിറവ് മുഴുവൻ പ്രതിഫലിക്കുന്നു. കൊളേത്താമ്മയുടെ ഏകാന്തവാസം യഥാർഥത്തിൽ ദൈവത്തെ മുഖത്തോടു മുഖം കണ്ട 'പെനുവേൽ' അനുഭവമായിരുന്നു.

കൊളേത്താമ്മയുടെ മിഷൻ ചൈതന്യം ഏതു തലമുറയ്ക്കും പ്രേരകശക്തിയാണ്. മിഷനറിമാർക്കു

www.malankaralibrary.com



***ദൈവദാസി കൊളേത്താമ്മ വർഷങ്ങളോളം ഏകാന്ത ജീവിതത്തിന് ഉപയോഗിച്ചിരുന്ന മുറിയിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ ജനറൽ & പ്രോവിൻഷ്യൽടീം പ്രാർത്ഥിക്കുന്നു***

വേണ്ടി തന്റെ രോഗപീഡകൾ അമ്മ സർവേശന് സമർപ്പിച്ചു. 'നിസ്സാര സഹായങ്ങളുടെ സഹോദരി' എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന അമ്മ ചെയ്തവ അന്നും ഇന്നും നിസ്സാരമല്ല. ആക്രിസാധനങ്ങൾ, വിളവെടുപ്പ് കഴിഞ്ഞും അവശേഷിക്കുന്ന കശുവണ്ടി, കുരുമുളക്, കാപ്പിക്കുരു എന്നിവയെല്ലാം ശുദ്ധനിയോഗത്തോടെ പെറുക്കി മിഷനെ സഹായിക്കാനും ശുദ്ധീകരണാത്മാക്കൾക്കായി ദിവ്യബലി അർപ്പിക്കാനും അമ്മ അധികാരികളുടെ സഹായം തേടിയിരുന്നു. ഏകാന്തവാസത്തിൽ കൂടെയുണ്ടായിരുന്ന വിശുദ്ധഗ്രന്ഥം, എഫ്.സി.സി നിയമാവലിയുടെ കൈയെഴുത്തുപ്രതി, ജപമാല, മാലാഖക്കൊന്ത എന്നിവയിലൂടെ പരിശുദ്ധാരൂപിയുടെ ആത്മീയ ശിക്ഷണം കൊളേത്താമ്മ സ്വായത്തമാക്കി.

നിസ്സാര സഹായങ്ങളുടെ സഹോദരി, മിഷണറി മധ്യസ്ഥ, ശുദ്ധീകരണാത്മാക്കളുടെ സ്നേഹിത എന്നീ നിലകളിൽ കൊളേത്താമ്മയിലെ ആത്മീയതയെ ആഴത്തിൽ പഠിക്കാനും പുനർവിചിന്തനം ചെയ്യാനും സാധിക്കണം. 80 വർഷംനീണ്ടുനിന്ന ആ സഹനസപര്യ 1984 ഡിസംബർ 18-ന് പൂർത്തിയായി.

## സമീപസ്ഥയായ ദൈവദാസി

Waiting is a part of the process of becoming what God wants us to be. മോശയുടെ നേതൃത്വത്തിൽ തുടക്കമിട്ട കാനാൻ നാട്ടിലേക്കുള്ള യാത്രയ്ക്ക് 40 സംവത്സരങ്ങൾ. യേശു തന്റെ പരസ്യജീവിതത്തിന് കാത്തിരുന്നത് 30 വർഷങ്ങൾ. അനുഗ്രഹലബ്ധി, ഉദ്ദിഷ്ടകാര്യസാധ്യത എന്നിവയിലൂടെ ധാരാളംപേർ അനുഭവിച്ചറിഞ്ഞ കൊളേത്താമ്മയുടെ മാധ്യസ്ഥ്യസഹായവും വിശുദ്ധിയും അമ്മയുടെ സ്വർഗപ്രവേശനത്തിന്റെ 37-ാം വർഷം, കൊളേത്താമ്മയുടെ നാമകരണത്തിന്റെ തുടക്കമായ ദൈവദാസി പദവി നൽകി അംഗീകരിച്ചതിന്റെ സന്തോഷത്തിലാണ് ഇപ്പോൾ തിരുസഭയും നമ്മളും.

ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം ആജീവനാന്തകാലത്തേക്ക് സബ്സ്ക്രൈബ് ചെയ്ത കൊളേത്താമ്മയിലൂടെ ക്രിസ്തുവിന്റെ സുകൃതവും സുഗന്ധവും പ്രസരിക്കുകയാണ്. കൊളേത്താമ്മ ഒരു പാഠശാലയാണ്. TB Isolation എന്ന വേർതിരിവിന്റെ ഭിത്തികളെ നിരന്തര തപസ്സുകൊണ്ട്, സഹനംകൊണ്ട്, പ്രാർത്ഥനകൊണ്ട്, ജപമണികൾകൊണ്ട് വിണ്ണിലേക്ക്, സ്വർഗവസതിയിൽ തമ്പുരാനെ തൊടാനായി.

കൊളേത്താമ്മയുടെ വിശുദ്ധമായ ജീവിതം നമ്മെയും നന്മയുള്ളവരാക്കട്ടെ. ജീവിതത്തിലെ രോഗ, ദുരിത, സഹനങ്ങളിൽ, സംഘർഷങ്ങളിൽ സ്വയം തീർക്കുന്ന ഏകാന്തകൂടാരങ്ങളിൽ പഴിച്ചുകഴിയാതെ, ദൈഹിതത്തിന്, ദൈവനിശ്ചയത്തിന് കീഴടങ്ങാം. കൊളേത്താമ്മയെ വിശുദ്ധയെന്ന് തിരുസഭ അംഗീകരിക്കുന്ന ധന്യനിമിഷത്തിനായി പ്രാർത്ഥിച്ചു കാത്തിരിക്കാം. ■

www.malankaralibrary.com



# സാമൂഹികം

**വേരുകൾ ആഴപ്പെടുമ്പോഴേ
ശാഖകൾ ബലവത്താകൂ.
മാധ്യമലോകത്തിന്റെ നൂതനാഭിമുഖ്യ
ങ്ങൾ, ആനുകാലിക കഥകൾ
കവിതകൾ, സിനിമകൾ
പുസ്തകങ്ങൾ എന്നിവ
പരിചയപ്പെടുത്തിക്കൊണ്ട്
സമൂഹജീവിതത്തിന്റെ
സമഗ്രതയിലേക്കും
സുസ്ഥിതിയിലേക്കും
പറന്നുയരാൻ...**

# അനാമികയുടെ ഹൃദയരാഗം

- കോവിഡ്കാല നവവർഷ ചിന്തകൾ
- എന്റെ പ്രിയപ്പെട്ട കുട്ടിക്ക്
- അയഞ്ഞകാലത്തിലെ വാക്കുകളുടെ ചുഴലിക്കാറ്റ്
- ജയ് ഭീം

ജോഷി ജോർജ് കുഴിയാഞ്ഞാൽ
ഷിജി ജോൺസൺ
ഫാ. സുനിൽ OFM Cap.
റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
ജെ.സി. ബുക്ക്മാൻ

www.malankaralibrary.com


# കോവിഡ്കാല നവവർഷ ചിന്തകൾ

**കോവിഡ് തുടർവ്യാപനത്തിന്റെ ഒരാണ്ടുകൂടി പിന്നിട്ട് ഒരു നവവർഷംകൂടി ഉദയംചെയ്യുകയാണ്. സാമൂഹിക, സാമ്പത്തിക, ആരോഗ്യ, സാംസ്കാരിക, വിദ്യാഭ്യാസ, ആധ്യാത്മിക മേഖലകളിലൊക്കെ മാന്ദ്യവും തകർച്ചയും അനുഭവപ്പെട്ടതോടൊപ്പം കാലാവസ്ഥാവ്യതിയാനങ്ങൾ സൃഷ്ടിച്ച കെടുതികളും ജനജീവിതത്തെ ആകമാനം ബാധിച്ചിട്ടുണ്ട്. ഒരു ഉയിർത്തെഴുന്നേൽപ്പ് സാധ്യമോ എന്ന ആശങ്കകളെ വിലയിരുത്തുകയാണ് ലേഖകൻ.**



**ജോഷി ജോർജ്
കുഴിയാഞ്ഞാൽ**
*മൈന്റ് പവർ ട്രെയിനർ*

'ലക്ഷ്യം വളരെ ഉയരത്തിലായതുകൊണ്ട് അതിൽ എത്തിപ്പെടാൻ സാധിക്കാത്തതല്ല, ലക്ഷ്യം ചെറുതായതുകൊണ്ട് മാത്രം നാം അതുനേടുന്നു എന്നതാണ് വലിയ ദുരന്ത'മെന്ന മൈക്കലാഞ്ചലോയുടെ വാക്കുകൾ ഒരു പുത്തൻ ആണ്ടിനെ വരവേൽക്കാൻ പ്രേരണ നൽകുന്നതാണ്. അർജന്റീനക്കാരൻ സാഹിത്യപ്രതിഭ ലൂയി ബോർഹസ് പറയുന്നത്: 'ചരിത്രത്തിലല്ല, ചരിത്രത്തിന്റെ പാഠങ്ങളിലാണ്മനുഷ്യരാശിഊന്നൽകൊടുക്കേണ്ടതെ'ന്നാണ്. ചരിത്രത്തിലേക്കുള്ള സഞ്ചാരദിശയിൽ ഇതിനുമുമ്പും കൊറോണപോലുള്ള അതിസൂക്ഷ്മ വൈറസുകൾമൂലം രോഗവും പകർച്ചവ്യാധികളും ഭയാനകമാംവിധം ഉയർന്നുവന്നിട്ടുണ്ട്. വ്യാധികളുടെ സംഹാരകാലത്ത് മനുഷ്യൻ ആകുലപ്പെടുക സ്വഭാവികമാണ്. യുക്തിക്കും ലോകനീതിക്കും ഇടയിലുള്ള വിടവ്, നീതിയും അനീതിയും വേർതിരിക്കൽ, ലോകധാർമികത തുടങ്ങിയ യത്നങ്ങളെല്ലാം മഹാവ്യാധികാലത്ത് അപ്രസക്തവുമാണ്. എല്ലാം ഒരു ദു:സ്വപ്നം പോലെ കരുതുകയാണ് വേണ്ടത്. കൊവിഡനന്തരം എന്തായിരിക്കുമെന്ന ആകുലതയിൽ തുലച്ചുകളയാനുള്ളതല്ല മഹത്തായ നമ്മുടെ ജീവിതം. സത്യത്തിൽ ഇതൊരു വഴിത്തിരിവായി കണക്കാക്കണം..! ഇനിയുള്ള മനുഷ്യജീവിതം വലിയ മാറ്റങ്ങളുടേതാണ്. 2020-ന്റെ തുടക്കംമുതൽ പുതിയ ശീലങ്ങൾക്ക് നാമറിയാതെ അല്ലെങ്കിൽ നിർബന്ധിതാവസ്ഥയിൽ മാറ്റപ്പെട്ടിരിക്കുകയാണ്.

ഡിജിറ്റൽ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർ പറയുന്നതു ശേഷിക്കുന്ന കാലങ്ങളിൽ മനുഷ്യൻ അവനവനിലേക്കുതന്നെ ഒതുങ്ങിക്കൂടാനുള്ള വ്യഗ്രതയിലായിരിക്കുമെന്നാണ്. അത്യാവശ്യം, ആവശ്യം, ആർഭാടം എന്നിങ്ങനെ ജീവിതത്തെ തരംതിരിക്കും. അതുമൂലം മനുഷ്യന്റെ ജീവിതരീതിയിൽ സമൂലമായ മാറ്റങ്ങൾ അനിവാര്യമായിത്തീരും. അതുകൊണ്ടുതന്നെ, നമുക്ക് ആഗതമാകുന്ന ഈ പുതുവർഷത്തിൽ ചില നല്ല തീരുമാനങ്ങൾക്ക് തുടക്കം കുറിക്കാം.

## പുതുവർഷ പ്രതിജ്ഞ

ഈ വിപത്ത് തീർച്ചയായും കടന്നുപോകും. എന്നാൽ നമ്മൾ ഇപ്പോൾ എടുക്കുന്ന തീരുമാനങ്ങളാകും വരുംകാലത്ത് നമ്മുടെ ജീവിതത്തെ നിർണയിക്കുക. നമ്മിൽ പലരും പുതുവർഷ പ്രതിജ്ഞ എടുക്കുന്നവരായിരിക്കാം. ഏതാണ്ട് 86% ആളുകൾ ഇങ്ങനെ ഓരോ വർഷവും പ്രതിജ്ഞ എടുക്കുന്നവരാണെന്ന് ആഗോള സർവേകളിൽനിന്ന് തെളിഞ്ഞിട്ടുണ്ട്. കൊറോണാനന്തര പുതുലോകം എങ്ങനെയെന്നറിയാൻ ഏവർക്കും ഏറെ ആകാംക്ഷയുണ്ട്. പുതിയ പുതിയ അവസരങ്ങളെപ്പറ്റി ചിന്തിക്കണം. നല്ല ശാരീരിക അവസ്ഥ ഉണ്ടാകണമെന്ന് ആഗ്രഹി

www.malankaralibrary.com

ക്കണം, സമ്പത്തും സർവ ഐശ്വര്യങ്ങളും വന്നുചേരണമെന്ന് മോഹിക്കണം. ഇതൊക്കെ കേൾക്കാൻ സുഖമുണ്ട്. പക്ഷേ, നടക്കുന്ന കാര്യമാണോ..? ഈ ശങ്കയാണ് ആദ്യം മാറ്റേണ്ടത്. എന്തുകൊണ്ടാണ്, എന്തൊക്കെ ചെയ്തിട്ടും പൂർണതൃപ്തിയെന്നല്ല, ഒരുമാതിരി തൃപ്തിപോലും അനുഭവിക്കാനാകാത്തത്. എന്താണിതിന് കാരണം? പുതുവർഷ പ്രതിജ്ഞ എടുക്കുന്നവരിൽ 30% ആളുകളിൽ 14 ദിവസംവരെയൊക്കെ ഈ പ്രതിജ്ഞയെക്കുറിച്ചുള്ള ചിന്തയുണ്ടാകൂ. പിന്നീട് സാവധാനം അത് കെട്ടടങ്ങും. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും പ്രതിജ്ഞയുമായി മുന്നോട്ടുപോകുന്നവർ കേവലം 12% ആളുകൾ മാത്രമായിരിക്കും. നാം ഒരു മാറ്റത്തിന് മനസ്സുകൊണ്ടു തയ്യാറായാൽ നമുക്ക് അപ്രതീക്ഷിതമായി കുറെ കാര്യങ്ങൾ വന്നുചേരും. മനസ്സൊരുക്കത്തിന് പലർക്കും ഭയമാണ് ആത്മബലം ഇല്ലായ്മയാണ് അതിനു കാരണം. ഭയപ്പാടുകളെ തുരത്തി ഓടിച്ചാൽ മാത്രമെ നമ്മിലേക്കുവരുന്ന മാറ്റത്തെ സ്വീകരിക്കാനാവു. മനോധൈര്യം വന്നുചേർന്നാൽ സന്തോഷം താനെ വന്നുകൊള്ളും. അതോടെ നമ്മെക്കുറിച്ച് ഈ ലോകത്തിനുതന്നെ നല്ല അഭിപ്രായം ഉണ്ടാകും.

## നമുക്കുമാത്രമായുള്ള കഴിവ്

നമ്മുടെ ഉള്ളിലെ ആഗ്രഹത്തിനൊരു ജോലി. അത് നമുക്ക് മാത്രം ചെയ്യാനാകുന്നത്. അത്തരത്തിലൊരു അതുല്യമായ കഴിവ് നമ്മളിലോരോരുത്തരിലുമുണ്ട്. അത് കണ്ടെത്തിക്കഴിഞ്ഞാൽ, ആ ജോലിയിൽ ഏർപ്പെട്ടാൽ നമുക്ക് മടുപ്പുണ്ടാകില്ല. തുടർച്ചയായി 10 മണിക്കൂറോ 12 മണിക്കൂറോ ആ ജോലി ചെയ്താൽപോലും നാം ക്ഷീണിക്കുകയില്ല; വിരസത തോന്നുകയില്ല. അതാണ് നമുക്കുമാത്രമായ കഴിവിന്റെ പ്രത്യേകത. ഇത് ജോലിതന്നെയാകണമെന്നില്ല. ഇതുമായി ബന്ധപ്പെട്ട ഒരു ബിസിനസ് ആകാം, വ്യവസായമാകാം, നമ്മെ ഇഷ്ടപ്പെടുന്നവരുടെ കൂടെ എല്ലാദിവസവും കുറെ സമയം ചെലവഴിക്കുക. മായമില്ലാത്തതും നല്ലതുമായ ഭക്ഷണം മിതമായി കഴിക്കുക. നല്ലരീതിയിൽ വ്യായാമം ചെയ്യുക. ധ്യാനം, ഉപവാസം ഇവക്കൊക്കെ സമയം കണ്ടെത്തുക. ഇതുവഴിയാണ് ആരോഗ്യമുള്ള ശരീരത്തെ സൃഷ്ടിക്കാനാകൂ. ഇതൊക്കെ തുടർച്ചയായി ചെയ്യുമ്പോഴാണ് നമ്മിൽ വ്യത്യാസം സംഭവിക്കുന്നത്. നമ്മളും ശുഭപ്രതീക്ഷയുള്ളവരായിരിക്കണം. എന്നാൽ നാം നിഷേധചിന്തയുടെ അടിമയാണോ എന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ തിരിച്ചറിഞ്ഞാൽ അത് അംഗീകരിക്കുകയാണ് വേണ്ടത്. ആരുടെയായാലും കറുത്ത വശം ചികഞ്ഞെടുക്കാൻ കിണഞ്ഞുശ്രമിക്കുകയും നന്മയെ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്നവരുണ്ട്. മറ്റുള്ളവരിലെ നന്മ കാണുകയും അത് പരസ്യമായി അംഗീകരിക്കുകയും ചെയ്യുന്നത് അവർക്ക് പ്രോത്സാഹനം നല്കുന്നു. അതോടൊപ്പം അവരുടെ സ്നേഹവും പ്രോത്സാഹനവും നമ്മെ തേടിയെത്തുകയും ചെയ്യും. ജീവിതത്തിൽ പലപ്പോഴും നമുക്ക് നിരാശരാകേണ്ടതായി വന്നേക്കാം. നമ്മെ മറ്റുള്ളവർ അവഗണി



www.malankaralibrary.com

ക്കുന്നു എന്നു തോന്നിയേക്കാം. എന്നാൽ നമ്മെ ഉത്തേജിപ്പിക്കാനും ശക്തിപ്പെടുത്താനുമുള്ള ചില മാർഗങ്ങളുണ്ട്. ഇവയിൽ ഏറ്റവും പ്രധാനമാണ് പോസിറ്റീവായി ചിന്തിക്കുക, പ്രവർത്തിക്കുക എന്നത്. ഇത് നിരന്തരമായ പരിശീലനത്തിലൂടെ നേടേണ്ട ഗുണമാണ്. വ്യക്തിപരമായ കാര്യങ്ങളിൽ മാത്രമല്ല, മറ്റുള്ളവരെ സംബന്ധിക്കുന്നകാര്യത്തിലും ഇത്തരം ചിന്തവേണം. അന്ധയും ബധിരയും മൂകയുമായിട്ടും ഹെലൻകെല്ലർ ജീവിതവിജയം നേടിയത് പോസിറ്റീവായി ചിന്തിക്കുകയും പ്രവർത്തിക്കുകയും അതോടൊപ്പം ജീവിതത്തിന് ഒരു ലക്ഷ്യം ഉണ്ടാക്കുകയും ചെയ്തതുകൊണ്ടാണ്. ഓർക്കുക, നാം ഒരു ലക്ഷ്യത്തിനായാണ് പരിശ്രമിക്കുന്നതെങ്കിൽ അത് തീർച്ചയായും നേടിയെടുക്കാനാകും. ഒരാൾക്ക് അമാനുഷ്യനാകണമോ? അതിന് മൂന്നു കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി. ലക്ഷ്യം വ്യക്തമായി നിർവചിക്കുക. അത് മനസ്സിൽ പലാവർത്തി ഉരുവിടുക; ആ ലക്ഷ്യങ്ങൾ ദൃശ്യവത്ക്കരിക്കുക.

## വിദ്യാഭ്യാസ മേഖലയിൽ മാറ്റം വരണം

സാങ്കേതികവിദ്യയുടെ ആവിർഭാവത്താൽ പുതിയ പരിണാമത്തിലേക്ക് മാറിയ നിരവധി മേഖലകളുണ്ട്. ഏറെക്കാലമായി ഒരു മാറ്റവും സംഭവിക്കാത്ത മേഖലയാണ് വിദ്യാഭ്യാസം. വെല്ലുവിളികളും സാധ്യതകളും മനസിലാക്കി സംവിധാനത്തെ ഉടച്ചുവാർക്കുകയും 'വിദ്യാഭ്യാസം' കൂടുതൽ അർഥവത്താക്കാൻ പ്രേരിപ്പിക്കുന്ന ചില നിർദിഷ്ട ഇടപെടലുകൾ ഉൾക്കൊള്ളിച്ച് മാതൃകാപരമായ മാറ്റത്തെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. പ്രധാനമായും ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് സൗകര്യപ്രദവും സ്പഷ്ടവുമായ പഠന സംവിധാനം ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിലേക്കു കൊണ്ടുവരണം. അടിയന്തര സാഹചര്യങ്ങളിലടക്കം ഔപചാരിക– അനൗപചാരിക രീതിയിൽ വഴക്കമുള്ള പഠനം ഉറപ്പാക്കാൻ, വിദ്യാഭ്യാസ സംവിധാനങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ഊർജസ്വലത വളർത്തിയെടുക്കാൻ സഹായിക്കുന്നു. പഠിതാക്കൾക്ക് അവരുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള പാഠങ്ങൾ തിരഞ്ഞെടുക്കാൻ കഴിയണം. സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വഴക്കമുള്ള പഠനം എവിടെ, എപ്പോൾ, എങ്ങനെ ലഭ്യമാകും എന്നതിനെക്കുറിച്ചുള്ള സാധ്യതകൾ പഠിതാക്കൾക്ക് ഇന്ന് നല്കാനാകും. ഇടവേളകളില്ലാതെ ലളിതവും പ്രതിജ്ഞാബദ്ധമായതും ഫലപ്രദവുമായ പഠനം പ്രോത്സാഹിപ്പിക്കാൻ ഇത് ഏറെ സഹായകരമാകും.

രണ്ടാമതായി, സ്വീകരിക്കാവുന്ന ഒരു മോഡലാണ് ഓപ്പൺ ലേണിങ് സിസ്റ്റം. ഒ.എൽ.എസ് പഠനസംവിധാനത്തിൽ, പഠനപ്രക്രിയയുടെ പല പഠനവശങ്ങളും പഠിതാവിന്റെ നിയന്ത്രണത്തിലാണ്. പഠിതാവിന് ആവശ്യമുള്ളിടത്ത് എപ്പോൾ, എങ്ങനെ വേണമെന്നുള്ള രീതിയിൽ പഠന അവസരങ്ങൾ നല്കാൻ ഇത് ശ്രമിക്കുന്നു. ഒ.എൽ.എസ് അവരുടെ വിദ്യാർഥികൾക്ക് യോജിച്ച യോഗ്യതകളിലേക്ക് ദീർഘകാലത്തേക്ക് പഠിക്കാനുള്ള സൗകര്യം നല്കുന്നു. വിദ്യാർഥികൾക്ക് താല്പര്യത്തിനനുസരിച്ച് പഠിക്കാനോ, ഓപ്പൺ മോഡിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന മൊഡ്യൂളിനോ കോഴ്സിനോ അംഗത്വമെടുക്കാം. ഇത് പൂർണമായും ഓൺലൈൻ മോഡിലോ അല്ലെങ്കിൽ കോൺടാക്റ്റ് ക്ലാസുകളിലോ അധിഷ്ഠിതമാകാം. പക്ഷേ അസൈൻമെന്റുകൾ, മൂല്യനിർണയം, സർട്ടിഫിക്കറ്റ് എന്നിവ എല്ലാം ഓൺലൈനിൽ സമർപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. ബ്ലാക്ക് ബോർഡ്, ചോക്ക്, എന്നിവയിൽനിന്ന് വെർച്വൽ ക്ലാസ് റൂമിലേക്ക്, ക്ലാസ് ടെസ്റ്റുകളിൽനിന്ന് ഓൺലൈൻ ടെസ്റ്റിലേക്ക്, വാക്കാലുള്ള പാഠങ്ങളിൽനിന്ന് പിപിടി അടിസ്ഥാനമാക്കിയുള്ള പഠനത്തിലേക്ക്; വ്യക്തിഗത സംഭാഷണങ്ങളിൽനിന്ന് സൂം, മൈക്രോസോഫ്റ്റ് 365 ഓഫീസ്, അല്ലെങ്കിൽ വെബെക്സ്പോലുള്ള പ്ലാറ്റ്ഫോമുകളിൽ അധിഷ്ഠിതമായ പരസ്പരപ്രവർത്തനങ്ങളിലേക്ക്, പേപ്പർ തിരുത്തൽ എന്നത് ഓൺലൈൻ പരീക്ഷകളിലേക്കും ഗ്രേഡിംഗിലേക്കും പഠനസാമഗ്രികൾ ഓൺലൈൻ മെറ്റീരിയലുകളിലേക്കും മറ്റും മാറ്റുന്നത് എന്നിവയൊക്കെ അവർക്ക് ഒരു പുതിയ രീതിയാണ്. അവർക്ക് കൂടുതൽ നൂതനമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അത്യാധുനിക പഠന സംവിധാനത്തെ പരിചയപ്പെടാനും സാധിക്കും. ബുദ്ധിമുട്ടുകൾ താല്കാലികം മാത്രമായിരിക്കും. ഈ മാറ്റങ്ങൾ ഉൾക്കൊള്ളാൻ അധ്യാപകർ കൂടി സന്നദ്ധരാകണമെന്നുമാത്രം.

കുട്ടികളുടെ സമഗ്രവികസനം നിലനിർത്താനും ഒരു സാമൂഹ്യജീവിയാകാൻ സഹായിക്കാനും അവർ തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങളും മറ്റ് പ്രവർത്തികൾ നിലനിർത്താനും ചില ബദൽ സംവിധാനങ്ങൾ ഉപയോഗിച്ച് നമുക്ക് പുതിയ സ്കൂൾ വിദ്യാഭ്യാസത്തെ മുന്നോട്ടുകൊണ്ടുപോകാനാകും.

ബാച്ചിന്റെ എണ്ണം കുറയ്ക്കേണ്ടതുണ്ട്, പക്ഷേ അത് സാമ്പത്തിക സ്ഥിരതയെ ബാധിച്ചേക്കാം.

www.malankaralibrary.com

അതിനാൽ ഒന്നിടവിട്ട ദിവസങ്ങളിൽ ബാച്ചുകളിൽ ക്ലാസുകൾ ഉണ്ടാകാം. മറ്റു ദിവസങ്ങളിൽ, വിദ്യാർഥികൾക്ക് ധാരാളം ഹോംവർക്കുകളും അസൈൻമെന്റുകളും നല്കേണ്ടതുണ്ട്. വെർച്വൽ ക്ലാസുകളിൽ പങ്കെടുക്കുകയും വേണം. അതുപോലെ അധ്യാപകർക്ക് ക്ലാസിൽ ഹാജരാകാം അല്ലെങ്കിൽ വിദൂരമായി ക്ലാസെടുക്കാം. ഓൺലൈൻ അധ്യാപനം റെക്കോർഡുചെയ്യുകയും അതേ വിഷയങ്ങൾക്കായി വീണ്ടും ഉപയോഗിക്കുകയും വേണം. മീറ്റിങ്ങുകൾ, ഒത്തുചേരൽ, മറ്റുപ്രവർത്തനങ്ങൾ എന്നിവയ്ക്ക് സാമൂഹിക അകലം പാലിക്കുന്ന കാര്യം മറക്കാതിരിക്കുകയും വേണം.

ഓൺലൈൻ അധിഷ്ഠിത പഠനങ്ങൾക്കിടയിൽ വിദ്യാർഥിയുടെ സ്ഥിരമായ ശ്രദ്ധ എങ്ങനെ നിലനിർത്താമെന്നുള്ളതും ഓൺലൈൻ ക്ലാസുകളിൽ അവരുടെ മാനസികാവസ്ഥ, താല്പര്യം, പെരുമാറ്റ മനോഭാവം എന്നിവ അറിയുക എന്നുള്ളതുമാണ് മറ്റൊരു പ്രധാന ആശങ്ക. ഒരു സംഭവത്തിലേക്കോ പ്രവർത്തനത്തിലേക്കോ അത് പൂർത്തിയാകുന്നിടത്തോളം ദീർഘനേരം ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവിനെയാണ് സുസ്ഥിരമായ ശ്രദ്ധ എന്നു പറയുന്നത്. ഇലക്ട്രോഡ് അധിഷ്ഠിത ബാൻഡുകളോ ചില ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫേസുകളോ (ബി.സി.ഐ) തലയിൽ വച്ചുകൊണ്ട് പഠനത്തിലെ സ്വാധീനം കണ്ടെത്തുക എന്നുള്ളത് ഒരു സജീവ ഗവേഷണ മേഖലയാണിത്. ബ്രെയിൻ വേവ് സിഗ്നലുകളെ അടിസ്ഥാനമാക്കിയുള്ള ശ്രദ്ധാനിരീക്ഷണത്തിലും അലാറം സംവിധാനത്തിലും ഓരോ കുട്ടിയുടെയും പഠനം നിരീക്ഷിക്കാവുന്നതാണ്.

കോഗ്നിറ്റീവ് ന്യൂറോ സയൻസ് ഓഫ് ഇമോഷൻസിന്റെ ഭാഗമായ സന്തോഷം, അസന്തുഷ്ടി, ഉത്കണ്ഠ, ഉറക്കം, ആവേശം, ക്ഷീണം തുടങ്ങിയവയെ ബിസിഐ, ഐ-ട്രാക്കിംഗ് ലെൻസുകൾ, ഫേഷ്യൽ എക്സ്പ്രഷൻ എന്നിവയിലൂടെ അത്യാധുനിക അഫക്റ്റീവ് ലേണിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പിടിച്ചെടുക്കാം. ഓരോ ക്ലാസുകാരുടെയും ആവശ്യം നിറവേറ്റുന്നതിന് 12 വ്യത്യസ്ത ചാനലുകൾ ആരംഭിക്കുമെന്ന് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ദേശീയ സംരംഭങ്ങൾ അടുത്തിടെ പ്രഖ്യാപിച്ചത് ഓർക്കണം. ഇത് നെറ്റ്‌വർക്ക് കണക്റ്റിവിറ്റിയും ലാപ്ടോപ്പും ഇല്ലാത്തവർക്ക് ഒരു നേട്ടമാകും. വൺ നേഷൻ-വൺ പ്ലാറ്റ്ഫോം എന്നത് ലക്ഷ്യമിട്ട് 100 സർവകലാശാലകളിൽ ഓൺലൈൻ ക്ലാസ് സൗകര്യം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നതായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

## സാമ്പത്തിക മേഖലയും തൊഴിലില്ലായ്മയും

തൊഴിലില്ലായ്മയാണ് അടുത്തനാളുകളിൽ നാട് നേരിടാൻപോവുന്ന ഗുരുതരമായ അവസ്ഥ. അതുകൊണ്ടുതന്നെ കിട്ടാവുന്ന ജോലികളിൽ വളരെ പെട്ടന്നുതന്നെ തീരുമാനമെടുക്കാൻ നിർബന്ധിതരാവുകയും കരുതലോടെയുള്ള ജീവിതം നയിക്കാനുള്ള കഴിവുകൾ ആർജിക്കുകയും വേണം. കേരളത്തിലെ കുടുംബങ്ങളിൽ 20% ആളുകൾ ഗൾഫിൽ ഉപജീവനം നടത്തുന്നവരാണ്. മറ്റൊരു 30% ഗൾഫിൽ ജീവസന്ധാരണം നടത്തിയിരുന്നവരും. ഗൾഫിലെ ഈ വറുതിക്കാലം എത്രത്തോളം കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുമെന്നത് ഈ കണക്കിൽനിന്നും അനുമാനിക്കാവുന്നതാണ്. ആഗോള തൊഴിൽ വിപണിയിലെ മാറ്റങ്ങൾ കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിൽ പ്രതിഫലിച്ചിരുന്നു. ഗൾഫിലെവിടെയും അവിദഗ്ധ തൊഴിലാളികൾമുതൽ പ്രൊഫഷണലുകൾവരെയുള്ളവരുടെ സാന്നിധ്യംകൊണ്ട് സചേതനമായിരുന്നു കേരളീയ തൊഴിൽ ശക്തി. ഈ അവസ്ഥക്കാണ് മാറ്റം വരാൻ പോകുന്നത്. കോവിഡ് - 19 എന്ന മഹാമാരിയുടെ പ്രതിഫലനം ഗൾഫിൽ സൃഷ്ടിക്കുന്നത് പ്രവാസികളുടെ കുടിയിറക്കമായിരിക്കും. നമ്മുടെ മാനവ വിഭവശേഷി കുടിയേറ്റത്തിന്റെ വസന്തത്തിനായി കാത്തിരിക്കേണ്ടി വരും!

ഇന്ത്യയിൽനിന്നുമുള്ള ഗൾഫ് കുടിയേറ്റത്തിന്റെ കണക്ക് 80 ലക്ഷമെന്ന് കരുതപ്പെടുന്നു. കൃത്യമായ കണക്കുകൾ ലഭ്യമല്ല. കേരളത്തിൽ സി ഡി എസ് പറയുന്ന സ്ഥിതിവിവര കണക്കുകളാകട്ടെ സാമ്പിൾ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതാണ്. കേരള മൈഗ്രേഷൻ സർവ്വേ കാണിക്കുന്നത് 24 ലക്ഷം കേരളീയർ പ്രവാസികളായി കഴിയുന്നുണ്ടെന്നാണ്. എന്നാൽ, ഗൾഫിൽനിന്നും തിരിച്ചെത്തിയവരുടെ കണക്ക് 12. 52 ലക്ഷം പ്രവാസികൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് വിശ്വസനീയമാണ്. വ്യക്തിപരമായും സാമൂഹികമായും ശുചിത്വത്തിന്റെ കുറച്ചുകൂടി ഉയർന്ന ഒരു സംസ്കാരം നമ്മൾ ആർജിക്കണം. ഓരോ വ്യക്തിയുടേയും ആരോഗ്യമെന്നത് സുപ്രധാനമായ കാര്യമാണ്. ഖരമാലിന്യ നിർമാർജനവും മലിനജലത്തിന്റെ ഉറവിടത്തിൽതന്നെ അളവുകുറച്ച്, വേണ്ടവിധത്തിൽ ശുചീകരിച്ച് വീണ്ടും ഉപയോഗിക്കുന്നതും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാകണം.

■

# എന്റെ പ്രിയപ്പെട്ട കുട്ടിക്ക്

**ക്രിസ്തുമസ് ! കുഞ്ഞുമനസ്സിന്റെ നിഷ്കളങ്കതയും നൈർമല്യവും മുതിർന്നവരുടെ ഗൃഹാതുരതയും ഓർമപ്പെടുത്തുന്ന സ്നേഹോത്സവം. ജീവിത വ്യഗ്രത കൾക്കിടയിൽ കൈമോശംവന്ന ചില നന്മകളിലേക്കും മനോഭാവങ്ങളിലേക്കുമുള്ള മൊഴിവെട്ടം.**



**ഷിജി ജോൺസൺ**
*മോട്ടിവേഷൻ ട്രെയിനർ*

ക്രിസ്തുമസ് കാലത്തിന്റെ മനോഹാരിതയും ബാല്യത്തിന്റെ നിഷ്കളങ്കതയും ചേർത്തുവായിക്കാവുന്ന ചില സംഭവങ്ങളിലൂടെ നാം കടന്നുപോകാറില്ലേ? ഇപ്പോൾ മുതിർന്നവരും മാതാപിതാക്കളുമായിരിക്കുന്ന നമ്മിൽ പലരും ഗൃഹാതുരതയോടെ ക്രിസ്തുമസിനെക്കുറിച്ചോർക്കുന്ന പലതും ഇന്ന് നമ്മുടെ കുട്ടികൾക്ക് കിട്ടാതെ പോകുന്നതായി, വേദനയോടെ ഓർക്കാറില്ലേ? അങ്ങനെ ഒരു ഓർമ, പ്രശസ്തനായൊരു സാഹിത്യകാരൻ പങ്കുവച്ചിട്ടുണ്ട്. 1875-ൽ മാർക് ട്വയിന്റെ 'A Letter from Santa' എന്ന കത്ത്. ഒരു ചെറുകഥയുടെ മനോഹാരിതയോടെ, സാന്താക്ലോസ് എഴുതിയതെന്ന് തോന്നിപ്പിക്കുംവിധം, ക്രിസ്മസ് ദിനത്തിൽ തന്റെ മൂന്നര വയസ്സുകാരി മകൾ സൂസി ഉണർന്നെഴുന്നേൽക്കുമ്പോൾത്തന്നെ തലയിണയുടെ മുകളിൽനിന്നും കിട്ടണം എന്ന രീതിയിൽ തയ്യാറാക്കി. അതു കഷ്ടിച്ച് വാക്കുകൾ ചേർത്തെഴുതാൻ മാത്രമറിയാവുന്ന തന്റെ കുട്ടി അവളുടെ അമ്മയുടെ സഹായത്തോടേ സാന്താക്ലോസിന് ഒരു കത്തെഴുതി പോസ്റ്റ് ചെയ്തിട്ട് മറുപടി കാത്തിരിക്കുകയാണെന്ന് ആ പിതാവിനറിയാമായിരുന്നു.

ക്രിസ്തുമസ് തലേന്നുരാത്രി, ചിമ്മിനിയിൽക്കൂടി കടന്നുവന്ന് സ്വീകരണമുറിയിലെ പിയാനോയുടെ അടിയിൽ സൂസി ആവശ്യപ്പെട്ട സമ്മാനങ്ങൾ വയ്ക്കാമെന്ന് സാന്താ കത്തിലൂടെ അവൾക്ക് ഉറപ്പുനല്കുന്നു. തന്നെ കാണാനോ, സംസാരിക്കാനോ ശ്രമിക്കരുത് എന്ന മുന്നറിയിപ്പിനൊപ്പം സാന്താ പറയുന്നുണ്ട്, സൂസി, നീ ആവശ്യപ്പെട്ട സമ്മാനങ്ങളിൽ ചിലതൊക്കെ തീർന്നുപോയിരിക്കുന്നു. അവ നിനക്കുതരാൻ നിവൃത്തിയില്ല. നിന്റെ പാവകൾക്കുവേണ്ടി ചോദിച്ച കുട്ടിക്കസേരകളും കട്ടിലുമൊക്കെ ഞാൻ അങ്ങ് വടക്ക് താമസിക്കുന്ന പാവപ്പെട്ട ഒരു കുട്ടിക്ക് കൊടുത്തുപോയി. നിന്റെ അമ്മയോട് പറഞ്ഞാൽ ആ കുട്ടി താമസിക്കുന്ന സ്ഥലം കാണിച്ചുതരും. അവിടേക്കു നോക്കി നീ പറയണം, 'പ്രിയ കൂട്ടുകാരി, എന്നെക്കാൾ ഈ സമ്മാനം നിനക്കാണ് വേണ്ടതെന്ന് എനിക്ക് മനസ്സിലായി' എന്ന്. കുട്ടികൾ ഇന്ന് ഹൃദിസ്ഥമാക്കേണ്ട പങ്കുവയ്ക്കലിന്റെ, വിട്ടുകൊടുക്കലിന്റെ മനോഹരമായ പാഠമല്ലേ ഇത്?

മുതിർന്നവർക്കും കുഞ്ഞുങ്ങൾക്കും കൗതുകത്തോടെ വായിക്കാൻപോന്ന, ഈ കത്ത് നമുക്ക് പറഞ്ഞുതരുന്നത് കുട്ടികളുടേത് നിഷ്കളങ്കമായ ലോകമാണ്, അതങ്ങനെതന്നെ ആയിരിക്കുകയും വേണമെന്നാണ്. പലപ്പോഴും നാം പരാതിപ്പെടാറില്ലേ, ഇന്നത്തെ കുട്ടികളുടെ നിഷ്കളങ്കത നഷ്ടമായെന്ന്. എന്നാൽ, കുട്ടികൾക്ക് അതു സൃഷ്ടിച്ചുകൊടുക്കാൻ മുതിർന്നവരായ നമ്മൾ ശ്രമിക്കാറുണ്ടോ? അവരുടെ നിഷ്ക്കളങ്കബാല്യത്തെ, നിഷ്കളങ്ക സൗഹൃദങ്ങളെയൊക്കെ നാം വീണ്ടെടുത്തുകൊടുക്കണം. മുതിർന്നവരുടെ യുക്തിചിന്തയും മത്സ

www.malankaralibrary.com

രബുദ്ധിയും സ്വാർഥതയും കണക്കുകൂട്ടലുകളു മൊന്നും കുട്ടികളിലേക്ക് അടിച്ചേൽപ്പിക്കരുത്. കുഞ്ഞുങ്ങളോടൊപ്പം, അവരെപ്പോലെയാകാൻ അവരെപ്പോലെ ചിന്തിക്കാനും ചിരിക്കാനും കൂട്ടുകൂടാനും മുതിർന്നവർക്കുള്ള ഓർമപ്പെടുത്തലായി മാർക്ട്വയ്‌ന്റെ 'സാന്തായുടെ കത്ത്' നമുക്കു വായിക്കാം. തിരക്കിനിടയിൽ നാം കുട്ടികളെ മറന്നിട്ടുണ്ടെങ്കിൽ ഓർക്കുക, അവർക്ക് നമ്മുടെ വിലയേറിയ സമ്മാനങ്ങളെക്കാൾ സ്നേഹപൂർവമായ സാന്നിധ്യമാകാം താല്പര്യം.

മഹാമാരി, ലോക്ഡൗൺ, സാമ്പത്തിക തകർച്ച, ഗാർഹിക പീഡനങ്ങൾ എന്നിവയൊക്കെ കുട്ടികളിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥ കുറച്ചൊന്നുമല്ല. കോവിഡുകാലത്ത് കുട്ടികളുടെ ഇടയിലുണ്ടായ ആത്മഹത്യാനിരക്കും ഞെട്ടിക്കുന്നതാണ്.

നല്ല കുട്ടികൾക്ക്, നല്ല സമ്മാനങ്ങൾ സാന്താക്ലോസ് തരും എന്നാണ് മാർക്ട്വയിൻ സൂചിപ്പിക്കുന്നത്. മൂല്യങ്ങളുറയ്ക്കേണ്ട ഇളംപ്രായത്തിൽ ഇത്തരം പാഠങ്ങൾ മനസ്സിലാക്കിയാൽ, നല്ല ജീവിതത്തിന് ദൈവം തക്കപ്രതിഫലം നൽകും എന്ന പാഠത്തിലേക്ക് അവരെ നയിക്കാൻ എളുപ്പമാവില്ലേ? കൂടുതലായി കാണേണ്ടതും, പഠിക്കേണ്ടതും വീടുകളിൽ നിന്നാണ്. സ്കൂളിൽനിന്ന് പ്രധാനമായും അറിവാണ് ലഭിക്കുക, മൂല്യങ്ങൾ ഉറയ്ക്കേണ്ടത് വീടുകളിൽനിന്നാണ്. അതും ഇളംപ്രായത്തിൽത്തന്നെ. മറ്റുള്ളവരെ വിധിക്കുന്നതും മോശമായി സംസാരിക്കുന്നതും ഒഴിവാക്കി വീടുകളിൽ ആത്മീയതയുടെയും വിജ്ഞാനത്തിന്റെതുമായ അന്തരീക്ഷം സൃഷ്ടിക്കണം.

കുട്ടികളെ നിഷ്കളങ്കതയിലേക്കും മുതിർന്നവരെ നന്മയുടെ ഗൃഹാതുരതകളിലേക്കും കൂട്ടിക്കൊണ്ടുപോകാൻ ക്രിസ്തുമസ്കാലം അവസരമൊരുക്കട്ടെ. കുട്ടികളോടൊപ്പം നക്ഷത്രങ്ങളും ക്രിസ്തുമസ്ട്രീയും പുൽക്കൂടും ഒരുക്കുമ്പോൾ സാന്തായുടെ വേഷമണിഞ്ഞ് കാരൾ പാടുമ്പോൾ പ്രതീകങ്ങൾക്കുള്ളിലെ ആത്മീയതയിലേക്കും മൂല്യങ്ങളിലേക്കും അവരെ നയിക്കാൻ നമുക്ക് സാധിക്കണം. അല്ലെങ്കിൽ അവരുടെ ക്രിസ്മസ് ബാഹ്യമായ ആഘോഷങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോകും.

നക്ഷത്രങ്ങൾ കൂടുകൂട്ടുന്ന, കുളിരുള്ള ക്രിസ്മസ് രാത്രിയിൽ പുൽക്കൂടിന്റെ ചൂടേറ്റു പിറന്ന ഉണ്ണി നമ്മുടെ ഹൃദയത്തിലും നമ്മുടെ കുഞ്ഞുങ്ങളുടെ ഹൃദയത്തിലും പിറക്കട്ടെ. ■



www.malankaralibrary.com

# അയഞ്ഞ കാലത്തിലെ വാക്കുകളുടെ ചുഴലിക്കാറ്റ്



ഫാ. സുനിൽ OFM Cap.
*ഡയറക്ടർ, അസ്സീസി ആർട്സ് & കമ്മ്യൂണിക്കേഷൻ, കൊല്ലം

**വി.എസ് അജിത്തിന്റെ 'ആറ്റിറ്റ്യൂഡ് ഓഫ് ഗ്രാറ്റിറ്റ്യൂഡ്' എന്ന കഥ വിശകലനം ചെയ്യുന്നു.**
*സമകാലിക മലയാളം, 2021 നവംബർ 15*

ഭാഷയുടെ കലോറിയെ അളന്നുതിട്ടപ്പെടുത്താൻ കഴിയാത്ത ഒരു കാലത്തിലാണ് നാമിപ്പോഴുള്ളത്. അവിടെ ഒരാളുടെ എഴുതപ്പെട്ട ആകൃതിയായി ഭാഷ രൂപമെടുക്കും. അപ്പോൾ വാക്കുകൾ ഉചിതമായി ഒരുമിച്ചാൽ അവിടെ കാലം അപാരമായ പ്രഭാവലയമായി തീരും. അതുകൊണ്ടാണ് ഉനാമുനോ ഇങ്ങനെ കുറിച്ചത്: "നിങ്ങൾക്കു കാറ്റിനെ കടന്നുപിടിക്കാനായേക്കും. ആകാശത്തെ അളക്കാനും കഴിഞ്ഞേക്കും. പക്ഷെ, ഭാഷയുടെ അയഞ്ഞുവരവിനെ പിടിച്ചുകെട്ടാനോ മുറുക്കിയെടുക്കാനോ ആവില്ല." പുതിയ കഥയുമായി ബന്ധപ്പെട്ടും ഈ നിരീക്ഷണത്തിന് ചിലത് പറയാനുണ്ട്.

പുതിയ കഥ വൈകാരിക ദേവതകളെ അകാരുണ്യംകൊണ്ട് മുറിവേൽപ്പിക്കുന്നതിനുപകരം മൃദുചുംബനകൾ നല്കി അമിതവൈകാരികതയെ ശൂന്യതയാക്കി മാറ്റും. ഭാഷയുടെ അത്തരം ചില മിന്നൽവെട്ടങ്ങൾ നിറച്ചുവച്ചിട്ടുള്ള ഒരു കഥ വി. എസ്. അജിത്ത് എഴുതിയിട്ടുണ്ട്. ശീർഷകം കാലം തന്നെയാണെന്ന തത്വവിചാരത്തെ പിന്താങ്ങുന്ന ആ കഥയുടെ ശീർഷകം നോക്കൂ: 'ആറ്റിറ്റ്യൂഡ് ഓഫ് ഗ്രാറ്റിറ്റ്യൂഡ്. ' ചില ശീർഷകങ്ങൾ വെളിച്ചമായി മാറി ഇടനെഞ്ചിലേക്ക് ആരവങ്ങളില്ലാതെ കടന്നുവരുന്നതിനെയാണ് അയഞ്ഞ കാലത്തിലെ ഭാഷ എന്നൊക്കെ (ഇപ്പോൾ) നാം വിശേഷിപ്പിക്കുന്നത്. ഈ കഥ ഭാഷയുടെ ജീവചരിത്ര പുസ്തകമാണ്. ഭാഷയുടെ നിർബന്ധബുദ്ധിയുള്ള ഒരാളെ സൃഷ്ടിക്കുകയല്ല അജിത്തിന്റെ ലക്ഷ്യം, മറിച്ച് കാലത്തെ കാണിച്ചുതരുന്ന കണ്ണാടിയായി പുതിയ കഥയെ പ്രതിഷ്ഠിക്കുകയാണ്. ഈ കഥാകാരൻ സ്വന്തമായി ഉണ്ടാക്കിയ കളിക്കോപ്പുകളാണിവിടെ അക്ഷരസമാധിയിൽ ലയിച്ചുവരുന്നത്. ഭാവനയുടെ ഊർജം ഉൾക്കൊണ്ട് അജിത്ത് നിർമിക്കുന്ന ഭൗമനൗകകൾ കാലത്തിന്റെ ഉപരിലോക സംപ്രേക്ഷണങ്ങളോട് കലഹിച്ചുകൊണ്ടുതന്നെയാണ് ഭാഷയെ കെട്ടിയെടുക്കുന്നത്. അതുകൊണ്ടുതന്നെ കാലത്തിൽ നിന്നും ജീവനെടുത്തുവരുന്ന ഭാഷയുടെ പ്രക്ഷോഭമായി ഈ കഥ മാറുന്നു. ഒരുപാട് ഭിന്നവായനകൾ ആവശ്യമായിത്തീരുന്ന ഒരു കഥയിലേക്ക് കടക്കാനുള്ള ടൂളുകൾ ഇപ്പോഴും നിർവീര്യവേഴ്ച തുടരുന്നതിനാൽ ചില സാധ്യമായ വഴികൾ തിരയാൻ ഈ ലേഖകൻ നിർബന്ധിതനാകുന്നു.

## ഭാവനയുടെ അതിരില്ലാത്ത ട്രാവലോഗ്

ഭാഷ ഭാവനയുടെ തലയിൽവീണ് പൊട്ടിയാൽ കഥയാകുമോ എന്ന ചോദ്യം ചോദിച്ചുകൊണ്ടാണ് ലിസ പ്രൈസ് തന്റെ ന്യൂ ക്രിട്ടിസിസം ആരംഭിക്കുന്നത്. ഒരു യാത്രയുടെ ലാവയൊഴുക്കിക്കൊണ്ട് എഴുതപ്പെട്ട ഒരു കഥയിൽ എഴുതപ്പെടാത്ത വൈകാരിക അറിവുകളുടെ കുത്തൊഴുക്ക് സാധ്യമാക്കാൻ അജിത്ത് വിനിയോഗിക്കുന്നത് ഫ്ളെക്സിബിളിസ കാലത്തിന്റെ മുദ്രണമായ ലിംഗ്വസ്റ്റിക്

www.malankaralibrary.com

ഇലാസ്റ്റിസിസമാണ് (linguistic elasticism). വൈകാരിക ഭാവങ്ങളെയും ഭാഷയായി തർജമ ചെയ്ത നിരൂപകനാണ് കോളിൻ വിൽസൺ (Colin Wilson). അത്തരം ചില ശ്രമങ്ങൾ അജിത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. കഥയിൽ ഒരിടത്ത് അജിത്ത് ഇങ്ങനെ എഴുതുന്നു: "ഒഴിഞ്ഞ ബ്രാണ്ടിക്കുപ്പി കക്കൂസ് കുഴിയിലൂടെ പാളത്തിലേക്ക് വീഴുന്ന 'ക്ലിങ്' ശബ്ദം ഫ്രോണ്ടൽലോബിൽനിന്നും മെഡുല ഒബ്ലോങ്കേറ്റയിലേക്ക് കൊള്ളിയാൻപോലെ പാഞ്ഞു." ഒരു ട്രാവലോഗ് ഫിക്ഷന്റെ അതിരിന് കടിഞ്ഞാണിടാനും അത് അറുത്തുവിടാനും എഴുത്തുകാരന്റെ ഭാവനയ്ക്കു കഴിയും. വൈകാരിക ഭാഷയുടെ ഈ സൂക്ഷ്മത പദങ്ങളുടെ ഉപയോഗധൂർത്തിനെ പരിഹരിക്കുമെന്നുതന്നെയാണ് ധിഷണയുടെ ആവരണം ധരിച്ച ഈ കഥ പറയാൻ ശ്രമിക്കുന്നത്.

ഒരു വാഴയിലയുടെ ഒരു കീറ് മാത്രമാണ് കേരളം എന്ന സംസ്ഥാനം. അതിന്റെ ഏത് അതിര് മുറിച്ചു കടക്കുമ്പോഴും (വളരെ തുച്ഛമായ കിലോമീറ്ററുകളും അതിലേറെ തുച്ഛമായ മണിക്കൂറുകളും) നാമെത്തപ്പെടുക പുതിയൊരു ഭാഷയിലേക്കും പുതിയൊരു സംസ്കാരത്തിലേക്കുമാണ്. പക്ഷെ മദ്യം, പെണ്ണ് തുടങ്ങിയ ശരീരലഹരി പദാർഥങ്ങൾ ഉത്പാദിപ്പിക്കുന്ന ഭാവഭാഷ എല്ലായിടത്തും ഒരുപോലെയായിരിക്കുമെന്ന് സ്ഥാപിക്കാൻ അജിത്തിന്റെ ചില പ്രയോഗങ്ങൾക്കാവുന്നു. കാലത്തിനുള്ള ചരസ്സ് ഭാഷ കൊണ്ട് പാകം ചെയ്യാൻ അറിയാവുന്ന കഥാകാരനാണ് ഇദ്ദേഹം. അജിത്തിന് ഭാഷ കലഹിക്കുന്ന ലഹരിയാണ്. അജിത്തിന്റെ മനോവിജ്ഞാനീയത്തിൽ ഈ കഥയെഴുതുമ്പോൾ പതഞ്ഞു തുളുമ്പിയത് 'I rebel; therefore language exist' എന്ന തത്വബോധമായിരുന്നിരിക്കണം. അതുകൊണ്ടാണ് ഈ കഥാകാരൻ ഭാഷയുടെ അയഞ്ഞ കാലത്തിലും വാക്കുകളുടെ ചുഴലിക്കാറ്റ് കെട്ടഴിച്ചുവിടുന്നത്. ഒരു ഫിക്ഷണൽ ട്രാവലോഗിനുള്ളിലാണ് ചില പേരുകൾ കമ്മ്യൂണിക്കേറ്റീവ് മീഡിയമായി മാറുന്നത് എന്നോർക്കണം.

## ബൈജു/ ശശി/ സുര

വായനയിൽ നിന്നെഴുന്നേൽക്കുന്ന ഒരു മനസ്സിന് ഇവ വെറും പേരുകൾ മാത്രമായിരിക്കും. പ്രായമെത്തിയവരെ ഇൻഡിക്കേറ്റ് ചെയ്യാൻ നാം വിനിയോഗിച്ചുതുടങ്ങിയ ബൈജു, ഷിബു, മിനി എന്നീ പേരുകൾ ഇപ്പോൾ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഡിക്ഷണറിയിലെ അർഥം കുലച്ചുനിൽക്കുന്ന പദങ്ങളാണെന്നതാണ് വാസ്തവം. 'മാത്രയെ പോട്ടിരുക്ക്' എന്ന തമിഴ് പ്രയോഗത്തിൽനിന്നും ആരംഭിക്കുന്ന ഒരു ചർച്ച അവസാനിക്കുന്നത് നോക്കുക– 'മാത്രയെ പോട്ടതല്ലേ? പശിയിരിക്കും' എന്നുപറഞ്ഞുകൊണ്ട് മിക്സ്ചർ പുറത്തെടുത്തു നീട്ടുന്നു. അപ്പോൾ മോമ ആരായി എന്നുപറയാൻ ഒരു ബൈലിഗ്വൽ ഭാഷയെക്കാൾ കൂടുതൽ ഉതകുക ചില കോണോട്ടേറ്റീവ് പേരുകളാകും എന്ന് അജിത്ത് ഉറപ്പിച്ചു പറയാൻ വിനിയോഗിക്കുന്നതും അയഞ്ഞ ലിംഗ്വിസ്റ്റിക് കൾച്ചറാണ് (linguistic culture). ഇവിടെ ഭാഷ ഉടനടിയായ ഉപയോഗ (ഉപഭോഗ) വസ്തുവാണെന്നതിന്റെ കുറേക്കൂടി കഠിനമായ ഉറപ്പിക്കൽ നടക്കുന്നു – 'ശശിയെന്നോ സുരയെന്നോ നിങ്ങൾക്കിഷ്ടമുള്ളതു പറയാം' അയഞ്ഞ ഭാഷയുടെ പുതിയ 'നിർമിതപ്രതീക്ഷ'യാണിത്. ഭാഷ ഉപയോഗത്തിനപ്പുറം സ്വാതന്ത്ര്യം കൂടിയായി തീരുന്നതുകൊണ്ടാണ് ഭാഷയ്ക്ക് മറ്റ് ശരീരരൂപങ്ങൾകൂടി നല്കാൻ അജിത്ത് ധൈര്യപ്പെടുന്നത്.

**ഒന്ന്** – റിഥമിക് (rhythmic)
**രണ്ട്** – പൊയറ്റിക് (poetic)

*"വാകപ്പൂമരം ചൂടും വാരിളം പൂങ്കുലക്കുള്ളിൽ*
*വാടകയ്ക്കൊരു മുറിയെടുത്തു*
*വടക്കൻതെന്നൽ."*
*"വാതിലിൽ വന്നെത്തി നോക്കിയ*
*വസന്ത പഞ്ചമിപ്പെണ്ണിൻ*
*വളകിലുക്കം കേട്ടു കോരിത്തരിച്ചു നിന്നു*
*തെന്നൽ തരിച്ചുനിന്നു.* (റിഥമിക്)

*"വൃദ്ധന്റെ പ്രണയം ചാഞ്ഞു പെയ്യുന്ന*
*മഴ പോലെയാണ്.*
*അത് ശരക്കണ്ണീർ പൊഴിച്ചുകൊണ്ട്*
*ഉപരിതലങ്ങളെ സ്പർശിക്കുന്നു.*
*ഭൂഗർഭ നിഗൂഢതകളിലേക്കാഴ്ന്നിറങ്ങും*
*മുൻപ് പെയ്തു മടങ്ങുന്നു.* (പൊയറ്റിക്)

ഫ്ളെക്സിബിളിസ കാലത്തിലെ ഭാഷ അങ്ങനെയാണ്; എല്ലാ വർത്തുള്ള അർഥങ്ങളെയും ചുമലിൽ വഹിച്ചുകൊണ്ടുനിൽക്കും. ഹാസ്യത്തിൽ നിന്നും ഒറ്റ ജംബ്കട്ടിന് അത് ഗൗരവപ്രതലത്തിലേക്ക് എളുപ്പത്തിൽ പാഞ്ഞെത്തും. ബൈജു, ശശി, സുര എന്നിവയിൽനിന്നും പെട്ടെന്നു തിരിച്ചുവന്ന് ഗൃഹാതുര ഗാനത്തിലൂടെ റിഥമിക് ആകാനും റോസ്മേരിയുടെ ഗൃഹാതുര കാവ്യത്തിലൂടെ പൊയറ്റിക് ആകാനും അജിത്തിന് കഴിയുന്നിടത്താണ് ഈ കഥയുടെ കാലവായന കറന്നുവയ്ക്കപ്പെടുന്നത്. കഥ

www.malankaralibrary.com

സംശയത്തിന്റെയും സ്വയംവിമർശനത്തിന്റെയും വെട്ടിത്തിളങ്ങുന്ന പ്രവാഹത്തിലൂടെ മുന്നോട്ടു പോകുന്നതുപോലും ഭാഷയുടെ വൈവിധ്യമാർന്ന ഈ ചാഞ്ഞുനിൽപ്പുകൊണ്ടാണ്. പരീക്ഷണത്തിന്റെ ജ്ഞാനതാളങ്ങൾ വിനയമര്യാദകളില്ലാതെ വിനിയോഗിച്ചാലെ ആ പാരമ്പര്യത്തിന്റെ കരുത്തിനാൽ പുതിയൊരു 'വൈകാരിക ഭാവഭാഷ' തീർക്കാനാവുകയുള്ളൂവെന്ന ഫ്ളെക്സിബിളിസ കാലവിചാരമാണ് കഥയെ വിജയപാരമ്പര്യത്തിലേക്കെത്തിക്കുന്നത്.

## അഫോറിക് ഫിക്ഷൻ

പൂർണതയിലെത്താതെ മുരടിച്ചുപോയ, തത്വവിചാരസ്വാതന്ത്ര്യത്തിന്റെ ചരമഗീതമായി ഒടുങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഭാഷയാണ് മലയാളം. അതിൽ തത്വചിന്ത എന്ന ആശയത്തിന് ഒരു സ്ഥാനവുമില്ല. വായനയുടെ തടവുകാർക്കാവശ്യം അല്പം തത്വചിന്തയൊക്കെയാണ്. എഴുത്തുകാരനേക്കാൾ ബുദ്ധിശാലിയാണ് വായനക്കാരൻ എന്നറിയാവുന്ന ഒരു കഥാകാരൻ അജിത്തിലുണ്ട്. കഥയ്ക്ക് പരാജയത്തിന്റെ തണുത്തസ്പർശം ഏൽക്കാതിരിക്കാൻ അജിത്ത് ഈ കഥയിൽ കെട്ടിയെടുക്കുന്ന അഫോറിസങ്ങൾക്കും കഥയിൽ മുഖ്യസ്ഥാനമാണുള്ളത്. കഥയിലെ ചില വാക്യവിചാരങ്ങൾ നമ്മെ കുളിപ്പിച്ച് പുതിയ ദേഹം തരുന്നു. സാഹിത്യം ഒരു സർക്കാർ ക്ഷേത്രമോ ഭാഷ ഒരു സർക്കാർ ദൈവമോ അല്ലെന്നു സ്ഥാപിക്കണമെങ്കിൽ ഭാഷയുടെ ഒരു അയഞ്ഞ സോഫ്റ്റ്‌വെയർ ദർശനങ്ങളുടെ രൂപത്തിൽ എത്തേണ്ടതുണ്ട്. ഈ ഡിമാന്റിനെയാണ് അജിത്തിന്റെ ഈ കഥ സാത്വികമായി സംതൃപ്തപ്പെടുത്തുന്നത്. തത്വചിന്തയുടെ ദൃഢമായ മാംസപേശികളാൽ നിർമിതമായ അത്തരം ഫിക്ഷണൽ അഫോറിസങ്ങളെ ഉദ്ധരിച്ചാൽ അതിന്റെ ഡീറ്റെയ്‌ലിങ് (detailing) സാധ്യമാകും.

**ഒന്ന്** – *ആറ്റിറ്റ്യൂഡ് ഓഫ് ഗ്രാറ്റിറ്റ്യൂഡ്*
*സമൃദ്ധിയുടെ മനോനില*

**രണ്ട്** – *അവനവന്റെ കാര്യത്തിൽ സ്ഥിരതയില്ലാത്ത ജനക്കൂട്ടം വല്ലവന്റേം കന്നന്തിരിവിൽ ശ്രദ്ധിക്കില്ല.*

അജിത്ത് എന്ന കഥാകാരന്റെ സെറിബ്രക്കോസിൽ ഒരു തത്വചിന്തകനുണ്ട്. ആർദ്രവചസ്സുള്ള അസാധാരണമായ ഒരു വാക്യമെങ്കിലും കഥയുടെ അരങ്ങിൽ വേണമെന്ന് തീരുമാനിക്കാനുള്ള ഒരാൾക്കേ 'ആറ്റിറ്റ്യൂഡ് ഓഫ് ഗ്രാറ്റിറ്റ്യൂഡ്' സമൃദ്ധിയുടെ മനോനില എന്നൊക്കെ എഴുതാനാവൂ. പുതിയ മനുഷ്യന് അവന്റെ സ്വന്തം കാര്യത്തിൽപോലും സ്ഥിരതയില്ലെന്നും അതുകൊണ്ടുതന്നെ അന്യന്റെ കന്നന്തിരിവുകൾ അവന്റെ ശ്രദ്ധയുടെ ഞരമ്പിൽ ഇരിപ്പുറപ്പിക്കാറില്ലെന്നും അജിത്തെഴുതുമ്പോൾ ഭാവഭാഷയുടെ പുതിയ വിടർച്ചകളാണ് സംഭവിക്കുന്നത്. ആത്മനിയന്ത്രണത്തിന്റെ കവചങ്ങൾ അഴിച്ചുവയ്ക്കുന്ന ഒരു കഥാകാരനേ ഇത്തരം ഫിക്ഷണൽ അഫോറിസങ്ങൾ തീർക്കാനാവൂ. ഭാവഭാഷയുടെ ഉച്ചക്ഷേത്രത്തിൽ നിൽക്കുന്ന ഒരു പുരുഷഗ്രഹത്തിന് വൈകാരിക ഭാവഭാഷ ഒരേസമയം തടവും സ്വാതന്ത്ര്യവുമാണെന്ന് ഈ കഥ സാക്ഷ്യപ്പെടുത്തുന്നു.

## അനുബന്ധം

ഭാഷ വാർന്നുവീഴുന്ന വിധത്തെക്കുറിച്ച് മുമ്പും കഥകൾ ഉണ്ടായിട്ടുണ്ട്. പക്ഷെ ഭാഷയെ അയല്പക്ക സന്ദേഹമാക്കി അവതരിപ്പിക്കുന്ന ഒരു രീതി ഒരുപക്ഷെ ഇതാദ്യമാണ്. കൾച്ചറൽ റീഡിംഗ് (cultural reading) എന്നൊരു നേരകത്തിൽവച്ച് അക്ഷരങ്ങളെ വറ്റിച്ചെടുക്കാൻ ഒരാൾ നടത്തുന്ന ശ്രമത്തെ വൈകാരികതയുടെ ആകൃതിപ്പെടുത്തലായി വേണം വായിച്ചെടുക്കാൻ. ഭാഷ തീർന്നുപോകുന്ന മുഹൂർത്തങ്ങൾ ഉണ്ടായേക്കാമെന്നും ഗൗരവം കുറഞ്ഞ വർത്തമാനങ്ങൾക്ക് ഭാഷ ഉപയോഗിക്കപ്പെട്ടേക്കാമെന്നുമുള്ള സൂചനകളും കഥ കൈമാറുന്നുണ്ട്. ഒരു സംഭാഷണശകലം ഉദ്ധരിച്ചാൽ ഭാഷയുടെ കൃത്രിമ ജഡത്വം ഉയിരെടുക്കാൻ സാധ്യതയുള്ള മുഹൂർത്തങ്ങളെ നമുക്ക് എളുപ്പത്തിൽ മനസ്സിലാകും.

'ഡിണ്ടിവനത്തെത്തിയപ്പോൾ സഹയാത്രികരുടെ സൗകര്യാർഥം മൂവരും ഒരു സൈഡിലേക്ക് മാറിയിരുന്നു. ഫോർമലായ ചോദ്യങ്ങൾ തീർന്നുപോയ സ്ഥിതിക്ക് സംഭാഷണം തമാശകളിലേക്കും സ്ഥലനാമങ്ങളിലേക്കും തിരിഞ്ഞ് മലയാളികൾ നായയെ 'പട്ടി' എന്നുപറയുമ്പോൾ തമിഴിൽ അതിന് 'ഗ്രാമം' എന്നാണ് അർഥമെന്ന് അവർ പറഞ്ഞു.' കോവിൽപ്പട്ടിമുതൽ നൊച്ചിയോടപ്പട്ടിവരെയുള്ള അയൽദേശങ്ങൾ സന്ദർശിക്കുന്ന ഒരാൾക്ക് ഭാഷയുടെ വ്യവഹാരം തടവും സ്വതന്ത്രവുമായി തീരുമ്പോഴും വൈകാരിക ഭാവഭാഷ എല്ലായിടത്തും ഒരുപോലെ തന്നെയായിരിക്കുമെന്ന് സ്ഥാപിക്കാൻ അജിത്തിന്റെ 'ആറ്റിറ്റ്യൂഡ് ഓഫ് ഗ്രാറ്റിറ്റ്യൂഡ്' എന്ന കഥയ്ക്കാവുന്നു. വൈകാരിക ഭാവപദങ്ങളുടെ ചുഴലിക്കാറ്റാണ് ഈ കഥയെ ശ്രദ്ധിപ്പിക്കുന്നത്. ■

www.malankaralibrary.com

# ജയ് ഭീം



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

ചരിത്രത്തിന്റെ ഏടുകളിൽനിന്ന് ഒരു സംഭവകഥയെടുത്ത്, സത്യത്തിന്റെയും നീതിയുടെയും അന്തിമവിജയം ആഘോഷിക്കുന്ന ചിത്രമാണ് 'ജയ് ഭീം'. ചരിത്രത്തിൽ ഈ കഥയിലെ പ്രധാന കഥാപാത്രം ആദിവാസികൾക്കും ദലിതർക്കും വേണ്ടി നിയമയുദ്ധത്തിലൂടെ പോരാടിയ ജസ്റ്റിസ് കെ. ചന്ദ്രു ആയിരുന്നു. എന്നാൽ 'ജയ് ഭീം' സിനിമയിൽ മനസ്സിൽ പതിയുന്നത് ശെങ്കനി (ലിജോമോൾ ജോസ്), അവളുടെ ഭർത്താവ് രാജകണ്ണ് (മണികണ്ഠൻ), ഇരുളർക്കും ദലിതർക്കും പാവപ്പെട്ടവർക്കുംവേണ്ടി ഫീസ് വാങ്ങാതെ കേസ് വാദിച്ച് ജയിക്കുന്ന വക്കീൽ ചന്ദ്രു (സൂര്യ), പൊലീസ് മുറയുടെയും ഉയർന്ന ജാതിക്കാരുടെയും പീഡനങ്ങളിലൊന്നും തളരാതെ പോരാടി പിടിച്ചുനിൽക്കുന്ന ഇരുള ഗ്രാമത്തിലെ പാവം ജനങ്ങളുമാണ്.

സൂപ്പർസ്റ്റാർ സൂര്യയുടെ പതിവ് സൂപ്പർഹിറ്റ് ചിത്രമായല്ല പ്രേക്ഷകരും പൊതുസമൂഹവും ഈ ചിത്രത്തെ സ്വീകരിച്ചത്. തമിഴ് സിനിമയിൽ ഒരു പൊളിച്ചെഴുത്തിന്റെ ശബ്ദമായാണ് ചിത്രത്തിന്റെ പ്രമേയവും ധീരമായ ചിത്രീകരണവും.

തമിഴ് സംസ്കാരത്തിലും അനുദിന ജീവിതസാഹചര്യങ്ങളിലും ജാതി എത്രമാത്രം ക്രൂരമായ യാഥാർത്ഥ്യമാണ് എന്നും കീഴ്ജാതിക്കാരായി കണക്കാ



താ സെ ഗണവേൽ സംവിധാനം ചെയ്ത 'ജയ് ഭീം' സിനിമയുടെ അവലോകനം. സൂര്യ, പ്രകാശ് രാജ്, മണികണ്ഠൻ, ലിജിമോൾ ജോസ്, രജിഷ വിജയൻ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

www.malankaralibrary.com

ക്കപ്പെടുന്നവരുടെ ജീവിതം എത്രയും ദുസ്സഹമാണെന്നും ചിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു. ഈയൊരു ചിത്രംകൊണ്ട് സമൂഹത്തിൽ കീഴാളർ അനുഭവിക്കുന്ന അനീതികളും അസമത്വങ്ങളും ഉയർന്ന ജാതിക്കാരിൽനിന്നും നേരിടുന്ന ഹീനമായ പെരുമാറ്റങ്ങളും മാറ്റിമറിക്കാൻ കഴിഞ്ഞോ എന്ന് ചോദിക്കുന്നതിൽ അർഥമില്ല. ഒന്നുറപ്പാണ്, യാഥാർഥ്യങ്ങളിലേക്ക്, പ്രത്യേകിച്ച് ഭരണകൂടം കൂടി പ്രതിയാകുന്ന നീതിനിഷേധങ്ങളുടെ ഉള്ളറകളിലേക്ക് വെളിച്ചം വീശി നമ്മുടെ കണ്ണ് തുറപ്പിക്കാൻ ഈ ചിത്രത്തിന് തീർച്ചയായും കഴിയുന്നുണ്ട്.

മുഖ്യധാരാ തമിഴ് സിനിമകളിൽനിന്ന് വളരെ വ്യത്യസ്തമായി ഈ സിനിമ സ്വീകരിക്കുന്ന സമീപനം തിരിച്ചറിയാൻ സിനിമയിലെ ആദ്യ സീൻതന്നെ മതി. പരസ്യമായി ജാതി പറഞ്ഞാൽ, ആ വ്യവസ്ഥിതിയെ വിമർശിച്ചാൽ തിയേറ്ററിൽ കളക്ഷൻ കുറയും എന്നതുകൊണ്ടാണല്ലോ പണ്ടുമുതലേ ഹിന്ദി സിനിമകളും പ്രാദേശിക ഭാഷാചിത്രങ്ങളും നായികനായകന്മാരെ ജാതിപ്പേരുകളില്ലാതെ എല്ലാവർക്കും സ്വീകാര്യരായി അവതരിപ്പിക്കാറ്. പക്ഷെ 'ജയ് ഭീം' ചിത്രം തുടങ്ങുന്നതുതന്നെ ഒരു പൊലീസ് വാനിൽനിന്ന് പുറത്തിറക്കുന്ന റിമാൻഡ് തടവുകാരെ ജാതി ചോദിച്ചു മാറ്റി നിർത്തുകയോ വീട്ടിലേക്കു പോകാൻ അനുവദിക്കുകയോ ചെയ്യുന്ന സീനിൽ ആണ്.

കീഴാളരുടെ ജീവിതവും അവരുടെ കഷ്ടപ്പാടും നീതി നിഷേധവും ചിത്രീകരിച്ചുകൊണ്ട് തുടങ്ങുന്ന ഈ ചിത്രം ഒരു കോർട്ട് ഡ്രാമ വിഭാഗത്തിൽപ്പെടുന്ന ശക്തമായ ഒരു സിനിമയായി മാറുന്നുണ്ട്. കേസ് കൃത്യമായി പഠിച്ചു എതിർവിഭാഗത്തെ നിഷ്പ്രഭമാക്കുംവിധം വാദിച്ച് ഓരോ വിസ്താരവേളയിലും രാജകണ്ണിന്റെ തിരോധാനത്തിന് പിന്നിൽ പൊലീസ് ഉണ്ടാക്കിയ കള്ളങ്ങളും നാടകങ്ങളും പുറത്തുകൊണ്ടുവരുന്നതിൽ ചന്ദ്രു വിജയിക്കുന്നു. ചന്ദ്രുവിന്റെ ആത്മാർഥത തിരിച്ചറിഞ്ഞ് നീതിയും ന്യായവും അയാൾ പ്രതിനിധീകരിക്കുന്ന ശെങ്കനിയുടെ ഭാഗത്താണെന്ന് കോടതിക്ക് ബോധ്യം വന്നതുകൊണ്ട് ഓരോ വിസ്താരത്തിന്റെ അന്ത്യത്തിലും ജഡ്ജികൾ പ്രസ്താവിക്കുന്ന തീർപ്പുകൾ ചന്ദ്രുവിന്റെ പക്ഷത്തിന് വിജയം ഉറപ്പാക്കുന്നു.

കോർട്ട് ഡ്രാമയുടെ അന്ത്യത്തിൽ നീതി വിജയിക്കും എന്നൊരു ശുഭപ്രതീക്ഷ നമ്മളൊക്കെ പുലർത്തുന്നുണ്ട്. യഥാർഥ ചരിത്രസംഭവവും നമ്മോടു പറഞ്ഞുതരുന്നത് അതുതന്നെയാണ്. കഥയിൽ നീതിയുടെ അന്തിമവിജയം, അതിലൂടെ രാജകണ്ണിന്റെ മരണം എന്ന ദുഃഖസത്യത്തിനിടയിലും അതിന്റെ വ്യഥയനുഭവിക്കുമ്പോഴും ശെങ്കനിക്കും കുടുംബത്തിനും ലഭിക്കുന്ന ആശ്വാസം; ഇതെല്ലം പ്രധാനം തന്നെ. പക്ഷെ, ചിത്രത്തിന്റെ മനോഹാരിത ഏറ്റവും വർധിപ്പിക്കുന്ന രംഗം കേസ് തങ്ങൾക്കു അനുകൂലമായി തിരിക്കാൻവേണ്ടി ശ്ശെങ്കനിക്ക് പണം കൊടുത്ത് സ്വാധീനിക്കാൻ ഏറ്റവും ഉയർന്ന പൊലീസ് മേധാവി ശ്രമിക്കുമ്പോൾ വിദ്യഭ്യാസമോ സമൂഹത്തിൽ ഉയർന്ന സ്ഥാനമോ ഒന്നും ഇല്ലെങ്കിലും അധികാരത്തിനും ഭീഷണിക്കും മുൻപിൽ തല കുനിക്കാൻ ഒരുക്കമല്ലാത്ത ആ സ്ത്രീ പറയുന്ന മറുപടിയാണ്. ചിത്രത്തിലെ സുപ്രധാന മുഹൂർത്തം തന്നെയാണ് അത്. 'എന്റെ ഭർത്താവിന്റെ കൊലയാളികൾ തരുന്ന പണം ഞാൻ കൈകൊണ്ട് തൊട്ടാൽ അദ്ദേഹത്തിന്റെ ആത്മാവിനോട് ചെയ്യുന്ന അപരാധമാകും.' ഇതുപോലെതന്നെ കണ്ണുകളെ ഈറനണിയിക്കുന്ന മറ്റൊരു രംഗം വക്കീൽ ഫീസ് ആയി തരാൻ കാശൊന്നും കൈയിൽ ഇല്ല എന്ന് ശെങ്കനി പറയുമ്പോൾ ചന്ദ്രു പറയുന്ന മറുപടിയാണ്: 'കാശ് ആണോ കാര്യം? ജീവിതത്തിൽ ഏറ്റവും പ്രധാനം ഓരോ മനുഷ്യനും അവനവന്റെ കഴിവ് എന്തിനായി ഉപയോഗിക്കുന്നു എന്നതാണ്. വക്കീൽ എന്ന നിലയിൽ പാവങ്ങൾക്കു വേണ്ടി നീതി നേടിയെടുക്കാൻ എന്റെ ജീവിതം നീക്കിവയ്ക്കുമ്പോൾ എനിക്ക് അതിൽനിന്നുകിട്ടുന്ന സംതൃപ്തിക്കടുത്തൊന്നും പണം വരില്ല.'

ചിത്രത്തിന്റെ തിരക്കഥയിലും സംവിധാനത്തിലും അവതരണത്തിലും സംവിധായകനും സംഘവും പുലർത്തുന്ന ധീരതയും സത്യസന്ധതയും മികവുറ്റതാണ്. ചിത്രാന്ത്യത്തിൽ നമ്മുടെ മനസ്സിൽ നിറയുന്ന സന്തോഷം ശെങ്കനിയുടെ ഒറ്റയാൾ പോരാട്ടം അന്തിമ വിജയം കണ്ടതിലുള്ള സംതൃപ്തി മാത്രമല്ല; ജാതിയുടെ പേരിലും മതസമുദായങ്ങളുടെ ചേരിതിരിവുകളുടെ പേരിലും സമൂഹത്തിന്റെ നീതിബോധവും സംതുലനവും നഷ്ടപ്പെടുന്ന ഒരു കാലത്ത് ചന്ദ്രു വക്കീലിനെപ്പോലെ നിസ്വാർഥരും ധീരരുമായ മനുഷ്യസ്നേഹികൾ നമുക്ക് വീണ്ടും മനുഷ്യനന്മയിൽ പ്രതീക്ഷ അർപ്പിക്കാൻ പ്രേരണ നൽകുന്നു. ഇങ്ങനെ എല്ലാം തുറന്ന് മുഖത്തടിച്ചതുപോലെ പറഞ്ഞുവയ്ക്കുന്ന ചിത്രമായിട്ടും 'ജയ് ഭീം' എന്ന സിനിമക്ക് സമൂഹത്തിലെ അനീതികളേയും ഉച്ചനീചത്വങ്ങളേയും ഒറ്റയടിക്ക് തുടച്ചുമാറ്റാൻ കഴിയില്ല എന്ന് നമ്മൾ പ്രേക്ഷകർക്ക് അറിയാം. പക്ഷെ ഇങ്ങനെ ഒന്നോ രണ്ടോ ചിത്രങ്ങൾ മതി പ്രേക്ഷകമനസ്സുകളിൽ പ്രത്യാശയുടെ പ്രകാശം പരത്താൻ. ■

www.malankaralibrary.com

# അനാമികയുടെ ഹൃദയരാഗം

ജെ.സി. ബുക്ക്മാൻ

> സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ആധ്യാത്മികമേഖലകളിലെ പുത്തൻ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന വേദിയാണ് വായനാപംക്തി.




## വിശുദ്ധ അമ്മത്രേസ്യയെ വായിക്കുമ്പോൾ

**ഡോ. തമ്പി അറക്കൽ ocd**

കത്തോലിക്കാസഭയുടെ വേദപാരംഗതയായ ആവിലായിലെ വിശുദ്ധ അമ്മത്രേസ്യയുടെ ത്യാഗസമർപ്പിത ജീവിതത്തിന്റെ അടരുകളടർത്തി പങ്കുവയ്ക്കുകയാണ് ഈ ചെറുഗ്രന്ഥം. സപ്തവർണങ്ങൾ പോലെ ഏഴു ശീർഷകങ്ങളായി ഈ സാർവഭൗമ വിദൂഷിണിയുടെ ആത്മകഥയെ പുനർവായന നടത്തി രേഖിതമാക്കിയിരിക്കുകയാണ് ഗ്രന്ഥകാരൻ. ആഴമാർന്ന വായനയുടെയും പഠനത്തിന്റെയും പരിണതഫലമായി പിറവികൊണ്ടൊരു സമാഹാരമാണിതെന്നും ഏതൊരു വായനക്കാരനും ബോധ്യപ്പെടും. അത്രയ്ക്കേറെ സൂക്ഷ്മതയോടെയാണ് 'വിശുദ്ധ അമ്മത്രേസ്യയെ വായിക്കുമ്പോൾ' എന്ന ഗ്രന്ഥം രചിച്ചിരിക്കുന്നത്. വിശുദ്ധയുടെ ആഴമാർന്ന ആധ്യാത്മികാനുഭവങ്ങളെ ഹൃദയത്തിൽ പതിപ്പിക്കുമാറാണ് രേഖിതമാക്കിയിരിക്കുന്നത്.

ആനുകാലിക സംഭവങ്ങളുമായി സമരസപ്പെടുത്തിക്കൊണ്ട് ഈ വേദപാരംഗതയെ നവസമൂഹത്തിനുമുന്നിൽ പരിചിതമാക്കുമ്പോൾ മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു തലമുറയ്ക്ക് ഇതൊരു സെർച്ച് ലൈറ്റായിരിക്കും. തിരുസഭയുടെ ഈ വിശ്വസ്തപുത്രിയുടെ തെരേസിയൻ ആത്മീയതയുടെ സിദ്ധികൾ വർത്തമാനകാലത്തിൽ ഏറെ പ്രസക്തമാണെന്ന് വായനാനുഭവം പകർന്നുതരുന്നുണ്ട്.

*പേജ് 114, വില - ₹ 60/-, ജ്യോതിർധർമ്മ പബ്ലിക്കേഷൻസ് കളമശ്ശേരി, കോപ്പികൾക്ക് - 9947219987*




## അനാമിക

**ദിപി ഡിജു**

പേരുപറയാൻ പാടില്ലാത്തതിന്റെ കഥയും ജീവിതവും നെയ്തൊടുത്തൊരു അക്ഷരകൂട്ടാണ് 'അനാമിക.' ഈ കഥാസമാഹാരത്തിലെ ജീവിതങ്ങൾക്ക് കഥയുണ്ട്. കഥകളൊക്കെ ജീവിതങ്ങളുമാണ്. ഇതിൽ അനുഭവങ്ങളുടെ ആത്മാംശം നുരഞ്ഞു പതയുന്നതായി കാണാം. ഭാഷയെ കിന്നരി പിടിപ്പിച്ച് അലംകൃതമാക്കി അതിഭാവുകത്വത്തിന്റെ ഒട്ടിപ്പുകളൊന്നുമില്ലാതെ സാധാരണമനുഷ്യന്റെ പച്ചയായ ജീവിതങ്ങളുടെ നേർക്കാഴ്ചയ്ക്കാണ് കഥാകാരി മുൻതൂക്കം നൽകിയിരിക്കുന്നത്. ഈ കഥക്കൂട്ടിലെ പത്തുകഥകൾക്കും ഹൃദയരാഗമുള്ളതായി അനുഭവപ്പെടും. അതുകൊണ്ടുതന്നെ ഒരു ദശപുഷ്പത്തിന്റെ മഹിമ അനാമികയ്ക്ക് സ്വന്തം.

ഭാവനയുടെ ചുറ്റിക്കെട്ടലുകളൊന്നുമില്ലാതെ ഓരോ കഥാപാത്രങ്ങൾക്കും ജീവൻ നൽകിയിരിക്കുന്നതിനാൽ ഈ കഥാപാത്രങ്ങളൊക്കെ നമ്മിലും നമ്മുടെ ചുറ്റുപാടിലുമുള്ള ആരൊക്കെയാണെന്ന ബോധ്യം നമുക്ക് പകർന്നു തരുന്നുണ്ട്. സ്ത്രീശക്തീകരണം ഘോരഘോരം പ്രസംഗിക്കുന്നിടത്ത് ദിപി ഡിജു തന്റെ കഥാപാത്രങ്ങളിലൂടെ ഉൾക്കരുത്തുള്ള സ്ത്രീ കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. ഈ ചെറു കഥാസമാഹാരം വായനക്കാരന്റെ മനസ്സിൽ ഒരു 'കനലെരിയൽ' അനുഭവമുണ്ടാക്കും.

*പേജ് 50, വില- ₹ 99/-, ഗ്രാന്റ് ബുക്സ്, കോട്ടയം , കോപ്പികൾക്ക് - 9846173395*

www.malankaralibrary.com



# Guide to Marriage

## വിവാഹാലോചനകൾക്ക് ഒരു വഴികാട്ടി



# ബെത്‌ലെഹം മാട്രിമോണിയൽ

അവതരിപ്പിക്കുന്ന മലയാളം ഓഡിയോ ബുക്ക്



Written and Narrated by
George Kadankavil,
Director, Bethlehem Matrimonial

കേൾക്കുവാൻ
സ്കാൻ ചെയ്യുക

92493 92518, 94465 66760 support@bethlehemmatrimonial.com

Bethlehem Matrimonial.com

Follow us @

www.malankaralibrary.com

# Bodhini

## THE SCHOOL OF CHRISTIAN MEDITATION

OCD Fathers, Vythiri, Wayanad, Kerala – 673 576

## Programmes 2022

### 8-MONTH MINDFULNESS BASED FORMATORS' COURSE INTENSIVE [MBFCI]

Bodhini, a home for Christian mindfulness meditation, teaching and practice offers an 8 -month mindfulness-based course for Formators to become effective spiritual resource personnel. MBFCI provides Hands-On Training that incorporates mindfulness into everyday life, which helps one to explore oneself, and to activate the qualities that make one an authentic guide, alive and engaged.

This course is also helpful and open for those who do not intend to be in formation intervention directly, but have other spiritual interests in the topics such as Christian Mindfulness meditation, mental prayer, Lectio Divina, mystical reading of the Bible, Discernment etc. **[Date: 25 April 2022 – 30 December 2022]**

### 6-MONTH MINDFUL-CONTEMPLATIVE EXPERIENTIAL LEARNING PROGRAMME [MCELP]

This highly beneficial mindful-meditation training course [MCELP] will offer Biblical evidence-based tools, practices, and resources to prime your body and mind: to feel more focused, to encounter challenging situations, to nourish your relationships, to ever maintain a peaceful and committed life.

MCELP is offered to the providers and recipients of religious formation, community animators, spiritual directors, for sabbaticals and all those who recognize the great necessity of being initiated into mindful-contemplative practice for one's own life, inspire others and help them to improve their lives in meaningful ways. **[Date: 20 March 2022 – 20 September 2022]**

### MINDFULNESS MEDITATION FOR JUBILARIANS

Here is a one-month mindful practice where you will be equipped with tools to prioritize and pay attention to what's going on within and around you, not to regret your past life but by rewiring your brain, unlock your creativity and boost your performance in an age of increasing chaos and uncertainties of life. This is a special programme for silver and golden Jubilarians to revitalize themselves through Mindfulness and Meditation **[Date: 25 April 2022 – 25 May 2022]**

### 4-WEEK MINDFUL-CONTEMPLATIVE RETREAT (MCR)

MCR is an in-depth spiritual journey through the Scriptures. If you are searching for a contemplative retreat, then, you have come to the right one. **[Date: 1 February 2022– 28 February 2022, 3 July – 31 July 2022]**

### 4-WEEK MINDFUL ENCOUNTERING OF CHRIST IN THE SCRIPTURE (MECS)

MECS is designed to teach the participants to read the translation of the meaning of the Bible for the transformation of life. **[Date: 3 March – 31 March 2022, 3 December – 31 December 2022]**


### 8-WEEK COURSE ON CHRISTIAN MINDFULNESS MEDITATION (CCMM)

CCMM is an intensive training, designed for those who are seriously seeking God in prayer and interested in the science behind mental (silent) prayer. **[Date:3 October – 29 November 2022]**

REGISTER NOW

*Contact* :
**DR. JAMES MANTHRA OCD**
**Mob. 7994950756, Email: eremo40@gmail.com**
**Website: www. meditazione. co. in**

www.malankaralibrary.com



Date of Publication: 13.12.2021 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 76**

www.malankaralibrary.com

" ക്ലേശകാലത്ത് അവിടുന്നു തന്റെ ആലയത്തിൽ എനിക്ക് അഭയം നല്കും;
തന്റെ കൂടാരത്തിനുള്ളിൽ എന്നെ ഒളിപ്പിക്കും;
എന്നെ ഉയർന്ന പാറമേൽ നിറുത്തും" (സങ്കീ 27:5).



വൈപ്പിൻകരയിലെ
സുപ്രസിദ്ധ തീർത്ഥാടന
കേന്ദ്രമായ
**മാനാട്ടുപറമ്പ്**
**തിരുഹൃദയ**
ദൈവാലയത്തിൽ

2022 ജനുവരി 7 വെള്ളി

# തിരുഹൃദയതിരുനാൾ

2022 ജനുവരി 9 ഞായർ മുതൽ 13 വ്യാഴംവരെ
വൈകിട്ട് 5 മുതൽ 9 വരെ

## വൈപ്പിൻ ബൈബിൾ കൺവെൻഷൻ

Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Editor : Fr. Joy Chencheril